PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

THIRD SESSION—1951

Wednesday, *the 28th March 1951*

Vol. III] OFFICIAL REPORT [No. 15

The Assembly met in the Legislative Chamber, Trivandrum, at Eleven of the Clock on Wednesday, the 28th March 1951, with Mr. Speaker in the Chair.

QUESTIONS AND ANSWERS

(The number within brackets indicates the number in the list of admitted questions for the day).

Oral Answers

COCHIN FOREST EXECUTIVE STAFF ASSOCIATION

***1129.** [1] **Sri. T. P. Sitaraman:** Will the Hon'ble Minister for Forests be pleased to state.—

(*a*) has the Government received any representation from the Cochin Forest Executive Staff Association;

(*b*) what are their grievances; and

(*c*) what steps the Government have taken to remedy them?

Chief Minister **(Sri. C. Kesavan):**

(*a*) Yes.

(*b*) That the orders passed on the reorganisation of the Forest Department are unsatisfactory and that the scales of pay are inadequate, etc.

(*c*) It is under the consideration of Government.

ശ്രീ. ടി. പി. സീതാരാമൻ: കൊച്ചിയിൽ ൪൦ മുതൽ ൬൦ വരെ രൂപ ശമ്പളസ്കെയിലിൽ ഇരുന്ന ഫോറസ്റ്റർമാരുടെ ശമ്പളം ഇപ്പോൾ ൨൫-൪൦ ആയി കുറച്ച വിവരം അറിയാമോ?

ശ്രീ. സി. കേശവൻ: അതിനെപ്പററിയുള്ള പൂർണ്ണവിവരങ്ങൾ എനിക്കറിഞ്ഞുകൂടാ.

ശ്രീ. ടി. പി. സീതാരാമൻ. സംയോജനത്തിനുമുമ്പായി ഫോറസ്റ്റർമാർക്ക് കിട്ടിക്കൊണ്ടിരുന്ന ശമ്പളം ഇന്ന് അവർക്ക് കിട്ടുന്നില്ലെന്നറിയാമോ?

ശ്രീ. സി. കേശവൻ: അറിഞ്ഞുകൂടാ.

ശ്രീ. ടി പി. സീതാരാമൻ: സംയോജനകാര്യത്തിൽ അവർ പ്രതികൂലകക്ഷികളാണെന്ന് ഗവമ്മെൻറിന് ബോദ്ധ്യമായിട്ടുണ്ടോ?

ശ്രീ. സി: കേശവൻ: സംയോജന കാര്യത്തിൽ അവർ പ്രതികൂലികളാണെന്ന് ബോദ്ധ്യമായിട്ടില്ല.

ശ്രീ. ഇട്ടീര അയ്യൂക്കൻ: റെപ്രസന്റേഷൻ കിട്ടിയതനുസരിച്ച് ഗവമ്മെൻറ് വേണ്ട നടപടി കൈക്കൊള്ളുമോ?

ശ്രീ. സി. കേശവൻ: ആ കാര്യം ആലോചനയിലിരിക്കുകയാണ്.

റേഞ്ചർ പരിശീലനം

*൧൧൩൦. (൨) ശ്രീ. ടി. പി. സീതാരാമൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:—

(എ) ൧൯൪൮-൫൦-ൽ കൊച്ചിയിൽനിന്നും തിരുവിതാംകൂറിൽനിന്നും റേഞ്ചേഴ്സ് കോഴ്സിന് എത്രപേരെ കോയമ്പത്തൂർക്ക് അയച്ചിട്ടുണ്ടെന്ന് പറയാമോ;

(ബി) പാസായിട്ടുള്ളവർക്ക് എപ്പോൾ, ആർക്കെല്ലാം ജോലി കൊടുത്തിട്ടുണ്ട്;

(സി) ഇവർ ഓരോരുത്തരിൽനിന്നും എത്രസംഖ്യ ഗവമ്മെൻറിൽ അടച്ചിട്ടുണ്ട്;

(ഡി) എന്തുസംഖ്യ ഇവർക്കു മടക്കി കൊടുത്തിട്ടുണ്ട്?

(ഇ) ഇവർക്ക് സർക്കാർ ജോലി കൊടുപ്പാൻ ഗവമ്മെൻറ് കടമപ്പെട്ടിട്ടുണ്ടോ;

(എഫ്) ജോലിയിൽ പ്രവേശിപ്പിക്കുവാനുള്ള താമസത്തിനുള്ള കാരണമെന്ത്?

ചീഫ്മിനിസ്റ്റർ ശ്രീ (സി. കേശവൻ): (എ) ൧൯൪൮-൫൦-ൽ റെയിഞ്ചേഴ്സ് കോഴ്സിന് കൊച്ചിയിൽനിന്നും കുര്യൻ അക്കര, വി. കെ. രാമചന്ദ്രൻ ടി. കൃഷ്ണൻകുട്ടിമേനോൻ എന്നിമൂന്നുപേരേയും, തിരുവിതാംകൂറിൽ നിന്ന് പി. എസ്. നാഗൂർ മീരാൻ റാവുത്തർ, പി. എം. എബ്രഹാം, വി. ആർ. കൃഷ്ണൻനായർ, കെ. ധർമ്മപാലൻ എന്നീ നാലുപേരേയുംകൂടി ആകെ ഏഴുപേരെ കോയമ്പത്തൂർക്ക് അയച്ചിട്ടുണ്ട്.

(ബി) എല്ലാവരും പാസായിട്ടുണ്ട്. എല്ലാവരേയും ൮൦ രൂപാ നിശ്ചിത ശമ്പളത്തിൽ പ്രൊബേഷണറി റെയിഞ്ചറന്മാരായി ൨൧-൧൨-൧൯൫൦-ലെ ൨൮൮-ാം നമ്പർ സർവ്വീസ് ആർഡർപ്രകാരം നിയമിച്ചിട്ടുണ്ട്.

(സി) തിരുവിതാംകൂറിൽനിന്ന് അയച്ച നാലുപേർക്ക് ഗവമ്മെൻറ് ചിലവാണ്. ആകെ. രൂപ ൨൪,൬൨൬ അണ ൯ പൈസ ൧൦ ചിലവായിട്ടുണ്ട്. കൊച്ചിയിൽ നിന്നുമുള്ള മൂന്നുപേർ സ്വന്തം ചിലവിലാണ് പോയിട്ടുള്ളതു്. അവർ ആകെ രൂപ ൧൯൬൨-൦-൦ അടച്ചിട്ടുണ്ട്. അതിൽ ആകെ ചിലവ് ൧൮,൯൬൪-൧-൪ ആണ്.

(ഡി) ബാക്കി ൬൫൦ രൂപ ൧൪ അണ ൮ പൈസ അവർക്ക് മടക്കി കൊടുക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്.

(ഇ) ഇല്ല.

(എഫ്) ഒഴിവുകൾ ഇല്ലാതിരുന്നതുകൊണ്ട്.

ശ്രീ. ടി. പി. സീതാരാമൻ: ഇവിടെ ഒഴിവില്ലാത്തതുകൊണ്ട് പുറത്തുപോയി ജോലിചെയ്യാൻ അനുവാദം വേണമെന്നപേക്ഷിച്ചതിൽ ആർക്കെങ്കിലും അനുവാദം കൊടുക്കാതിരുന്നിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: അതു് ഇപ്പോൾ നിശ്ചയമായി പറയാൻ നിവൃത്തിയില്ല.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: റെയിഞ്ചർ കോഴ്സിന് തിരുവിതാംകൂറിൽനിന്നും ആളുകൾ സ്വന്തം പണം ചിലവാക്കി പോകാൻ തയ്യാറുണ്ടെന്ന് അറിയാമോ?

ശ്രീ. സി. കേശവൻ: അറിയാം.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: അങ്ങനെയാണെങ്കിൽ എന്തുകൊണ്ട് ഗവണ്മെൻറ് അവരെ അയച്ചില്ല?

ശ്രീ. സി. കേശവൻ: അതിന്റെ ആവശ്യമുണ്ടെന്നു തോന്നാത്തതുകൊണ്ട്.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: റെയിഞ്ചർ കോഴ്സിന് അയക്കപ്പെടുന്നവർക്ക് എന്തെല്ലാം പരീക്ഷായോഗ്യതകൾ ഉണ്ടായിരിക്കണമെന്ന് വല്ല നിർദ്ദേശവുമുണ്ടോ?

ശ്രീ. സി. കേശവൻ: എന്തെല്ലാം പരീക്ഷായോഗ്യതകൾ ആണ് ആവശ്യമുള്ളതെന്ന് ഗസററിൽ പ്രസിദ്ധം ചെയ്തിട്ടുണ്ട്.

വനംപതിപ്പ്

* ൧൧൩൧. (൩) ശ്രീ. എം. പി. കൃഷ്ണദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട റവന്യുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ;

(എ) ൧൯൫൮ മുതൽ ആകെ എത്ര ഏക്കർ വനം കൃഷിക്ക് പതിച്ചുകൊടുത്തിട്ടുണ്ട്;

(ബി) അതിൽ പിന്നോക്ക സമുദായങ്ങൾക്ക് എത്ര ഏക്കർ നൽകിയിട്ടുണ്ട്;

(സി) അതിന്മേൽ വല്ല പരാതിയും ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എന്തുനടപടി സ്വീകരിച്ചിട്ടുണ്ട്?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി ശ്രീ. ടി. കെ. നാരായണപിള്ള: ഈ ചോദ്യത്തിന്റെ ഉത്തരം പറയാൻ തക്കവണ്ണമുള്ള പൂർണ്ണവിവരങ്ങൾ കിട്ടിയിട്ടില്ല.

ശ്രീ. ഇട്ടീര അമ്പൂക്കൻ: തങ്ങൾകുഞ്ഞു മുസലിയാർക്ക് വനത്തിൽനിന്നും ൭൦൦ ഏക്കർസ്ഥലം പതിച്ചുകൊടുത്തതായിട്ട് കുമാരി മസ്ക്രീന്റെ ഒരു പത്രപ്രസ്താവന വായിക്കാനിടയായി. അതു വാസ്തവമാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതു വാസ്തവമാണെന്ന് തോന്നുന്നില്ല.

ശ്രീ. ഇട്ടീര അമ്പൂക്കൻ: സർ, പത്രത്തിൽ കണ്ട പ്രസ്താവന വാസ്തവമായിരിക്കുമെന്നാണ് എന്റെ ധാരണ. അത് അവാസ്തവമാണെങ്കിൽ ആ വ്യാജപ്രസ്താവനയുടെ പേരിൽ ഗവണ്മെൻറ് നടപടി എടുക്കേണ്ടതാണ്.

മിസ്റ്റർ സ്പീക്കർ: അവാസ്തവ പ്രസ്താവനകളെല്ലാം നടപടിക്കു വിധേയമാക്കേണ്ട വ്യാജപ്രസ്താവനയായിരിക്കണമെന്ന് ഇല്ല. പത്രങ്ങളിൽ ശരിയായും തെററായും ചില പ്രസ്താവനകൾ കണ്ടേക്കാം. എന്നാൽ ഈ പ്രസ്താവന വ്യാജമായ ഒരു പ്രസ്താവനയാണെന്ന് ബഹുമാനപ്പെട്ട മെമ്പർക്ക് ബോദ്ധ്യമുണ്ടെങ്കിൽ നടപടി എടുക്കാൻ ആവശ്യപ്പെടാവുന്നതാണ്.

ശ്രീ. ഇട്ടീര അമ്പൂക്കൻ: ഗവണ്മെൻറിൽനിന്നും ഉത്തരവാദത്തോടുകൂടിയാണ് മറുപടി പറയുന്നത് എന്നാണ് ഞാൻ വിശ്വസിക്കുന്നത്. ആ സ്ഥിതിക്ക് ശ്രീമതി മസ്ക്രീന്റെ പ്രസ്താവന തെററാണ്. അതായത് അത് ഒരു വ്യാജപ്രസ്താവനയാണ്.

മിസ്റ്റർ സ്പീക്കർ: തെറെറന്നും വ്യാജമെന്നും പറയുന്നത് രണ്ടാണെന്നു മെമ്പർ ധരിക്കണം. പത്രത്തിൽ കണ്ട തെററായ പ്രസ്താവനകളെല്ലാം വ്യാജമാണെന്ന് വിചാരിച്ച് നടപടിനടത്താൻ സാധിക്കയില്ല.

ശ്രീ. ഇട്ടീര അമ്പൂക്കൻ; പത്രത്തിൽ കണ്ടതിനെയാണ് ഞാൻ പറഞ്ഞത്.

കുടിപാർപ്പ്

*൧൧൩൨. (൪) ശ്രീ. എം. പി. കൃഷ്ണദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ചങ്ങനാശ്ശേരി താലൂക്കിൽ മുട്ടാർ മുതൽ കുമരംകരി വരെ അടുത്തകാലത്ത് വെട്ടിത്തീർത്ത തോടിന്റെ ഇരുവശവുമുള്ള വരമ്പുചിറകളിൽ കുടിപാർക്കുന്നതിന് സ്ഥലവാസികളായ ൨൧൨ പിന്നോക്കസമുദായാംഗങ്ങൾ ൨൧൨ കർഷകപ്രമാണികളുടെ സമ്മതത്തോടുകൂടി കൈയ്യൊപ്പിട്ടയച്ച ഒരു മെമ്മോറാണ്ടം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചു?

ധനകാര്യവും, റവന്യൂവും വകുപ്പു മന്ത്രി
(ശ്രീ. എ. ജെ. ജാൺ)

(എ) ചോദ്യത്തിൽ വിവരിക്കുന്നപോലെ ഒരു മെമ്മോറാണ്ടം ഗവൺമെന്റിന് കിട്ടിയിട്ടില്ല.

(ബി) അതനുസരിച്ച് ഈ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: ഈ സ്ഥലങ്ങൾ കുടിപാർപ്പിനു കിട്ടണമെന്നു കാണിച്ച് പിന്നോക്കസമുദായക്കാരിൽ ആരുടെയെങ്കിലും അപേക്ഷ കിട്ടിയിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: അതു് ഞാൻ മുമ്പ് പറഞ്ഞുകഴിഞ്ഞു. ഇങ്ങനെയുള്ള അപേക്ഷകളോ മെമ്മോറാണ്ടങ്ങളോ വന്നിട്ടുണ്ടോയെന്നു് പല സെക്ഷനിലും അന്വേഷിച്ചതിന്റെ ഫലമായിട്ടാണ് ഇല്ലായെന്നു് ഉത്തരം പറഞ്ഞതു്.

ശ്രീ. ടി. വി. ദേവൻ: ആ സ്ഥലത്തു് പിന്നോക്കസമുദായക്കാരുടെ ൨൦൦ കുടുംബങ്ങൾവരെ താമസമുണ്ടെന്നറിയാമോ?

ശ്രീ. എ. ജെ. ജോൺ: കാണുമായിരിക്കാം.

ശ്രീ. ടി. വി. ദേവൻ: അവരെ ഒരുതരത്തിലും ഉപദ്രവിക്കാതിരിക്കാൻ ദയവുണ്ടാകുമോ?

ശ്രീ. എ. ജെ. ജാൺ: പുറമ്പോക്ക സ്ഥലങ്ങളിലാണ് അവർ താമസിക്കുന്നതെങ്കിൽ അവരെ ഒഴിപ്പിക്കാതിരിക്കാൻ സാധിക്കുമെന്നു് തോന്നുന്നില്ല.

PRICE OF PADDY

*1133 [5] **Sri. D. Gnanasigamoni:** Will the Hon'ble Minister for Food and Civil Supplies be pleased to state:

(*a*) whether Government have considered any proposal to increase the price of paddy; and

(*b*) if so, to what extent?

Minister for Education, Food and Labour **(Sri. T. K. Narayana Pillai):** Attention is invited to the Press Note dated 7th March 1951.

Sri. D. Gnanasigamoni: Do the Government still think that the present price of paddy at the rate of Rs. 1/13/6 per para is economical from the point of view of the cultivator?

Mr. Speaker: That is a matter of opinion.

ശ്രീ. ടി. കെ. നാരായണപിള്ള: ഗവമെൻറ് പ്രസ്സ്നോട്ടിൽ യഥാർത്ഥ കൃഷിക്കാരന് ഒരു പറ നെല്ലിനു ൪ അണാവീതം സബ്സിഡി കൊടുക്കണ മെന്ന് പറഞ്ഞിട്ടുണ്ട്. അങ്ങനെ കൊടുക്കുന്നതു് കൃഷകൻെറ ആശ്വാസത്തിനും കൃഷിയുടെ പ്രോത്സാഹനത്തിനും വേണ്ടിയാണ്.

Sri. D. Gnanasigamoni: May I know whether in the Government Press Note regarding the levy system Government have made a statement that they are considering a proposal to raise the price of paddy?

ശ്രീ. ടി. കെ. നാരായണപിള്ള: ആ സംഗതിയെപ്പററി ആലോചിച്ച പ്പോഴും നെല്ലിൻെറ വില കൂട്ടേണ്ട ആവശ്യമില്ലെന്നും അതിനു പകരം മന്ത്രിവർ ഇനത്തിൽ പറ ഒന്നിന് ൪ അണവീതം സബ്സിഡി കൊടുത്താൽ മതിയെ ന്നും അവസാനമായി തീരുമാനിച്ചു.

Sri. D. Gnanasigamoni: So am I to understand that the Government have finally taken a decision not to increase the price of paddy?

ശ്രീ. ടി. കെ. നാരായണപിള്ള: മിക്കവാറും അങ്ങനെയാണ് ഉദ്ദേശി ച്ചിരിക്കുന്നതു്.

Sri. P. S. Nataraja Pillai: May I know on what basis this Rs.1/13/6 was fixed?

ശ്രീ. ടി. കെ. നാരായണപിള്ള: കൃഷകൻെറ ആശ്വാസത്തെ അടിസ്ഥാ നപ്പെടുത്തിയാണ് ഈ റേററ് നിശ്ചയിച്ചതു്.

ശ്രീ. ടി. പി. സീതാരാമൻ: എന്നുമുതൽക്കാണ് ഈ സബ്സിഡി നട പ്പിൽ വരുന്നതെന്ന് പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: നടപ്പിൽ വരുന്നതു് ഈ നെല്ലെടുപ്പ് സീസൺ മുതൽക്കാണ്.

ശ്രീ. ടി. പി. സീതാരാമൻ: കൃഷകന് ഈ സമ്പ്രദായമനുസരിച്ച് വളം സൌജന്യനിരക്കിൽ കിട്ടുമെന്നാണോ പറയുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള: സബ്സിഡിയായി കൊടുക്കുന്നതുകയ്ക്ക് വളം കൊടുക്കുമെന്നല്ലാ അർത്ഥമാക്കേണ്ടതു്. ഒരു പറ നെല്ലിന് ൪ അണ വീതം സബ്സിഡിയുള്ളതു് വളത്തിൽ കുറവുചെയ്യുകയല്ലാ, അതു് കൈയിൽ കൊടുക്കുകയാണ്.

ശ്രീ. ടി. പി. സീതാരാമൻ: അങ്ങനെ സബ്സിഡി കൊടുക്കുന്നതു് ഏതു മാസം മുതല്ക്കാണെന്ന് പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള. അതിന് ഉത്തരം പറഞ്ഞുകഴിഞ്ഞു.

Sri. Elias Mary Antony: Had the Government in view the cost of production when they fixed the price?

ശ്രീ. ടി. കെ. നാരായണപിള്ള: ഉണ്ട്. ഉൽപ്പാദനച്ചിലവുകൂടി അടി സ്ഥാനമാക്കിയാണ് ഈ ൪ അണ സബ്സിഡിയായി വച്ചിരിക്കുന്നതു്.

Sri. Elias Mary Antoni: Do the Government think that the cost of production in all the areas is the same?

Sri T. K. Narayana Pillai: It will vary from place to place.

Sri. Elias Mary Antony: Would the Government be pleased to make alterations in the rates of prices then?

Sri. T. K. Narayana Pillai: I have already answered that.

ശ്രീ. ഇട്ടീര അമ്പുക്കൻ: ൪ അണ സബ്സിഡി വച്ചിരിക്കുന്നതു് കൃഷി ക്കാരനും ഉടമസ്ഥനും കിട്ടുമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ചിലപ്പോൾ കൃഷിക്കാരനും ചിലപ്പോൾ ഉടമസ്ഥനും കിട്ടും. അതായത് നെല്ല് കൊടുക്കുന്ന ആൾക്ക് അതിനുള്ള അവകാശമുണ്ടെങ്കിൽ കിട്ടുന്നതായിരിക്കും.

ശ്രീ. എ. കെ. പാച്ചുപിള്ള: ഈ സബ്സിഡി ഇനത്തിൽ ആകെ എത്ര ചിലവുണ്ടാകുമെന്ന് കണക്കെടുത്തിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ൧൦ ലക്ഷം രൂപായിൽ കൂടുതൽ ചിലവ് വരും.

അഞ്ചൽ കാർഡിന്റെ വില

*൧൧൩൪ (൬) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട അഞ്ചൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

അഞ്ചൽ കാർഡിന്റെ വില കൂട്ടുന്നതുകൊണ്ട് പ്രതിവർഷം എത്ര ആദായം കൂടുതൽ കിട്ടുമെന്നാണ് ഗവമ്മെന്റിന്റെ പ്രതീക്ഷ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ): ഈ ചോദ്യം സംബന്ധിച്ച് പറയാനുള്ള സംഗതികൾ മുഴുവനും മറ്റൊരു ചോദ്യത്തിനുത്തരമായി കഴിഞ്ഞ ദിവസം അസംബ്ലിയിൽ പ്രസ്താവിച്ചിട്ടുണ്ട്. അതിൽ കൂടുതലായി ഇപ്പോൾ ഒന്നും ഈ ചോദ്യത്തിനെപ്പററി പറയാനില്ല. കൂടുതൽ വിവരങ്ങൾ പറയാൻ തക്കവണ്ണം ലഭ്യമായിട്ടുമില്ല.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: പൊതുജനങ്ങളുടെ അഭിപ്രായം കാർഡിന് വിലകൂട്ടാൻ പാടില്ലെന്നാണ്. ആ വിവരം ഇന്ത്യാഗവമ്മെന്റിനെ അറിയിച്ചിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: ഉണ്ട്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: അതു സംബന്ധമായി രേഖാമൂലമായ വല്ല ഉത്തരവും ഗവമ്മെന്റിന് കിട്ടിയിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: ഇല്ല.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഈ കാര്യത്തെപ്പററി ഇന്ത്യാഗവമ്മെന്റ് ഏതെങ്കിലും പ്രസ്സ്നോട്ട് ഇറക്കിയിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: പ്രസ്സ്നോട്ട് പുറപ്പെടുവിച്ചിട്ടുണ്ടോ എന്ന് ഈ ഗവമ്മെന്റിന് ഇന്നുവരെ അറിയാൻ സാധിച്ചിട്ടില്ല.

അഞ്ചലും തപാലും ആഫീസുകൾ

*൧൧൩൫ (൭) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ. താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട അഞ്ചൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

അഞ്ചലും തപാലും ഡിപ്പാർട്ടുമെന്റുകൾ സംയോജിപ്പിക്കുമ്പോൾ തിരുവിതാംകൂർ-കൊച്ചിസ്റ്റേററിൽ എത്ര അഞ്ചൽ ആഫീസുകളും എത്ര പോസ്ററാഫീസുകളും നിറുത്തൽ ചെയ്യേണ്ടതായിവരും?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

ഇതിന് ഞാൻ ഇന്നലെത്തന്നെ മറുപടി പറഞ്ഞതാണ് കേന്ദ്രഗവമ്മെണ്ടിൽനിന്നും വിശദവിവരങ്ങൾ ലഭിച്ചിട്ടില്ല.

പിരിച്ചുവിടപ്പെടുന്നവർ

*൧൧൩. (വ്വ) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട അഞ്ചൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ,—

അഞ്ചലും തപാലും ഡിപ്പാർട്ടുമെണ്ടുകൾ യോജിപ്പിക്കുന്നതു നിമിത്തം എത്ര ആളുകൾക്കു ഉദ്യോഗം ഇല്ലാതാകും?

ചീഫ്മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

ഇതിൻേറയും വിശദവിവരങ്ങൾ കേന്ദ്രഗവമ്മെൻറിൽനിന്നും ലഭിച്ചിട്ടില്ല.

ശ്രീ. മാന്നാർഗോപാലൻ നായർ: സംയോജനം വരുമ്പോൾ നാൺഡിപ്പാർട്ടുമെൻറൽ അഞ്ചലാഫീസുകൾ എന്തുചെയ്യണമെന്നാണ് ഉദ്ദേശിക്കുന്നത്?

ശ്രീ. സി. കേശവൻ: അതും ഇൻഡ്യാഗവമ്മെൻറ് തീരുമാനിക്കേണ്ട ഒരു കാര്യമാണ്.

ശ്രീ. ചെറിയാൻ ജെ. കാപ്പൻ: വിശദവിവരങ്ങൾ ലഭിച്ചിട്ടില്ലെന്നു പറഞ്ഞു. എന്നാൽ എന്തെങ്കിലും വിവരം ലഭിച്ചിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: കിട്ടിയ വിവരങ്ങളെല്ലാം ഇന്നലെത്തന്നെ പ്രസ്താവിച്ചുകഴിഞ്ഞു. അതിൽപിന്നെ ഒരു വിവരവും ലഭിച്ചിട്ടില്ല. ഇപ്പോൾ ഏജൻസി ബേസിസിലാണ് നാം നടത്തിക്കൊണ്ടിരിക്കുന്നത്. വരുന്ന ഏപ്രിൽമുതൽ അതു് ഇൻഡ്യാഗവമ്മെൻറ് ഏറെറടുക്കുന്നു. അത്രമാത്രമേ ഇപ്പോൾ പറയാൻ സാധിക്കുകയുള്ളു. ഏതായാലും കഴിവുള്ളിടത്തോളം ഇപ്പോഴുള്ള അഞ്ചലാഫീസുകളെല്ലാം തുടർന്നുകൊണ്ടുപോകണമെന്നു് ഇൻഡ്യാഗവമ്മെൻറിനെ അറിയിച്ചിട്ടുണ്ട്.

ശ്രീ. കെ. എ. മാത്യു: സംയോജനം മൂലം നാൺഡിപ്പാർട്ടുമെൻറൽ അഞ്ചലാഫീസുകളിലെ മാസ്റ്റർമാർക്കു് ശമ്പളം കുറച്ചതായി അറിയാമോ?

ശ്രീ. സി. കേശവൻ: ഗവമ്മെൻറിനറിവില്ല.

ശ്രീ. എ. കെ. പാച്ചുപിള്ള: സംയോജനം കാരണം ഇവിടെയുള്ള അഞ്ചലാഫീസുകളിലുള്ളവർക്കു് വെളിയിൽപോയി ജോലിചെയ്യേണ്ടി വന്നേക്കുമോ?

ശ്രീ. സി. കേശവൻ: പക്ഷെവന്നേക്കാം. എന്നാൽ കഴിയുന്നതും അവരെ വെളിയിലയക്കാതിരിക്കാൻ നോക്കാമെന്നു് അവർ ഏററിട്ടുണ്ട്. ചിലപ്പോൾ അവർക്കു് ഉദ്യോഗംവേണമെങ്കിൽ വെളിയിൽ പോകേണ്ടിയും വരും.

ഭൂനയകമ്മിററി

*൧൧൪. (ന്) ശ്രീമതി ദേവകിഗോപിദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ലാൻഡുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ,—

(എ) ഭൂനയകമ്മിററിക്കുവേണ്ടി ആകെ എന്തു സംഖ്യ ചെലവായിട്ടുണ്ടെന്നു പറയുവാൻ ദയവുണ്ടാകുമോ;

(ബി) ഭൂനയകമ്മിററിയുടെ റിപ്പോർട്ടനുസരിച്ചു് ഗവമ്മെൻറിൽ നിന്നും എന്തെങ്കിലും നടപടികൈക്കൊള്ളുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ?

നിയമവും, ധനകാര്യവും റെവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

ഈ സെഷനിൽതന്നെ ഇതിനു് രണ്ടു പ്രാവശ്യം ഉത്തരംപറഞ്ഞിട്ടുണ്ട്.

ശ്രീമതി ദേവകി ഗോപിദാസ്: (ബി) പാർട്ടിനു് ഉത്തരം പറഞ്ഞിഞ്ഞട്ടില്ല.

ശ്രീ. എ. ജെ. ജാൺ: റിപ്പോർട്ടു് ഗവമെൻറിൻെറ പര്യാലോചനയിലിരിക്കുകയാണു്.

ശ്രീ. എം. ഐ. പാഠം: ഭൂനയക്കമ്മററിയുടെ നിർദ്ദേശങ്ങൾ നടപ്പിൽ വരുത്താൻ താമസിക്കുന്നതു് നൂറം, ഇരുനൂറം, മുന്നൂറം ഏക്കർ ഭൂമി കൈവശമുള്ള വ്യക്തികളുടെ കയ്യിൽനിന്നും അതെടുക്കാൻ മനസ്സില്ലാത്തതുകൊണ്ടും, അതുപോലെതന്നെ ൨൦൦-ം, ൩൦൦-ം ഏക്കർ ഭൂമി വ്യക്തികൾക്കു് പതിച്ചുകൊടുക്കുവാൻ സാധിക്കാതെവരുമെന്നു കരുതിയിട്ടുമല്ലേ?

മിസ്റ്റർ സ്പീക്കർ: അതു് ഊഹങ്ങൾ അടിസ്ഥാനമാക്കി ചോദ്യരൂപത്തിലുള്ള ഒരു പ്രസ്താവനയാണു്, ചോദ്യമല്ല.

ശ്രീ. സബാസ്റ്റ്യൻ തോപ്പിൽ: കഴിഞ്ഞ തവണയിൽനിന്നും ഇപ്പോൾ ഉള്ള മാററത്തെ പരിഗണിച്ചു് എന്തെങ്കിലും പുതിയ നടപടി കൈക്കൊള്ളുവാൻ ആലോചനയുണ്ടോ?

ശ്രീ. എ. ജെ. ജാൺ: ഇല്ല.

Sri. D. Gnanasigamoni: May I know whether it is the intention of Government to bring in a comprehensive legislation relating to this matter?

ശ്രീ. എ. ജെ. ജാൺ: അതാണു് ഗവമെൻറിൻെറ ഉദ്ദേശം.

ശ്രീ. കണ്ണാറഗോപാലപ്പണിക്കർ: ഇതിലേക്കു് ഇൻഡ്യാഗവമെൻറിനോടു് ചോദിക്കേണ്ട ആവശ്യമുണ്ടോ?

ശ്രീ. എ. ജെ. ജാൺ: ലജിസ്ലേഷനെ സംബന്ധിച്ചാണെങ്കിൽ ആവശ്യമുണ്ടു്. അല്ലെങ്കിൽ ആവശ്യമില്ല.

ശ്രീ. കണ്ണാറ ഗോപാലപണിക്കർ: അങ്ങനെ അനുവാദം ആവശ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: ബില്ല തയാറാക്കിയില്ല. തയാറാക്കിയിട്ടു് ആവശ്യപ്പെട്ടാൽ മതിയാകും.

ശ്രീ. ഇ. ഗോപാല കൃഷ്ണമേനോൻ: ഇപ്പോഴത്തെ രാഷ്ട്രീയ പരിതഃസ്ഥിതികളെ പരിഗണിച്ചു് ഭൂനയക്കമ്മിററിയുടെ റിപ്പോർട്ടുപ്രകാരമുള്ള നിർദ്ദേശങ്ങൾ നടപ്പിൽ വരുത്താതിരിക്കാമോ?

Mr. Speaker: That is not a question.

ശ്രീ. ചെറിയാൻ ജെ. കാപ്പൻ: ബില്ലു് വേണമെന്നാണോ വേണ്ടെന്നാണോ ഗവമെൻറിൻെറ അഭിപ്രായം?

ശ്രീ. എ. ജെ. ജാൺ: റിപ്പോർട്ടു് ഗവമെൻറു് പര്യാലോചിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. ഇട്ടിര അമ്പൂക്കൻ: ഇനി ഇവിടെ വരാൻ പോകുന്നതു് സോഷ്യലിസ്ററു ഗവമെൻറാണെന്നു് മി. പട്ടം താണുപിള്ള മുതലായവർ പറയുന്ന സ്ഥിതിക്കു് ഇപ്പോഴത്തെ ഭൂനയക്കമ്മിററിയുടെ നിർദ്ദേശങ്ങൾ നടപ്പിൽ വരുത്താതിരിക്കാൻ ശ്രമിക്കുമോ?

Mr. Speaker: The question is disallowed.

Sri. D. Gnanasigamoni: Am I to understand that this Government is going back upon the assurance given to this House to bring in a Bill at an early date?

Sri. A. J. John: It is the itention of the Government to introduce a Bill as early a possible.

കാരാപ്പുഴ സക്കാർ മിഡിൽസ്കൂൾ

*൧ ൧൩൨. (൧ ൦) ശ്രീമതി ദേവകി ഗോപിദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയംമറുപടിപറയുമോ.—

(എ) കോട്ടയം കാരാപ്പുഴ സക്കാർ മിഡിൽസ്കൂളിൽ ഇപ്പോൾ എത്ര വിദ്യാർത്ഥികൾ പഠിക്കുന്നുണ്ടെന്നു പറയുമോ;

(ബി) ആ സ്കൂളിൽ എത്ര കുട്ടികൾക്ക് സ്ഥലസൗകര്യമുണ്ടെന്നു പറയാമോ;

(സി) ടി സ്കൂളിൽ കുട്ടികൾക്കു ഇരിക്കുന്നതിനു ബഞ്ച് മുതലായവ ഒട്ടും തന്നെ മതിയാകുന്നില്ലെന്നു കാണിച്ച് ഗവമ്മെൻറിലേക്കു അപേക്ഷ കിട്ടിയിട്ടുണ്ടോ? കിട്ടിയിട്ടു എത്രനാളായി;

(ഡി) അതിന്മേൽ എന്തു നടപടി നടത്തിയെന്നു പറയുവാൻ ദയവുണ്ടാകുമോ?

വിദ്യാഭ്യാസവും, ഭക്ഷ്യവും തൊഴിലും വകുപ്പുമന്ത്രി
(ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ൭ ൯൯.

(ബി) ൪൩൩.

(സി) ഇല്ല.

(ഡി) ഈ പ്രശ്നം ഉദിക്കുന്നില്ല. എന്നാൽ സ്കൂളുകളിലേയ്ക്കു് ആവശ്യമുള്ള ബഞ്ചുകൾ മുതലായ ഉപകരണങ്ങൾ ഉണ്ടാക്കുന്നതിന് വേണ്ട നടപടി എടുത്തുകഴിഞ്ഞിട്ടുണ്ട്.

ശ്രീമതി ദേവകി ഗോപിദാസ്: അപേക്ഷ കിട്ടിയിട്ടില്ലെന്ന് ശരിയായി നോക്കിയിട്ടുതന്നെയാണോ പറയുന്നത്? മി. കോശി ഡയറക്ടറായിരിക്കുമ്പോൾ കൊടുത്ത അപേക്ഷയാണ്.

ശ്രീ. ടി. കെ. നാരായണപിള്ള: ഏതായാലും ഈ ആവശ്യത്തിലേയ്ക്കു് വേണ്ടനടപടി എടുത്തു കഴിഞ്ഞിട്ടുണ്ട്. അടുത്ത സ്കൂൾവഷാരംഭത്തിനു മുമ്പ് ഈ ഉപകരണങ്ങൾ ഉണ്ടാക്കുന്ന ആവശ്യത്തിലേക്ക് വിനിയോഗിക്കാനായി രണ്ടുലക്ഷം രൂപാ അനുവദിച്ചുകഴിഞ്ഞിട്ടുണ്ട്.

Sri. D. Gnanasigamoni: Is it a new school started under the new Secondary Education Scheme?

ശ്രീ. ടി. കെ. നാരായണപിള്ള: പഴയസ്കൂളാണ്.

ശ്രീമതി ദേവകി ഗോപിദാസ്: അവിടെ സ്ഥലസൗകര്യം ഉണ്ടോ എന്നന്വേഷിച്ചിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: സ്ഥലസൗകര്യമില്ലെങ്കിൽ പരിഹാരം ഉണ്ടാക്കാം.

ശ്രീമതി ദേവകി ഗോപിദാസ്: അവിടെ ഇതുവരെ പുരപോലും കെട്ടിയിട്ടില്ലെന്നറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിനുംവേണ്ട ഏർപ്പാടു ചെയ്യുന്നതാണ്.

ശ്രീ. സി. വി. ഇട്ടു: വിദ്യാർത്ഥികളുടെ ബഞ്ചൊടിക്കൽ പ്രസ്ഥാനത്തെ തടയുന്നതിന് എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിന് പൊതുജനനേതാക്കന്മാരും പ്രവർത്തിക്കേണ്ടതായിട്ടാണിരിക്കുന്നത്.

ശ്രീ. സി. വി. ഇയ്യു: ഇരുമ്പു ബെഞ്ച് ഉണ്ടാക്കാൻ ആലോചിക്കാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇരുമ്പു ബെഞ്ചും ചിലപ്പോൾ ഒടിച്ചു എന്നുവരും.

ശ്രീ. സി. വി. ഇയ്യു: കോൺക്രീററ് ബെഞ്ച് ഉണ്ടാക്കണം.

ശ്രീ. ടി. കെ. നാരായണപിള്ള: ആലോചിക്കാം.

RESERVATION FOR TECHNICAL COURSES

***1139. (11) Sry. Devaki Gopi Das:** Will the Hon ble Minister for Education be pleased to state.—

(*a*) whether they have accepted the principle of reservation for technical courses in the Travancore University;

(*b*) if so, what are the courses of study and what is the percentage of seats so reserved?

Minister for Education, Food and Labour **(Sri. T. K. Narayana Pillai):**

(*a*) No.

(*b*) Does not arise in view of answer to part (a). എന്നാൽ ഇതിനെ സംബന്ധിച്ച് എൻജിനീയറിംഗ് കാളേജിൽ പട്ടിക ജാതിക്കാർക്ക് പ്രത്യേകം പരിഗണന നൽകാൻ യൂണിവേഴ്സിററിക്ക് നിർദ്ദേശം നൽകുകയും യൂണിവേഴ്സിററി ആ നിർദ്ദേശം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. അതനുസരിച്ച് പട്ടിക ജാതിക്കാരിൽനിന്ന് ൧൧൨൬-ൽ ൬ പേരെയും ൧൧൨൫-ൽ ൫ പേരെയും ഷെഡ്യൂൾ കാസ്റ്റിൽനിന്ന് തിരഞ്ഞെടുത്ത് പ്രവേശനം നൽകിയിട്ടുണ്ട്.

ശ്രീമതി ദേവകീഗോപിദാസ്: മററ് ടെക്ക്നിക്കൽ കോഴ്സുകളെ സംബന്ധിച്ച് എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിനെപ്പററിയും ആലോചിക്കാവുന്നതാണ്.

ജലവിതരണം

*൧൧൪൦. (൧൨) സാഹിബ് ബഹദൂർ മുഹമ്മദ് മുസ്തഫാ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) കൊല്ലം ടൗണിൽ ജലവിതരണം നടത്തുവാൻ ഒരു പദ്ധതി ഗവൺമെൻറ് അംഗീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അത് എപ്പോൾ നടപ്പിൽ വരും?

ചീഫ്മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

സാഹിബ് ബഹദൂർ കെ. എ. മഹമ്മദ്: ഇതിന് ഒരു പ്രാരംഭാന്വേഷണം നടത്താമോ?

ശ്രീ. സി. കേശവൻ: പ്രാരംഭാന്വേഷണം നടത്തി. എന്നാൽ ഒരു കോടി ൨൫ ലക്ഷം രൂപയുടെ കണക്കാണ് തന്നിട്ടുള്ളത്. അത് മുനിസിപ്പാലിററിക്ക് വഹിക്കുവാൻ കഴിവില്ലാത്തതുകൊണ്ട് ആ പ്രശ്നം തൽക്കാലം അന്തർദ്ധാനം ചെയ്തിരിക്കുകയാണ്.

സാഹിബ് ബഹദൂർ കെ. എ. മഹമ്മദ്: പ്രാരംഭാന്വേഷണം നടത്തിയതെന്നാണ്?

ശ്രീ. സി. കേശവൻ: ഫൻർവ്വ-ൽ.

സാഹിബ് ബഹദൂർ കെ. എ. മഹമ്മദ്: അന്വേഷണം നടത്തി റിപ്പോർട്ടു ചെയ്തതാരാണ്?

ശ്രീ. സി. കേശവൻ: അതിന് യോഗ്യതയുള്ളവരായിരിക്കണമല്ലോ?

സാഹിബ് ബഹദൂർ കെ. എ. മഹമ്മദ്: സർ, ഒരു ടൗണിൽ ജലവിതരണത്തിന് ഒരു കോടി ഡ വ്വ ലക്ഷം രൂപയുടെ ചെലവ് വേണ്ടിവരുമെന്ന് തോന്നാത്തതുകൊണ്ടാണ് ഞാൻ ചോദിക്കുന്നത്.

Mr. Speaker: The answer was already given.

ശ്രീ. പി. കുഞ്ഞുകൃഷ്ണൻ: കൊല്ലം ടൗണിൽ നല്ല വെള്ളം കിട്ടുന്നില്ലെന്ന വിവരം അറിയാമോ?

ശ്രീ. സി. കേശവൻ: ചില സ്ഥലത്ത് കിട്ടുന്നില്ലെന്നറിയാം.

ശ്രീ. വി. ഗംഗാധരൻനായർ: വേനൽക്കാലത്ത് കിണറുകളെല്ലാം വററിപ്പോകുന്നതായിട്ടറിയാമോ?

ശ്രീ. സി. കേശവൻ: ചില കിണറുകൾ വററിപ്പോകുമായിരിക്കാം.

സാഹിബ് ബഹദൂർ കെ. എ. മഹമ്മദ്: കൊല്ലം ടൗണിൽ വാട്ടർ സപ്ലൈ തുടങ്ങാൻ ആലോചനയുണ്ടോ?

ശ്രീ. സി. കേശവൻ: അത് ആലോചിക്കേണ്ട ഒരു വിഷയമാണ്.

ശ്രീമതി ദേവകീഗോപിദാസ്: കോട്ടയം മുതലായ പ്രധാനപ്പെട്ട പട്ടണങ്ങളിൽ എങ്കിലും വാട്ടർസപ്ലൈയുടെ ആവശ്യമുണ്ടെന്നറിയാമോ?

ശ്രീ. സി. കേശവൻ: എല്ലാവരും നല്ല വെള്ളം കുടിക്കണമെന്ന് ഗവമ്മെൻറിന് ആഗ്രഹം ഉണ്ട്.

കൊല്ലം—എറണാകുളം റയിൽവെ

*ഫഫർഫ. (ഫന) സാഹിബ് ബഹദൂർ മുഹമ്മദ് മുസ്തഫാ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) കൊല്ലം—എറണാകുളം റെയിൽവെ സംബന്ധിച്ച പ്രാരംഭ സർവ്വേ പൂർത്തിയായിട്ടുണ്ടോ;

(ബി) എതെല്ലാം സ്ഥലങ്ങളിൽക്കൂടിയാണ് ലൈൻ പോകുന്നതെന്ന് പ്രസ്താവിക്കുമോ?

ചീഫ്മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ-യും, ബി-യും) സർവ്വേ പൂർത്തിയായിട്ടില്ല. അതിനുശേഷംമാത്രമേ എതെല്ലാം ലൈനിൽക്കൂടി പോകുന്നതെന്ന് പ്രസ്താവിക്കാൻ നിവൃത്തിയുള്ളു.

സാഹിബ് ബഹദൂർ വി. എ. അബ്ദുൾ അസ്സീസ്: എതെല്ലാം സ്ഥലങ്ങളിൽ സർവ്വേ നടത്തി?

ശ്രീ. സി. കേശവൻ: ഇൻഡ്യാഗവമ്മെൻറാണ് സർവ്വേ നടത്തിയത്. എതെല്ലാം സ്ഥലങ്ങളിൽ നടത്തിയെന്ന് ഈ ഗവമ്മെൻറിന് അറിവില്ല.

ശ്രീ. മാന്നാർ ഗോപാലൻ നായർ: സർവ്വേ നടത്തുന്നതിന് ഈ ഗവമ്മെൻറിൻെറ സഹായം ആവശ്യമല്ലേ?

ശ്രീ. സി. കേശവൻ: ഇൻഡ്യാഗവമ്മെൻറിൻെറ സ്റ്റാഫാണ് സർവ്വെ നടത്തിയതു്. അവക്ക് താമസസൗകര്യങ്ങളും മററും ഉണ്ടാക്കിക്കൊടുക്കുക മാത്രമേ ഈ ഗവമ്മെൻറ് ചെയ്തു കൊടുത്തുള്ളു. അല്ലാതെ സർവ്വെ കാര്യത്തിൽ ഗവമ്മെൻറിനു് കാര്യമില്ല.

ശ്രീ. ഈപ്പൻ അറക്കൽ: സ്റ്റാഫിൽ ഈ രാജ്യത്തിലെ ഉദ്യോഗസ്ഥന്മാർ ആരെങ്കിലും ഉണ്ടായിരുന്നോ?

ശ്രീ. സി. കേശവൻ: ഇല്ല.

ശ്രീ. ഇ. പി. പൗലോസ്: ഏതു ഭാഗത്താണ് സർവ്വെ നടത്തിയതു്?

ശ്രീ. സി. കേശവൻ: അറിവില്ല.

ശ്രീ. ഇ. പി. പൗലോസ്: ഇന്ന ലൈനിൽക്കൂടി പോകണമെന്നു് വല്ല നിർദ്ദേശവും ഈ ഗവമ്മെൻറ് കൊടുത്തിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: ഈ ഗവമ്മെൻറിനു് ആ വിഷയത്തിൽ ഒരഭിപ്രായമില്ല.

ശ്രീ. സെബാസ്റ്റ്യൻ തോപ്പിൽ: ഈ മാതിരി വിഷയങ്ങളിൽ ഈ ഗവമ്മെൻറിൻെറ അഭിപ്രായം ചോദിക്കാറുണ്ടോ?

ശ്രീ. സി. കേശവൻ: ഇല്ല.

ശ്രീ. കണ്ണാററ ഗോപാലപ്പണിക്കർ: ഇതിനുമുമ്പ് എപ്പോഴെങ്കിലും സർവ്വെ നടന്നിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: ഉണ്ടു്.

ശ്രീ. കണ്ണാററ ഗോപാലപ്പണിക്കർ: ആ റിപ്പോർട്ട് ഇപ്പോൾ ഗവമ്മെൻറിൻെറ കയ്യിലുണ്ടോ?

ശ്രീ. സി. കേശവൻ: ഉണ്ടു്.

ശ്രീ. കണ്ണാററ ഗോപാലപ്പണിക്കർ: ആ വിവരം ഇൻഡ്യാ ഗവമ്മെൻറിനെ അറിയിച്ചിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: ഉണ്ടു്.

ചിന്നക്കട പഴയ റോഡ്

*൧൧൪൨. (൧൪) സാഹിബ് ബഹദൂർ മഹമ്മദ് മുസ്തഫാ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) കൊല്ലം ടൗണിൽ ചിന്നക്കട പഴയറോഡ് തുറക്കുന്നതിനു പൊതുജനങ്ങൾ ഗവമ്മെൻറിൽ പണം കെട്ടിവച്ചിട്ട എത്ര കൊല്ലമായി;

(ബി) റോഡ് തുറക്കുന്നകാര്യം ഇപ്പോൾ ഏതു നിലയിൽ ഇരിക്കുന്നു?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ഗവമ്മെൻറിനു പണം കിട്ടിയിട്ടില്ല. ൧൧൨൦-ൽ മുനിസിപ്പാലിററിയിൽ ൩,൦൭൦ രൂപാ കെട്ടിവച്ചിട്ടുണ്ടു്.

(ബി) ൧൬,൩൪൫ രൂപയുടെ എസ്റ്റിമേററ് അനുവദിച്ചിട്ടുണ്ടു ൧൩,൯൮൯ രൂപയുടെ ജോലി തെൻ ഇൻഡ്യാ റെയിൽവേ നടത്തണം. അതു് കമ്പനിയെ ഏല്പിച്ചിട്ടുണ്ടു്.

സാഹിബ് ബഹദൂർ കെ. എ. മഹമ്മദ്: ഇതു് ആരു് ഏല്പിച്ചു?

ശ്രീ. സി. കേശവൻ: പി. ഡബ്ലിയു. ഡി. ആണ് കമ്പനിയെ ഏല്പിച്ചതു്. അതു് മുനിസിപ്പാലിററിയിൽനിന്നും പണം വാങ്ങിച്ചായിരിക്കണം.

സ്റ്റാററിസ്റ്റിക്കൽ അസിസ്റ്റൻറന്മാർ

*൧൧൪൩. (൧൫) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) സെൻസസ്സ് മേലധികാരിയുടെ കീഴിൽ ഓരോ താലൂക്കിലേയ്ക്കും സ്റ്റാററിസ്റ്റിക്കൽ അസിസ്റ്റൻറന്മാരെ നിയമിക്കുകയുണ്ടായോ;

(ബി) ആകെ എത്രപേരെ നിയമിച്ചു;

(സി) എന്നാണ് അവരെ നിയമിച്ചതു്;

(ഡി) എന്നുമുതൽ അവരുടെ ജോലി ആരംഭിച്ചു;

(ഇ) കഴിഞ്ഞ നവമ്പർ മാസാവസാനത്തിനുമുമ്പു അവരിൽ ഓരോരുത്തരും ചെയ്തുതീർത്ത ജോലിയുടെ അളവും രൂപവും എന്തു്?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ഇല്ല.

(ബി, സി, ഡി, ഇ) എ. യുടെ ഉത്തരത്തിൽനിന്നും ഈ ചോദ്യങ്ങൾ ഉദിക്കുന്നില്ല.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: എന്യൂമറേററന്മാർ സെൻസസ് എടുത്തതു സംബന്ധിച്ചു് എന്തെങ്കിലും പരാതി കിട്ടിയിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: ഗവമ്മെൻറിനു പരാതി കിട്ടിയിട്ടില്ല.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഡിപ്പാർട്ടുമെണ്ടിനു് എന്തെങ്കിലും പരാതി കിട്ടിയിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: സെൻസസ് കമ്മീഷണർക്കു് കിട്ടിയ ഒരു പരാതി അന്വേഷണം നടത്തിയതിൽ വ്യാജമാണെന്നു കണ്ടിട്ടുണ്ടു്.

നൂൽവിതരണം

*൧൧൪൪. (൧൬) ശ്രീ. റഫേൽ ജെ. റോഡ്രിഗ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട സിവിൽസപ്ലൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) നമ്മുടെ സ്റ്റേററിൽ കൈത്തറി നെയ്ത്തുകാർക്കും വല കെട്ടുന്നവർക്കും ഓരോ മാസത്തിലും ആവശ്യമുള്ള നൂലിൻെറ അനുപാതം കണക്കാക്കിയിട്ടുണ്ടോ;

(ബി) മേൽ സൂചിപ്പിച്ച അനുപാതം അനുസരിച്ചാണൊ ഓരോ മാസത്തിലും നൂൽ വിതരണം ചെയ്യുന്നതു്;

(സി) നൂൽ നിയന്ത്രണം വീണ്ടും ഏപ്പെടുത്തിയതിനുശേഷം ഒരിക്കൽ പോലും നൂൽവിതരണം നടത്തപ്പെട്ടിട്ടില്ലാത്ത എത്ര മത്സ്യവ്യവസായകേന്ദ്രങ്ങൾ ഉണ്ടു്;

(ഡി) നൂൽക്ഷാമംമൂലം പഴകിപ്പോയ വലകൾക്കു പകരം വലയുണ്ടാക്കാൻ സാധിക്കുന്നില്ല എന്നു കാണിച്ചു എത്ര പരാതികൾ കിട്ടിയിട്ടുണ്ടു്;

(ഇ) വലകളുടെ കുറവുമൂലം ഭക്ഷ്യോല്പാദനം എന്തുമാത്രം കുറയുമെന്നാണ് ഗവമ്മെൻറു് വിചാരിക്കുന്നതു്?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) അനുപാതം കണക്കാക്കിവരികയാണു്.

(ബി) ഈ ചോദ്യം ഉദിക്കുന്നില്ല.

(സി) നൂൽനിയന്ത്രണം ഏർപ്പെടുത്തിയശേഷം കോയിവിള മത്സ്യവ്യവസായ കേന്ദ്രത്തിൽമാത്രം നൂൽവിതരണം നടത്തിയിട്ടില്ല.

(ഡി) എത്ര പരാതികൾ കിട്ടിയിട്ടുണ്ടെന്നു ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

(ഇ) വലകളുടെ ക്ഷാമംമൂലം മത്സ്യോല്പാദനം എത്രമാത്രം കുറയുമെന്നു കണക്കാക്കിയിട്ടില്ല.

ശ്രീ. റഫേൽ ജെ. റോഡ്രിഗ്സ്: ചങ്ങനാശ്ശേരി താലൂക്കിൽ നൂൽ കിട്ടിയിട്ടില്ലെന്നു പരാതി ലഭിച്ചിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ലഭിച്ചിട്ടില്ല.

സാഹിബ് ബഹദൂർ കെ. എ. മഹമ്മദ്: നൂൽ വിതരണം ചെയ്യുന്നതിനു ആരെയാണ് ഏല്പിക്കുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള: ഫിഷർമെൻസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളെയാണ് ഏല്പിക്കുന്നതു്.

സാഹിബ് ബഹദൂർ കെ. എ. മഹമ്മദ്: എന്തടിസ്ഥാനത്തിലാണ് നൂൽ വിതരണം ചെയ്യുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള: ആകപ്പാടെ വരുന്ന ക്വോട്ടയുടെ അടിസ്ഥാനത്തിലാണ് വിതരണം ചെയ്യുന്നതു്.

സാഹിബ് ബഹദൂർ കെ. എ. മഹമ്മദ്: അപ്പോഴപ്പോൾ കിട്ടുന്ന നൂല് ഫിഷറി സൂപ്രണ്ടിന്റെ നിർദ്ദേശമനുസരിച്ചാണൊ വിതരണം നടത്തുന്നതു്.

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങനെതന്നെയാണ് വിതരണം നടത്തുന്നതു്.

സാഹിബ് ബഹദൂർ കെ. എ. മഹമ്മദ്: ഗ്രോമോർ ഫുഡ് സ്കീമിന്റെ കീഴിൽ പ്രത്യേകമായി ഒരു ക്വോട്ടാ തരുന്നില്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങനെ അറിവില്ല.

Sri. P. S. Nataraja Pillai: May I know whether the Indian Textile Commissioner at Bombay had ear-marked 150 bales of yarn for fishing purposes during 1947—1948?

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങനെ അന്നുണ്ടായിരുന്നതായി എനിക്കറിയാം.

ശ്രീ. പി. കെ. ഡീവർ: പുതുതായി എത്ര വലകളുടെ ആവശ്യമുണ്ടെന്നു അറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഫിഷറി സൂപ്രണ്ട് കണക്കെടുത്തുവരികയാണ്.

സാഹിബ് ബഹദൂർ വി. എ. അബ്ദുൾഅസീസ്: സഹകരണ സംഘങ്ങൾ ഇല്ലാത്ത സ്ഥലത്തു് നൂൽ വിതരണം ചെയ്യുന്നതിനു് ഏർപ്പാടു ചെയ്തിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: സഹകരണസംഘങ്ങൾ ഇല്ലാത്തിടത്തു് ഡിപ്പാർട്ടുമെണ്ട് നേരിട്ടു വിതരണം നടത്തുന്നുണ്ട്.

ശ്രീ. പി. കെ. ഡീവർ: പഴകിപ്പോയ വലകളുടെ സ്ഥാനത്തു പുതിയ വലകൾ ഉണ്ടാക്കുന്നതിനും മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനും നൂൽ സൗജന്യനിരക്കിൽ കൊടുക്കാനൊ അല്ലെങ്കിൽ എന്തെങ്കിലും സബ്സിഡി കൊടുക്കാനൊ ആലോചിക്കുന്നുണ്ടോ?

<u>ശ്രീ. ടി. കെ. നാരായണപിള്ള</u>: ഇതുവരെ ആലോചിച്ചിട്ടില്ല. മേൽ അങ്ങനെ ആലോചിക്കുന്നതിൽ വിരോധമില്ല.

MEMORANDUM TO THE CENTRAL GOVERNMENT

***1145.** [17] **Sri. M. I. Paul:** Will the Hon'ble Minister for Agriculture be pleased to state.—

(*a*) whether the Government have received from the Secretary to the Cochin Cocoanut Growers' Association a copy of the memorandum dated the 2nd February 1951 submitted to the Central Government:

(*b*) if so, what are the requests made in that memorandum and what action this Government have taken on those requests as far as this Government are concerned?

Minister for Law, Finance and Revenue **(Sri. A. J. John):**

(*a*) Yes.

(*b*) The requests made in that memorandum are the following.—

(1) A uniform rate of land tax may be introduced throughout the State with retrospective effect from the date of integration;

(2) The amount of land revenue realised from the people of the Cochin area from the date of integration in excess of the rate of basic tax prevalent in the Travancore area may be repaid to them; and

(3) The people may be relieved from double taxation *viz.*, land tax and agricultural income tax.

As regards the first request, this Government have already announced their decision to extend the scheme of basic tax to the Cochin area also. No retrospective effect can be given to this decision. The other requests are considered not feasible.

<u>ശ്രീ. എം. ഐ. പോൾ</u>: ആ മെമ്മോറാണ്ടത്തിൽ കൊച്ചിവിഭാഗത്തു കടലോരപ്രദേശങ്ങളുടെ അടുത്തും കായലോരങ്ങളിലും ധാരാളം ഭൂമി കൃഷിക്ക് ഉപയോഗപ്പെടുത്തുവാൻ സാധിക്കുമെന്നും അതിൽ ഈ ഗവമ്മെണ്ട് അനാസ്ഥ കാണിക്കുന്നു എന്നുമുള്ള കാര്യംകൂടി കാണിച്ചിട്ടില്ലേ?

<u>ശ്രീ. എ. ജെ. ജോൺ</u>: ഉണ്ട്.

<u>ശ്രീ. എം. ഐ. പോൾ</u>: ഉണ്ടെങ്കിൽ നമ്മുടെ ഗവമ്മെൻറ് ഇതുവരെ എന്തുകൊണ്ടാണ് മൗനം ദീക്ഷിച്ചതു്.

<u>ശ്രീ. എ. ജെ. ജോൺ</u>: മുൻ കൊച്ചി ഗവമ്മെൻറ് അങ്ങനെ മൗനം ദീക്ഷിച്ചു. ഇപ്പോഴത്തെ ഗവമ്മെൻറ് അതിലേയ്ക്ക് നടപടികൾ നടത്തിക്കൊണ്ടിരിക്കയാണ്.

<u>ശ്രീ. എം. ഐ. പോൾ</u>: ഇൻറഗ്രേഷൻ കഴിഞ്ഞതിനുശേഷം ഞാൻ ഈ സംഗതി ഗവമ്മെണ്ടിൻെറ മുമ്പാകെ കൊണ്ടുവന്നിട്ട് അന്വേഷണം നടത്തിയോ?

<u>ശ്രീ. എ. ജെ. ജോൺ</u>: അതിനെപ്പററി ഇപ്പോൾ അന്വേഷണം നടത്തിക്കൊണ്ടിരിക്കയാണ്.

<u>ശ്രീ. പി. കെ. ഡീവർ</u>: കൊച്ചിയിൽ ബേസിക്ക് ടാക്സ്പ്രകാരം കൂടുതൽ ടാക്സ് കൊടുക്കേണ്ടിവരുമെന്നറിയാമോ?

<u>ശ്രീ. എ. ജെ. ജോൺ</u>: കുറഞ്ഞവരുകയുള്ളു.

<u>ശ്രീ. പി. കെ. ഡിവർ</u>: പയററുപാട്ടമുള്ള പറമ്പുടമസ്ഥന്മാർ ഇപ്പോൾ കൊടുക്കുന്നതിനേക്കാൾ കൂടുതൽ ടാക്സ് കൊടുക്കേണ്ടിവരുകയില്ലേ?

ശ്രീ. എ. ജെ. ജോൺ: അങ്ങനെ സംഭവിക്കുമെന്നു നേരത്തെ ഞാൻ പറഞ്ഞിട്ടുണ്ടു്. കൊച്ചീഭാഗത്തുള്ള മെമ്പറന്മാർ തിരുവിതാംകൂറിലുള്ളതുപോലെ കൊച്ചിയിലും ആക്കണമെന്നു് പറഞ്ഞതനുസരിച്ചാണു് ഇപ്പോഴ് ഈ പരിഷ്കാരം വരുത്തിയിട്ടുള്ളതു്.

ശ്രീ. സി. വി. ഇട്ടു: ഞാൻ പരിപൂർണ്ണമായി അതിനെ എതിർത്തിരുന്നു.

ശ്രീ. എ. ജെ. ജോൺ: ഒരാൾ എതിർത്തുവെങ്കിലും ഭൂരിപക്ഷവും അനുകൂലിക്കുകയാണു് ചെയ്തതു്.

ശ്രീ. സി. വി. ഇട്ടു: ചാലക്കുടി മുതലായ കുന്നംപ്രദേശങ്ങളിൽ ഏക്കറിനു് രണ്ടണവരെ നികുതിയുള്ള സ്ഥലമുണ്ടെന്നു് അറിയാമോ?

ശ്രീ. എ. ജെ. ജോൺ: അങ്ങനെ ചില പ്രദേശങ്ങളുണ്ടെന്നറിയാം.

ശ്രീ. സി. വി. ഇട്ടു: ആ സ്ഥലങ്ങളിലാണു് സാധുജനങ്ങൾ കുടിയിരിക്കുന്നതെന്നു അറിയാമോ?

ശ്രീ. എ. ജെ. ജോൺ: അറിഞ്ഞുകൂടാ.

SHUTTLE SERVICES

***1146.** [19] **Sri. N. V. Chacko:** Will the Hon'ble Minister for Communications be pleased to state.—

whether representations have been made to the authorities for starting shuttle services by the State Transport between (1) Muvattupuzha and Puthenkurisu and (2) Puthenkurisu and Ernakulam?

Minister for Education, Food and Labour **(Sri. T. K. Narayana Pillai):**

Yes; arrangements are already made for the introduction of the shuttles.

ശ്രീ. എൻ. വി. ചാക്കൊ: അതു് എന്നത്തേയ്ക്കു് നടപ്പിൽ വരുമെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: വലിയ താമസമുണ്ടാകുമെന്നു തോന്നുന്നില്ല.

MANURE AGENCY

***1147.** [20] **Sri. N. V. Chacko:** Will the Hon'ble Minister for Co-operative Societies be pleased to state.—

(*a*) whether the co-operative society started under the auspices of the Poothoikka Village Uplift Centre in the Aikkaranad pakuthi in the Kunnathunad taluk have applied for manure agency;

(*b*) when the application was made; and

(c) whether there is any reason for not granting the application till now?

Minister for Education, Food and Labour **(Sri. T. K. Narayana Pillai):**

(*a*) Yes.

(*b*) The application was made on 8th January 1951.

(c) The Society has been asked to forward its application for the agency depot through the Registrar of Co-operative Societies who has to transmit the same to the Agricultural Department after fixing the maximum credit to be allowed to the Society. The question of granting the agency will be considered after receipt of the application through the Registrar of Co-operative Societies.

ശ്രീ. പാണ്ടവത്തു ശങ്കരപ്പിള്ള: എതു അടിസ്ഥാനത്തിലാണു് ഈ ക്രെഡിററു നിശ്ചയിക്കുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള: അതു് കോവാപ്പറേറ്റീവ് സൊസൈററിയുടെ സാമ്പത്തിക നിലയേയും പ്രവർത്തന രീതിയേയും ആശ്രയിച്ചിരിക്കും.

Unstarred Question and Answer

SUB-DIVISION OFFICER

123. [1] **Sri. A. Ramasubramonia Karayalar:** Will the Hon'ble Minister for Public Works be pleased to state.—

(*a*) whether the Government have received complaints against the local Sub-Division Officer Mr. Ahamad Kannu;

(*b*) whether the Government have made enquiries about the said officer?

Chief Minister **(Sri. C. Kesavan):**

(*a*) Yes.

(*b*) Yes.

POINT OF ORDER REGARDING SHORT NOTICE QUESTION

ശ്രീ. സി. സി. പ്രസാദ്: സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. വളരെ പ്രാധാന്യമേറിയ ഒരു കാര്യത്തെപ്പററി ഒരു ഷാർട്ട് നോട്ടീസ് ചോദ്യം അയച്ചിരുന്നതിനെ ഒരു അൺസ്റ്റാർഡ് ചോദ്യമായി പരിഗണിച്ച് ഉത്തരം മേശപ്പുറത്തുവച്ചിരിക്കുകയാണ്. അതിനെക്കുറിച്ച് ഒരു റൂളിംഗ് വേണം.

മിസ്റ്റർ സ്പീക്കർ: അൺസ്റ്റാർഡായി അയച്ചിട്ടുള്ള ചോദ്യത്തിനു ആ രീതിയിലുള്ള ഉത്തരമേ നൽകാൻ സാധിക്കുകയുള്ളു. ബഹുമാനപ്പെട്ട മെമ്പർ അൺസ്റ്റാർഡ് ചെയ്തിട്ടാണ് ചോദ്യമയച്ചിരുന്നത്.

ശ്രീ. സി. സി. പ്രസാദ്: ഷാർട്ട് നോട്ടീസ് ചോദ്യത്തിന് സ്റ്റാർചെയ്യണമെന്നു സർക്കലറിൽ പറഞ്ഞിട്ടുള്ളതായി കാണുന്നില്ല.

മിസ്റ്റർ സ്പീക്കർ: അങ്ങനെ ഷാർട്ടുനോട്ടീസ് ചോദ്യത്തിന്റെ കാര്യം പ്രത്യേകം പറയണമെന്നില്ല.

QUESTION OF PRIVILEGE REGARDING AN ARTICLE IN THE MALAYALI

Sri D. Gnanasigamoni: Sir, I am raising a question of privilege. In today's 'Malayali', under the caption "എക്സിക്യൂട്ടീവിൽ നിന്നും ഇരുവരെ രാജികൾ" "While referring to the resignation of Messers Abdul Aziz, T. A. Abdulla and K. R. Elenkath from the Congress Executive as also the proposed visit of Mr. C. Kesavan to Kottayam in connection with the President's visit, it points out that this House cannot go on and transact business without the leader and that there is the possibility of the Deputy Leader being absent. The article again points out that this House cannot transact any business in the absence of the Leader or Deputy Leader and that is what according to 'Malayali' democratic convention has established. Then comes the very objectionable passage.

"ഡാക്ടർ രാജേന്ദ്രപ്രസാദിന്റെ കോട്ടയം സന്ദർശനം പ്രമാണിച്ച് മുഖ്യമന്ത്രി ശ്രീ. സി. കേശവൻ നാളെ കോട്ടയത്തേക്കു പോകുമെന്ന് അറിയുന്നു."

Mr. Speaker: Order, order. Newspapers may contain very valuable information. But all that information cannot be made the subject of discussion in the House. If the hon'ble Member considers any portion objectionable and has to be taken notice of by the House that may be pointed out.

Sri. D. Gnanasigamoni: That is a very serious reflection on the conduct and character of the Speaker. That is the sentence which I wish to place before this House. The following is the objectionable passage which I am referring to.

"മിസ്റ്റർ സി. കേശവൻ നാളത്തെ യാത്ര മാററിവയ്ക്കുകയോ കക്ഷിരഹിതൻ വല്ല മുട്ടന്യായങ്ങളും തപ്പിപ്പിടിക്കുകയോ ചെയ്യില്ലെങ്കിൽ നാളത്തെ സഭാനടപടികൾ സ്തംഭിച്ചുപോകാൻ ഇടയുണ്ട്."

It appears to me that it is a very serious reflection cast on the Speaker of this House. Suitable steps ought to be taken to punish those responsible for this grave breach of privilege in order to uphold the dignity and prestige of this House. It is a very serious matter.

Sri. P. S. Nataraja Pillai: One question please. Who is "കക്ഷിരഹിതൻ"? The word is only "കക്ഷിരഹിതൻ".

Sri. D. Gnanasigamoni: It can be easily seen from various newspapers that this "കക്ഷിരഹിതൻ" is none other than the Speaker. All local papers refer to him only thus. That can easily be proved and that is what the public of the State understand. In the peculiar context in which that offending passage occurs, no other conclusion is possible also. That is how I understand it and how many hon'ble Members of this house understand it.

In this connection I would like to refer to Page 234, May's Parlimentary Practice and there it is stated as follows.—

"Reflections upon the character or actions of the Speaker may be punished as breaches of privilege".

In this connection I want to bring to the notice of the House that on page 124 of May's Parliamentary Practice a series of cases have been given showing that these statements are really breaches of privileges of this House and ought to be dealt with seriously. Page 124 gives examples of speeches and writings which have been held to constitute breaches of privilege, reflections on the character of the Speaker and accusations of partiality in the discharge of his duty are said to constitute such breaches of privilege. This passage is a serious reflection on the character of the Speaker and accuses the Speaker of partiality in the discharge of his duty.

Sri. Ponnara G. Sreedhar: Is it a reflection on the character of the Speaker. കക്ഷിരഹിതൻ എന്നു പറയുന്നതു് ശ്രീ. ഇട്ടുവിനെയാണു്.

Sri. D. Gnanasigamoni: I want to keep the prestige and dignity of the House. There is no meaning in referring to the Speaker as "കക്ഷിരഹിതൻ വല്ല മുട്ടുന്യായങ്ങളും തപ്പിപിടിക്കുകയോ ചെയ്തില്ലെങ്കിൽ നാളത്തെ സഭാനടപടികൾ സ്തംഭിച്ചുപോകാൻ ഇടയുണ്ടു്", and then say that it is no reflection on the Speaker. These are not the words to be indulged in regarding the Speaker. It is a very serious matter to be taken note of. This matter may be placed before the Committee of Privileges and suitable action may be taken.

മിസ്റ്റർ സ്പീക്കർ: ഇതു് പെട്ടെന്നു സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ള ഒരു സംഗതിയാണു്. ബഹുമാനപ്പെട്ട മെമ്പറന്മാർ എല്ലാവരും അതുവായിച്ചു കഴിഞ്ഞിട്ടുണ്ടോ എന്നുതന്നെ നിശ്ചയമില്ല. ഇതു് റൂൾസ് അനുസരിച്ചു ഒരു മോഷനായിട്ടു കൊണ്ടുവരാവുന്നതാണു്. അതിനുശേഷം കുറച്ചുകൂടി ഗാഢമായി ഇതിനെപ്പററി ചിന്തിച്ചു ഒരു പ്രിവിലേജ് ക്വസ്റ്റ്യനായി എടുക്കേണ്ടതാണോ എന്നു തീരുമാനിക്കുന്നതാണു്. സഭയ്ക്കു അങ്ങിനെ അഭിപ്രായമുള്ള പക്ഷം എന്താണു് വേണ്ടതെന്നു തീരുമാനിക്കാവുന്നതാണു്. ഇവിടെ മി. ശ്രീധരനും മി. പി. എസ്സ്. നടരാജപിള്ളയും പറയുകയുണ്ടായി, 'കക്ഷിരഹിതൻ' എന്നു പറയുന്നതു് ആരാണെന്നു നിശ്ചയമില്ല എന്നു്. കക്ഷിരഹിതൻ എന്നു പറഞ്ഞാൽ ഒരു കക്ഷിയിലും ഇല്ലാത്ത ആളെന്നു വരാം. വേറെ ഒരു തരത്തിൽ വ്യാഖ്യാനിക്കുന്ന പക്ഷം തന്റെ കക്ഷിയിൽ ഒരുത്തരും ഇല്ലാത്തതുകൊണ്ടു് ആരും ആശ്രയമില്ലാത്ത ആൾ എന്നും വിചാരിക്കാം. വിവാദപ്രസ്താവന സ്പീക്കറെ ഉദ്ദേശിച്ചാണെന്നുതന്നെ വിചാരിക്കുന്നതിൽ തെററില്ലെന്നു തോന്നുന്നു. സ്പീക്ക

രുടെ നടപടി തെററാണ്, നടപടിയിൽ പിശകുണ്ട്, വേറെ വിധത്തിൽ നടത്താമായിരുന്നു എന്നും മററും വിമർശനരൂപത്തിലുള്ള പ്രസ്താവനകൾ പത്രങ്ങൾ ചെയ്യുന്നതിൽ തെററുണ്ടെന്നു തോന്നുന്നില്ല. അത് ഈ സഭയുടെ അവകാശത്തിനു ഹാനി സംഭവിക്കുന്ന പ്രവൃത്തിയായി ഗണിക്കാവുന്നതല്ല. എന്നാൽ സ്പീക്കറുടെ നിഷ്പക്ഷ മനസ്ഥിതിയെപ്പററി ചോദ്യം ചെയ്യുന്ന ഏതെങ്കിലും പ്രസ്താവന ചെയ്യുന്നപക്ഷം അതു സഭയുടെ അവകാശത്തെ ക്ഷതപ്പെടുത്തുന്ന പ്രസ്താവനയാണ്. ഹൗസ് ഓഫ് കാമൺസിലും മററു സഭകളിലും ഈ സംഗതി ഇങ്ങനെ തീരുമാനിച്ചിട്ടുണ്ട്. ഈ മോഷൻ മി. ജ്ഞാനശിഖാമണിക്ക് ഇവിടെ അവതരിപ്പിക്കാവുന്നതാണ്. ഈ സഭയുടെ അന്തസ്സിനും അവകാശത്തിനും ഹാനികരമായ പ്രസ്താവനയാണോ ഇതെന്നാലോചിക്കുവാൻ സഭയ്ക്കവകാശമുണ്ട്. അടുത്തദിവസം ഇതു ചർച്ചക്കു കൊണ്ടുവരാവുന്നതാണ്.

ANNOUNCEMENT REGARDING THE ELECTION OF MEMBERS TO THE ESTIMATES COMMITTEE, THE PUBLIC ACCOUNTS COMMITTEE AND THE STANDING FINANCE COMMITTEE

മി. സ്പീക്കർ: നിയമസഭാചട്ടങ്ങളിലെ ൧൨-ാം ചട്ടമനുസരിച്ചു ഒരു എസ്റ്റിമേററ്സ് കമ്മിററിയും, ൧൪-ാം ചട്ടമനുസരിച്ച് ഒരു പബ്ലിക്ക് അക്കൗണ്ട്സ് കമ്മിററിയും, ഇവയ്ക്കുപുറമെ ഒരു സ്റ്റാൻഡിംഗ് ഫിനാൻസ് കമ്മിററിയും രൂപീകരിക്കുന്നതിനു വേണ്ട നടപടികൾ എടുക്കണമെന്നു ഗവമ്മെൻറിൽ നിന്നും അറിയിച്ചിട്ടുണ്ട്. ഈ മൂന്നു കമ്മററികളുടേയും അദ്ധ്യക്ഷൻ ബഹു. ധനകാര്യമന്ത്രിയാണ്. ഓരോ കമ്മിററിയിലും അദ്ധ്യക്ഷനെക്കൂടാതെ ഈ സഭയിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ആറംഗങ്ങളും ഉണ്ടായിരിക്കും. ഇവയ്ക്കുള്ള തെരഞ്ഞെടുപ്പ് ആനുപാതിക പ്രാതിനിധ്യതത്വമനുസരിച്ച് കൈമാററം ചെയ്യാവുന്ന ഒററവോട്ടുമൂലം നടത്തുന്നതാണ്. ഇവയ്ക്കുള്ള നാമനിർദ്ദേശങ്ങൾ മാച്ച് ൨൦-ാം തിയ്യതി രണ്ടരമണിക്കുമുമ്പ് നിയമസഭാ സെക്രട്ടറിയെ ഏല്പിക്കേണ്ടതാകുന്നു. നാമനിർദ്ദേശങ്ങളുടെ പരിശോധന സ്പീക്കറുടെ ചേംബറിൽവച്ച് മാർച്ച് ൨൦-ാം തിയ്യതി സഭ പിരിഞ്ഞശേഷം നടത്തുന്നതും തെരഞ്ഞെടുപ്പ് ആവശ്യമാണെന്നു കാണുന്നപക്ഷം മാർച്ച് ൨൧-ാം തിയ്യതി സഭാ നടപടിക്കുശേഷം ഇവിടെവച്ചു നടത്തുന്നതുമാകുന്നു.

Sri. Kalathil Velayudhan Nair: I have given notice of an adjournment motion. I do not know what happened to that.

Mr. Speaker: The Hon'ble Member can get the necessary information from the office.

VOTING OF DEMANDS FOR GRANTS

Demand No. XL—Capital Outlay on Government Trading Schemes—(*contd.*)

Mr. Speaker: The Hon'ble Minister may now reply to the cut motions moved.

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള): സർ, പുതിയ നെല്ലെടുപ്പുപദ്ധതിയിലുള്ള ദൂഷ്യങ്ങളെപ്പററിയും നെല്ല്, അരി മുതലായവ സംഭരിക്കുകയും സൂക്ഷിക്കുകയും ചെയ്യുന്നതിലുള്ള ക്രമക്കേടുകളെപ്പററിയും ഫുഡ് ഡിപ്പാർട്ടുമെണ്ടിലെ ഉദ്യോഗസ്ഥന്മാരുടെ അഴിമതികളെപ്പററിയുമായിരുന്നു ഇവിടെ പ്രധാനമായി ഉണ്ടായ ആക്ഷേപങ്ങൾ. പുതിയ നെല്ലെടുപ്പുപദ്ധതി ഫെബ്രുവരി ഒന്നാം

[Sri. T. K. Narayana Pillai]

തിരുത്തിയാണ് നടപ്പിലാക്കിയത്. അതിലേയ്ക്കുള്ള നിർദ്ദേശങ്ങളും ഗവൺമെൻറിന് പ്രഖ്യാപിക്കാൻ സാധിച്ചിട്ടുള്ള ഒന്നാണ്. ഒരു കർഷകനോ വസ്തുഉടമസ്ഥനോ ഗവൺമെൻറിലേക്ക് അളക്കേണ്ടതായ നെല്ലിൻെറ അളവുസംബന്ധിച്ച് ഒരു സ്ഥിരത വരുത്തണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് പുതിയ നെല്ലെടുപ്പു പദ്ധതി നടപ്പിലാക്കാൻ ഇടയായിട്ടുള്ളത്. അതു മാത്രമല്ല, ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനു വേണ്ട പ്രേരണ കർഷകർക്ക് കൊടുക്കണമെന്നുള്ള ഉദ്ദേശവും ഈ പുതിയ നെല്ലെടുപ്പുപദ്ധതി നടപ്പാക്കിയ സമയത്ത് ഗവൺമെൻറിനുണ്ടായിരുന്നു.

ഇവിടെ ശ്രീമാൻ ജ്ഞാനശിഖാമണി പറയുകയുണ്ടായി എക്സ്സസ് ബേസിസ്സിൽ ഉള്ളതായ നെല്ലെടുപ്പും മോണോപ്പളി സിസ്റ്റത്തിലുള്ള നെല്ലെടുപ്പും തമ്മിൽ വലിയ വ്യത്യാസം കാണുന്നില്ല എന്ന്. അത് അത്ര ശരിയാണെന്ന് എനിക്കു തോന്നുന്നില്ല. പുതിയ പദ്ധതിയനുസരിച്ചു ഒരു കർഷകനോ വസ്തുഉടമസ്ഥനോ ഗവൺമെൻറിലേക്ക് കൊടുക്കേണ്ട നെല്ലിനു ഒരു ക്വോട്ടാ നിശ്ചയിക്കും. അങ്ങിനെ ക്വോട്ടാ നിശ്ചയിക്കുന്നതു മൂന്നു കാര്യങ്ങളെ അടിസ്ഥാനമാക്കിയാണ്. അതായത്, പ്രൊഡക്ററിവിററി, സ്ഥലത്തിൻെറ വിസ്തീർണ്ണത, അയാളുടെ ഡൊമസ്റ്റിക് ചെലവുകൾക്കാവശ്യമുള്ള നെല്ലിൻെറ അളവ് ഇവ കണക്കാക്കിയാണ് ക്വോട്ടാ നിശ്ചയിക്കുന്നത്. അങ്ങനെ ഈ കൊല്ലം ക്വോട്ടാ നിശ്ചയിച്ചതിൽ വല്ല ക്രമക്കേടുകളും വന്നിരിക്കാമെന്നു ഞാനും സമ്മതിക്കുന്നുണ്ട്. ഈ ക്വോട്ടാ മിക്കവാറും സ്ഥിരമായിരിക്കുകയാണെങ്കിൽ അതു കർഷകർക്ക് കൂടുതൽ ഗുണപ്രദമായിരിക്കുമെന്നാണ് ഗവൺമെൻറ് വിശ്വസിക്കുന്നത്. അതു സംബന്ധിച്ചു നിശ്ചിതങ്ങളായ നിർദ്ദേശങ്ങൾ ജി. പി. തഹസീൽദാരന്മാർക്കും മററുദ്യോഗസ്ഥന്മാർക്കും കൊടുത്തിട്ടുണ്ട്.

അദ്ദേഹത്തിൻെറ വേറൊരാക്ഷേപം ഒരേക്കറും അതിൽ കുറവുമുള്ള വസ്തുഉടമസ്ഥന്മാരിൽനിന്നു് പ്രൊക്യൂവർ ചെയ്തുവരുന്നു എന്നാണ്. അങ്ങിനെ അനധികൃതമായി എന്തെങ്കിലും ഉദ്യോഗസ്ഥന്മാർ പ്രവർത്തിച്ചിട്ടുണ്ടെങ്കിൽ എനിക്കദ്ദേഹത്തിനോടു പറയുവാനുള്ളതു ആ വിവരങ്ങൾ എന്നെയോ മററു അധികാരികളേയോ അറിയിക്കുകയാണെങ്കിൽ കർശനമായ നടപടി നടത്തുമെന്നാണ്. അങ്ങനെ ഒരേക്കറിനു താഴെ ഉടമസ്ഥാവകാശമുള്ള ആളുകളുടെ നെല്ലു യാതൊരു കാരണവശാലും എടുക്കരുതെന്നു കാണിച്ചു വളരെ ക്ലിപ്തമായ നിർദ്ദേശങ്ങളാണ് ഈ ജി. പി. താസിൽദാരന്മാർക്ക് കൊടുത്തിട്ടുള്ളതു. അതു വകവയ്ക്കാതെ ആരെങ്കിലും എടുക്കുന്നെങ്കിൽ അതു നിയമവിരുദ്ധവുമാണ്. അവരുടെ പേരിൽ നടപടി എടുക്കുന്നതിനും ഗവൺമെൻറ് സന്നദ്ധമായിരിക്കുന്നതാണ്. അദ്ദേഹം ഈ നെല്ലുവില കൂട്ടേണ്ട ആവശ്യത്തെപ്പററിയും പറയുകയുണ്ടായി. അതേപ്പററി എനിക്കു പറയാനുള്ളതു, ഈ അസംബ്ലിയിൽ ചോദ്യോത്തരവേളയിൽ ഈ നെല്ലുവില കൂട്ടിക്കൊടുക്കാൻ നിവൃത്തിയില്ലാത്തതുകൊണ്ടാണ് ഇപ്പോൾ ഒരു പ്രസ്സ്നോട്ടുമുഖാന്തിരം യഥാർത്ഥ കർഷകർക്ക് മന്യൂവർ സബ്സിഡി എന്ന പേരിൽ പറ ഒന്നിനു നാലണ വീതം സബ്സിഡി കൊടുക്കാമെന്നു പറഞ്ഞിട്ടുള്ളതു.

ഇവിടത്തെ സംഭരണവിതരണസമ്പ്രദായങ്ങളിലുള്ള ദൂഷ്യങ്ങളും ചൂണ്ടിക്കാണിക്കപ്പെടുകയുണ്ടായി. അവയെ പരിഹരിക്കുന്നതിനായി ഗവൺമെൻറ് ശ്രമം ചെയ്തുവരികയാണ്. അരി സാധാരണയായി ഇറക്കുമതി ചെയ്യുന്നതു മട്ടാഞ്ചേരിയിലാണ്. അവിടെനിന്നും ആഫ്ടേക്കിനു ആവശ്യമുള്ള ഭക്ഷ്യധാന്യങ്ങൾ ഓരോ കേന്ദ്രങ്ങളിലേയ്ക്കും ഇപ്പോൾ അയച്ചുവരികയാണ്. കൊച്ചിയിൽ കപ്പൽവന്നു അവിടെ അരി ഇറക്കുന്നതുകൊണ്ടു മട്ടാഞ്ചേരിയിൽ പ്രധ്

നമായി ഒരു കേന്ദ്രം സ്ഥാപിക്കുവാൻ ഇടയായിട്ടുണ്ടെന്നല്ലാതെ വേറെ യാതൊരുദ്ദേശവുമില്ല. അങ്ങിനെയൊരു ഗോഡൌൺ ഉണ്ടെങ്കിൽതന്നെയും ബാക്കിയുള്ള തുറമുഖങ്ങളിലും അരി ഇറക്കുമതി ചെയ്തു വിതരണം നടത്തുന്നതിനുള്ള ഏർപ്പാടുകൾ ചെയ്തുവരുന്നുണ്ട്.

പിന്നീട് ശ്രീ. താണുപിള്ള അവർകൾ ഒരാക്ഷേപം ഇവിടെ പുറപ്പെടുവിക്കയുണ്ടായി. ഭക്ഷ്യധാന്യങ്ങൾ ഒരുപോലെ ഈ സ്റ്റേറ്റിന്റെ എല്ലാ ഭാഗത്തും വിതരണം ചെയ്യേണ്ടതാവശ്യമാണെന്നും, ഭക്ഷ്യധാന്യങ്ങളെ സംബന്ധിച്ച് ദൌർലഭ്യം ഉണ്ടെങ്കിൽ അതു സ്റ്റേറ്റിന്റെ എല്ലാ ഭാഗങ്ങളേയും ബാധിക്കേണ്ടതാണെന്നും അദ്ദേഹം ഇവിടെ പറയുകയുണ്ടായി. അദ്ദേഹത്തിന്റെ വാദം വളരെ ന്യായമായ ഒന്നാണ്. ഈ സ്റ്റേറ്റ് ഒരു എൻറിററി ആയിരിക്കുന്ന സ്ഥിതിക്ക് ഇവിടെ ഭക്ഷ്യദൌർലഭ്യം ഉണ്ടാകുന്നപക്ഷം ഈ സ്റ്റേറ്റിലെ എല്ലാ വിധത്തിലുമുള്ള ആളുകൾക്കും എല്ലാ പ്രദേശങ്ങൾക്കും അതു് ഒരുപോലെ ബാധകമാകത്തക്കവണ്ണം അതിലേക്കു ഗവമെന്റ് പ്രത്യേകം നിഷ്കർഷിക്കുന്നതാണ്.

പിന്നെ അദ്ദേഹം പറഞ്ഞതു് ആലപ്പുഴയും കുറെ കപ്പലുകൾ അടുക്കുന്നതിനു വ്യവസ്ഥ ചെയ്യുന്നപക്ഷം എല്ലാ വിധത്തിലും അതു ഗുണപ്രദമായിരിക്കുമെന്നാണ്. അതു ഗവമെന്റിനും സമ്മതമുള്ള ഒരു സംഗതിയാണ്. അതിലേയ്ക്കു് വേണ്ട നിവേദനങ്ങൾ ഗവമെന്റ് ഇൻഡ്യാ ഗവമെന്റുമായി നടത്തിക്കൊണ്ടിരിക്കുകയാണ്. ൧൯൫൮ അവസാനത്തിൽ മൂന്നോ രണ്ടോ കപ്പലുകൾ ആലപ്പുഴ തുറമുഖത്തടുക്കുകയുമുണ്ടായി: ൧൯൫൯—൬൦ ആകുംപോഴേയ്ക്കും ആലപ്പുഴയും കൊല്ലത്തും കപ്പലുകൾ അടുക്കുന്നതിനു വ്യവസ്ഥകൾ ചെയ്യാമെന്നാണ് ഇൻഡ്യാ ഗവമെന്റ് ഈ ഗവമെന്റിനെ അറിയിച്ചിട്ടുള്ളതു്. ആലപ്പുഴ തുറമുഖത്താണെങ്കിൽ ശരിയായി കപ്പലുകൾ അടുക്കാത്തതുനിമിത്തം അവിടത്തെ തൊഴിലാളികൾക്ക് ശരിയായി ജോലി കിട്ടുന്നില്ല. തൽഫലമായി അവർ പട്ടിണിക്ക് വിധേയരായിരിക്കുന്നു എന്നും നിവേദനങ്ങൾ ഗവമെന്റിന് ലഭിച്ചിട്ടുണ്ട്. അതു മാത്രമല്ല, അവിടെ കപ്പലുകൾ അടുക്കുന്നപക്ഷം അരിയുടെ വിലയ്ക്കു് സ്വല്പം വ്യത്യാസം വരുമെന്ന് കണക്കുകൾകൊണ്ടു് കാണുന്നുണ്ട്. ഈ കാര്യത്തിൽ ഗവമെന്റ് മുൻകൈ എടുത്തു് പ്രവർത്തിച്ചിട്ടുണ്ട്. ആലപ്പുഴയും കൊല്ലത്തും ൧൯൫൯—൬൦-ൽ കപ്പലുകൾ അടുക്കുമെന്നമാണ് ഗവമെന്റ് പ്രതീക്ഷിക്കുന്നതു്.

പിന്നെ ഇവിടെ പറഞ്ഞതു് ഹോൾസെയിൽസ് ഡിപ്പോകളെ പററിയാണ്. ഗവമെന്റിന്റെ ആഭിമുഖ്യത്തിൽ അഞ്ചു കേന്ദ്രങ്ങളിലാണ് ഇപ്പോൾ ഹോൾ സെയിൽസ് ഡിപ്പോകൾ സ്ഥാപിച്ചിട്ടുള്ളതു്. ഹോൾ സെയിൽസ് കച്ചവടക്കാരെ പാടെ വേണ്ടെന്നുവച്ചിട്ട് ഗവമെന്റുതന്നെ ഈവക കാര്യങ്ങൾ ഏറെറടുത്തു നടത്തണമെന്നുള്ളതാണ് ഗവമെന്റിന്റെ പ്രഖ്യാപിത നയം. എന്നാൽ എല്ലാ ദിക്കിലും ഒരേ സമയത്തു ഇങ്ങനെയുള്ള കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് തൽക്കാലം നിവൃത്തിയില്ലാതെയാണിരിക്കുന്നതു്. അതിനു പ്രായോഗികമായിട്ടുള്ള രണ്ടു വൈഷമ്യങ്ങൾ ഉണ്ട്. എല്ലാ കേന്ദ്രങ്ങളിലും വേണ്ടത്ര ഭക്ഷ്യധാന്യങ്ങൾ ശേഖരിക്കുന്നതിന് ആവശ്യമായ ഗോഡൌണുകൾ ഉടനെ ഉണ്ടാക്കുന്നതിനു പ്രായോഗികമായി പല വൈഷമ്യങ്ങളുമുണ്ട്. രണ്ടാമതു ഡിപ്പോ ആഫീസറന്മാരായിരിക്കുന്നതിനു പ്രായോഗികപരിജ്ഞാനം സിദ്ധിച്ചിട്ടുള്ള ആളുകളെ കിട്ടുന്നതിനും ബുദ്ധിമുട്ടുകൾ നേരിട്ടിട്ടുണ്ട്. ഈ രണ്ടു കാരണങ്ങളാലാണ് ഇതിനകം അതു വ്യാപിപ്പിക്കാതിരിക്കാൻ ഇടയായിട്ടുള്ളതു്. ൧൯൫൯—൬൦-ൽ കൂടുതൽ കേന്ദ്രങ്ങളും ഗോഡൌണുകളും സ്ഥാപിച്ച്

[Sri. T. K. Narayana Pillai]

സംഭരണം കൂടുതൽ കാര്യക്ഷമമാക്കണമെന്നുതന്നെയാണ് ഗവമ്മെൻറ് ഉദ്ദേശിക്കുന്നതു്. ഒരു ദിക്കിൽ ഇങ്ങനെ ഒരു പ്രധാന ഡിപ്പോ സ്ഥാപിക്കുന്നതോടുകൂടിത്തന്നെ ആ താലൂക്കിൻെറ പല ഭാഗങ്ങളിലും സബ്ഡിപ്പോകൾ സ്ഥാപിക്കേണ്ടതും ആവശ്യമാണ്. തിരുവനന്തപുരത്തു ഇപ്പോൾ ഒരു പ്രധാന ഡിപ്പോ സ്ഥാപിച്ചിട്ടുണ്ട്. ആ ഡിപ്പോയിൽനിന്നുതന്നെ എല്ലാ ചില്ലറ വ്യാപാരികളും ഭക്ഷ്യധാന്യങ്ങൾ വാങ്ങിക്കൊള്ളണമെന്നു നിർബന്ധിക്കുന്നപക്ഷം വ്യാപാരികൾക്കു് കൂടുതൽ ചിലവുണ്ടാകുമെന്നു മാത്രമല്ല, വേണ്ട സമയത്തു് അരി കിട്ടുന്നതിനു് പ്രയാസമുണ്ടായി എന്നും വരും. അതുകൊണ്ടു് ഏതെങ്കിലും താലൂക്കിൽ ഒരു ഹോൾസെയിൽ ഡിപ്പോ സ്ഥാപിക്കുകയാണെങ്കിൽ അതിനോടനുബന്ധിച്ചു് കുറെ സബ്ഡിപ്പോകൾ സ്ഥാപിക്കേണ്ടതും ആവശ്യമാണ്. അതുകൊണ്ടാണ് കഴക്കൂട്ടത്തു അടുത്തുതന്നെ ഒരു സബ്ഡിപ്പോ തുറന്നിട്ടുള്ളതു്. പ്രായോഗികവശങ്ങളെ പരിഗണിച്ചു് എൻ ഇ എ— ഇ വ-ൽ എത്രമാത്രം ഡിപ്പോകൾ കൂടുതൽ സ്ഥാപിക്കുവാൻ സാധിക്കുമോ അത്രയും ഡിപ്പോകൾ സ്ഥാപിക്കണമെന്നുതന്നെയാണ് ഗവമ്മെൻറ് ഉദ്ദേശിക്കുന്നതു്.

ഭക്ഷ്യധാന്യങ്ങൾ ട്രാൻസ്പോർട്ട് നടത്തിക്കൊണ്ടിരിക്കുന്ന സമയത്തു് അതിലുണ്ടാകുന്ന ചോർച്ചയെപ്പററിയാണ് മറെറാരാക്ഷേപം ഇവിടെ ഉന്നയിച്ചതു്. അങ്ങിനെ കുറച്ചു് ചോർച്ചയുണ്ടായിട്ടുണ്ടെന്നു ഗവമ്മെൻറും സമ്മതിക്കുന്നു. എന്നാൽ ഇന്നു് നിലവിലിരിക്കുന്ന റൂളുകളനുസരിച്ചു് ഇതിൻെറ പരിഹാരത്തിനായി ട്രാൻസ്പോർട്ടിംഗ് കൺട്രാക്ടരന്മാരുമായിട്ടുള്ള കരാറുകളിൽ ചില പ്രത്യേക വ്യവസ്ഥകൾ ഉൾപ്പെടുത്താൻ ഏർപ്പാടു ചെയ്തിട്ടുണ്ട്. സാധാരണ കേസുകളിൽ ൦·൫ ശതമാനം ഷോർട്ടേജ് അനുവദിക്കുന്നുണ്ട്. അതിൽ കൂടുതൽ ഷോർട്ടേജ് ഉണ്ടാകുകയാണെങ്കിൽ തിരുവിതാംകൂർ വിഭാഗത്തിലെ വ്യവസ്ഥയനുസരിച്ചു് ഷോർട്ടേജ് എത്രയുണ്ടോ അതിൻെറ മൂന്നിരട്ടിവില കൺട്രാക്ടരന്മാർ കെട്ടിവെയ്ക്കണമെന്നുണ്ട്. കൊച്ചിയിലാണെങ്കിൽ ഷോർട്ടേജ് വരുന്ന തുകമാത്രം അതിൻെറ അന്നന്നുള്ള മാർക്കററുവിലയനുസരിച്ചുള്ള തുക കെട്ടിവെച്ചാൽ മതിയെന്നാണ് വ്യവസ്ഥ. പക്ഷെ തിരുവിതാംകൂറിൽ മൂന്നിരട്ടി കെട്ടിവെയ്ക്കാൻ കൺട്രാക്ടരന്മാർ ബാദ്ധ്യസ്ഥരാണ്. അങ്ങിനെ പലരിൽനിന്നും ഈടാക്കിയിട്ടുമുണ്ട്. ഇങ്ങനെ ഒരു പീനൽക്ലാസ് വയ്ക്കുകയും അതു പ്രയോഗത്തിൽ കൊണ്ടുവരുന്നതിനു് ഗവമ്മെൻറ് ശ്രമിക്കയും ചെയ്തതിൻെറ ഫലമായി ചോർച്ച സാമാന്യേന ഇല്ലാതായിട്ടുണ്ടെന്നുതന്നെ പറയാം.

ശ്രീ. പി. എസ്സ്. നടരാജപിള്ള അവർകൾ വളരെ പ്രധാനപ്പെട്ട ഒരു നിർദ്ദേശം തരികയുണ്ടായി. ഭക്ഷ്യകാര്യത്തിൽ താരതമ്യേന ഇപ്പോൾ ഒരു നല്ലകാലമായതുകൊണ്ടു് ഇവിടെയുള്ള എല്ലാ ഡിപ്പോകളിലും ഒരുപോലെ ഭക്ഷ്യധാന്യങ്ങൾ ശേഖരിക്കുന്നതിനു് സൗകര്യമുണ്ടെന്നും അതുകൊണ്ടു് ഏതെങ്കിലും കേന്ദ്രത്തിൽ കൂടുതൽ സംഭരിക്കുന്നതു അനാശാസ്യമായിരിക്കുമെന്നും അദ്ദേഹം പറയുകയുണ്ടായി. അതിനെ സംബന്ധിച്ചു് ഗവമ്മെൻറിൽനിന്നും വേണ്ട നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ട്. ഹോൾ സെയിൽ ഡിപ്പോകളിലുള്ള സ്റ്റാക്കിൻെറ വിവരം ഓരോ ദിവസവും ഗവമ്മെൻറിനെ അറിയിക്കണമെന്നു കാണിച്ചു് നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ട്. ഏതെങ്കിലും ഡിപ്പോയിൽ ഭക്ഷ്യധാന്യങ്ങൾ താരതമ്യേന കുറവാണെന്നു് ബോദ്ധ്യമാകുന്നപക്ഷം അതു പരിഹരിക്കുന്നതിനു വേണ്ട നിർദ്ദേശങ്ങളും അപ്പോഴപ്പോൾ കൊടുത്തുകൊണ്ടിരിക്കയാണ്. അതുകൊണ്ടു് ആ വിഷയത്തിൽ യാതൊരു ന്യൂനതയും മേലാൽ ഉണ്ടാകയില്ലെന്നാണ് ഗവമ്മെൻറ് പ്രതീക്ഷിക്കുന്നതു്.

ജി. പി. തഹശീൽദാരന്മാർ ഇത്രയും ആവശ്യമില്ലെന്ന ശ്രീ. കളത്തിൽ വേലായുധൻനായർ പറയുകയുണ്ടായി. കുറച്ചുമാസങ്ങൾ കഴിഞ്ഞാൽ ജി. പി. തഹശീൽദാരന്മാർ ഇന്നിരിക്കുന്ന രീതിയിലും വലിപ്പത്തിലും ഒരുപക്ഷേ വേണ്ടെന്നുവന്നേക്കാനും ഇടയുണ്ട്. പുതിയ നെല്ലെടുപ്പുപദ്ധതി അതിന്റെ പൂർണ്ണമായ രൂപത്തിൽ പ്രവർത്തനം ആരംഭിച്ചതിനുശേഷം മാത്രമേ ജി. പി. തഹശീൽദാരന്മാരുടെ എണ്ണം കുറക്കത്തക്കതാണോ അല്ലയോ എന്നതിനെപ്പററി അവസാനമായ ഒരു തീരുമാനം എടുക്കാൻ സാധിക്കയുള്ളു. ദേവികുളം, പീരുമേട് എന്നീ സ്ഥലങ്ങളെയാണ് അദ്ദേഹം ഉദാഹരണമായി ചൂണ്ടിക്കാണിച്ചത്. എല്ലാ ദിക്കിലുംതന്നെ ജി. പി. തഹശീൽദാരന്മാക്ക് വേറെയും ജോലികൾ ഉണ്ട്. റേഷനിംഗ് സംബന്ധിച്ച എല്ലാ അധികാരങ്ങളും അവരിലാണ് നിക്ഷിപ്തമായിരിക്കുന്നത്. റേഷൻകടകൾ ശരിയായി പ്രവർത്തനം നടത്തുന്നുണ്ടോ എന്നു പരിശോധിക്കേണ്ടതും ആരെങ്കിലും കൊള്ളകൾ നടത്തുന്നുണ്ടോ എന്നും മററും പരിശോധിച്ച് റിപ്പോർട്ട്ചെയ്യേണ്ടതും അവരുടെ ചുമതലയാണ്. ഭക്ഷ്യോൽപ്പാദനവർദ്ധനവിനുള്ള പദ്ധതികളെപ്പററി അന്വേഷണം നടത്തി നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിനും ജി. പി. തഹശീൽദാരന്മാക്ക് അധികാരമുണ്ട്. ദേവികുളത്തിനേയും പീരുമേട്ടിനേയുംപററി പ്രത്യേകം പറയുകയാണെങ്കിൽ, അവ രണ്ടും റേഷനിംഗിന്റെ ആവശ്യം വളരെ കൂടുതലായിട്ടുള്ള സ്ഥലങ്ങളാണ്. അതുകൊണ്ട് റേഷനിംഗ് കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോ എന്നു സൂക്ഷ്മമായി പരിശോധിക്കേണ്ട ചുമതലയും അവിടത്തെ ജി. പി. തഹശീൽദാരന്മാക്കുണ്ട്. അതിനാൽ അവിടെയുള്ള ജി. പി. തഹശീൽദാരന്മാരെ ജോലിയിൽനിന്നും വിടുത്തുവാൻ സാദ്ധ്യമാണോ എന്നു ഞാൻ സംശയിക്കുന്നു.

ജി. പി. തഹശീൽദാരന്മാരുടെ നിയമനകാര്യത്തെ സംബന്ധിച്ചും അദ്ദേഹം ചിലതു പറയുകയുണ്ടായി. എന്നാൽ യഥാത്ഥവിവരങ്ങൾ ഇതാണ്. താല്ക്കാലികമായി പബ്ലിക്ക് സവ്വീസ് കമ്മീഷന്റെ അനുമതിക്ക് വിധേയമായി ചില നിയമനങ്ങൾ നടത്തുകയാണുണ്ടായത്. നെല്ലുസംഭരണത്തിനുള്ള സമയം ആരംഭിച്ചിരുന്നതുകൊണ്ടും ഉടനെതന്നെ അതിനുവേണ്ട ഉദ്യോഗസ്ഥന്മാർ ജോലിയിൽ എപ്പേടേണ്ടതു അത്യാവശ്യമായിരുന്നതുകൊണ്ടും പെട്ടെന്നു താല്ക്കാലികമായി പബ്ലിക്ക് സവ്വീസ് കമ്മീഷന്റെ അനുമതിക്ക് വിധേയമായി നടത്തിയ ചില നിയമനങ്ങളായിരുന്നു അവ. അതിനെ സംബന്ധിച്ച് പബ്ളിക്ക് സവ്വീസ് കമ്മീഷനെ അറിയിക്കുകയും അതിന്റെ ഫലമായി ആദ്യം നിയമിക്കപ്പെട്ടവരിൽ ഇന്നയിന്ന ആളുകളെ ജോലിയിൽ തുടന്നുപോകുവാൻ അനുവദിക്കുന്നതിനു സാദ്ധ്യമല്ലെന്നുള്ള വിവരം പബ്ളിക്ക് സവ്വീസ് കമ്മീഷൻ ഗവമ്മെൻറിനെ അറിയിക്കയുമാണ് ചെയ്തിട്ടുള്ളത്. അതിനെ തുടന്നാണ് അവരിൽ പത്തോ പതിനൊന്നോ പേക്ക് ജി. പി. തഹശീൽദാരന്മാരായി തുടരുവാൻ സാധിക്കാതെ വന്നത്. പബ്ളിക്ക് സവ്വീസ് കമ്മീഷന്റെ ആ നിർദ്ദേശം ഗവമ്മെൻറ് സ്വീകരിച്ചിട്ടുണ്ട്. അതിൽ യാതൊരു ക്രമക്കേടുകളും ഉണ്ടായിട്ടില്ലെന്നു ബഹുമാനപ്പെട്ട മെമ്പറെ ഞാൻ അറിയിച്ചുകൊള്ളുന്നു.

ബഡ്ജററിൽ സ്റ്റാഫ് കുറച്ചിട്ടുള്ളതായി കാണുന്നു എന്ന് ശ്രീ. പി. എസ്സ്. നടരാജപിള്ള പറയുകയുണ്ടായി. അതു ശരിയാണ്. സെൻട്രൽ ഡിപ്പോയിലുള്ള ഏതാനും സ്റ്റാഫ് കുറവു ചെയ്തിട്ടുണ്ട്. അതു ഒരു പ്രത്യേക ഉദ്ദേശത്തോടുകൂടിയാണ്. സെൻട്രൽ ഡിപ്പോയിലെ ഉദ്യോഗസ്ഥന്മാർ നിവ്വഹിക്കേണ്ട

[Sri. T. K. Narayana Pillai]

തായ കാര്യങ്ങൾ പരിമിതപ്പെടുത്തുന്നതിന് ഇടയുള്ളതുകൊണ്ട് ഇന്ന് അവിടെയുള്ള ഉദ്യോഗസ്ഥന്മാരെ എല്ലാം മേലിലും വെച്ചുകൊണ്ടിരിക്കുവാൻ നിവൃത്തിയില്ലാത്തതുകൊണ്ടാണ് അവിടത്തെ ഉദ്യോഗസ്ഥന്മാരുടെ എണ്ണം കുറയ്ക്കുവാൻ തീരുമാനിച്ചിട്ടുള്ളത്.

വളം നൽകുന്നതിൽ സൗജന്യം അനുവദിക്കേണ്ട ആവശ്യത്തെപ്പററിയും അഭിപ്രായം പറയുകയുണ്ടായി. കൃഷിക്കാരന് അളപ്പിക്കുന്ന നെല്ലിന് പറ ഒന്നിന് ൪ അണവീതം മന്യൂവറിംഗ് സബ്സിഡി കൊടുക്കണമെന്ന് ഗവൺമെൻറ് നിശ്ചയിച്ചിട്ടുണ്ട്. ആ നിശ്ചയം നടപ്പിൽ വന്നിട്ടുമുണ്ട്. അതിൽ കൂടുതലായി എന്തെങ്കിലും സൗജന്യം അനുവദിക്കണമെന്ന് ഇപ്പോൾ ഉദ്ദേശിക്കുന്നില്ല. ഇങ്ങനെ മന്യൂവറിംഗ് സബ്സിഡിയായി ഒരു പറ നെല്ലിന് ൪ അണ വീതം യഥാർത്ഥകൃഷിക്കാരന് ൧൧൨൩ ധനുമാസംമുതൽ കിട്ടാനിടയുള്ളതുകൊണ്ട് കൂടുതലായി എന്തെങ്കിലും സൗജന്യം അനുവദിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

ദക്ഷിണതിരുവിതാംകൂറിൽ കൃഷിക്കാർക്ക് നിലക്കടലപ്പിണ്ണാക്ക് കിട്ടുന്നില്ലെന്നുള്ള ഒരു പരാതിയുണ്ട്. അതിനെപ്പററി അന്വേഷിക്കാം. നിലക്കടലപിണ്ണാക്ക് കൂടുതൽ കിട്ടുന്നതിനുള്ള ആലോചനകൾ ഇപ്പോൾ നടന്നുകൊണ്ടിരിക്കയാണ്. കൂടുതൽ കിട്ടികഴിഞ്ഞാൽ മിക്കവാറും ഒരു ഭാഗത്തും ക്ഷാമമുണ്ടാകാതെ വിതരണം ചെയ്യാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. കൂടുതലായി എനിക്കൊന്നും പറയുവാനില്ല.

ശ്രീ. വി. ഗംഗാധരൻനായർ: ചില്ലറ വ്യാപാരികൾ ഷാർട്ടേജ് വക വെച്ചുകിട്ടണമെന്നു ആവശ്യപ്പെട്ടിട്ടുള്ളതിനെപ്പററി എന്തെങ്കിലും തീരുമാനം ആയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതു ഗവൺമെൻറിൻെറ ആലോചനയിൽ ഇരിക്കയാണ്. അവസാനതീരുമാനം ആയിട്ടില്ല.

The Cut motions moved by Sri. D. Gnanasigamoni, Sri. A. Thanu Pillai, Sri. N. K. Krishna Pillai and Sri. K. Velayudhan Nair were *put and lost*.

The question that the Government be granted a sum of Rs. (—)2,92,98,400 under Demand No. XL—Capital Outlay on Government Trading Schemes was put and carried.

The grant was made.

DEMAND No. XXVI—Labour and Miscellaneous

Minister for Education, Food and Labour **(Sri. T. K. Narayana Pillai):** Sir, I move for a grant of Rs. 18,98,200 under Demand No. XXVI—Labour and Miscellaneous.

Minister for Law, Finance and Revenue **(Sri. A. J. John):** I second the motion.

Sir A. K. Patchu Pillai: Sir, I move "To reduce the allotment of Rs. 9,000 for pay of Labour Commissioner by Re 1"

സർ, ഈ വിഷയത്തെസംബന്ധിച്ചു ഞാൻ മൂന്നുപക്ഷേപങ്ങളാണ് അയച്ചിട്ടുള്ളതു. ലേബർകമ്മിഷണരുടെ ശമ്പളമായ ൯,൦൦൦ ക. യിൽനിന്നു ൧ ക. കുറയ്ക്കണം എന്ന ഒന്നാമത്തെ ഉപക്ഷേപവും അസിസ്റ്റൻറ് കമ്മീഷണരുടെ ശമ്പളമായ ൧൦,൪൮൦ ക. യിൽനിന്നു ൧൮൦ ക. കുറയ്ക്കണം എന്ന നാലാമത്തെ ഉപക്ഷേപവും ആകത്തുകയായ ൧൮,൯൮,൨൦൦ ക. യിൽനിന്നു ൧൦൦ ഉറപ്പിക കുറക്കണമെന്നുള്ള ൨൪-ാമത്തെ ഉപക്ഷേപവും ആണവ.

ആദ്യത്തെ ഉപക്ഷേപത്തെ സ്പർശിച്ചു പ്രസംഗിക്കുന്ന കൂട്ടത്തിൽ മററു ഉപക്ഷേപങ്ങളിൽ അടങ്ങിയിരിക്കുന്ന തത്വങ്ങളെപ്പററിയും പ്രതിപാദിക്കണമെന്നാണു് ഞാൻ ഉദ്ദേശിക്കുന്നതു്. സർ, തിരുവിതാംകൂർ കൊച്ചി സംസ്ഥാനത്തെ തൊഴിലാളികളെ നാലായിട്ടു തരംതിരിക്കാവുന്നതാണു്. ഫാക്ടറി തൊഴിലാളികൾ, തോട്ടം തൊഴിലാളികൾ, കർഷകതൊഴിലാളികൾ, മററു വിവിധ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ ഇങ്ങിനെ ഇവിടെയുള്ള തൊഴിലാളികളെ നാലായിട്ടു തരം തിരിക്കാവുന്നതാണു്. അതിൽ ഫാക്ടറി തൊഴിലാളികളാണെങ്കിൽ അവർ ഏകദേശം സംഘടിച്ചുതന്നെയാണു് നിൽക്കുന്നതു്. അവക്കു ഒന്നായിനിന്നു അവരുടെ അവശതകൾ പരിഹരിക്കുന്നതിനു, മുതലാളികളോടു വിലപേശിനിന്നു അവരുടെ കാര്യങ്ങൾ നടത്തുന്നതിനു, അവരുടെ അവശതകൾ പരിഹരിക്കുന്നതിനു, അവർക്കു അവസരം കിട്ടിയിട്ടുണ്ടു്. തോട്ടംതൊഴിലാളികളും മററു തൊഴിലാളികളും വളരെ അസംഘടിതരായിട്ടാണു് ഇവിടെ നിൽക്കുന്നതു്. അനേകം തോട്ടങ്ങളും തോട്ടം തൊഴിലാളികളുമുള്ള പല കേന്ദ്രങ്ങളും ഈ സംസ്ഥാനത്തുണ്ടു്. ശരിയായവിധത്തിൽ സംഘടിച്ചു നിൽക്കുന്നതിനുള്ള സൗകര്യങ്ങൾ അവക്കില്ല. പ്രകൃതിദത്തമായ അസൗകര്യങ്ങൾകൊണ്ടും മുതലാളികളുടെ അല്ലെങ്കിൽ തോട്ടം ഉടമസ്ഥന്മാരുടെ സാമ്പത്തികമായ വളരെവലിയ ഉന്നത നിലകൊണ്ടും അവർ—മുതലാളികൾ—തമ്മിലുള്ള സംഘടനാശക്തികൊണ്ടുമാണു് തോട്ടം തൊഴിലാളികൾക്കു ശരിയായി സംഘടിച്ചുനിന്നു അവരുടെ അവശതകൾ പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ നേടുന്നതിനു പ്രയാസമായിരിക്കുന്നതു്. അതുപോലെതന്നെ കർഷകതൊഴിലാളികളാണെങ്കിൽ ഈ സംസ്ഥാനത്തിന്റെ വിവിധഭാഗങ്ങളിലായി അവർ ചിന്നിച്ചിതറി കിടക്കുന്നു. അവരിൽ അധികം ആളുകളും സ്വന്തമായി താമസിക്കുന്നതിനു സ്ഥലമില്ലാത്തവരാണു്. വസ്തു ഉടമസ്ഥന്മാരുടെ ദയകൊണ്ടു അവരുടെ വസ്തുവിൽ താമസിച്ചുപോരുന്നവരാണു് അവരധികവും. അവരുടെ ജോലിക്കു ഒരു സ്ഥിരതയില്ല. ഇവിടെ കുടിയിറക്കുനിരോധന നിയമമുണ്ടെങ്കിലും കർഷകതൊഴിലാളികളുടെ അവശതകളെ പരിഹരിക്കുന്നതിനു അവ പര്യാപ്തമല്ല. ആ നിയമം പാസായതിനുശേഷം അനേകം കർഷകതൊഴിലാളികൾ കിടക്കുന്നതിനു സ്ഥലമില്ലാതെ കഷ്ടപ്പെട്ടു വസ്തു ഉടമസ്ഥന്മാരുടെ അടുത്തുചെന്നു് താമസിക്കുവാനൊരു സ്ഥലംതരണമെന്നു ആവശ്യപ്പെടുമ്പോൾ ഞങ്ങൾ നിങ്ങളെ ഞങ്ങളുടെസ്ഥലത്തു താമസിക്കുവാൻ അനുവദിക്കുന്നില്ല എന്ന മറുപടിയാണു് കിട്ടിക്കൊണ്ടിരിക്കുന്നതു്. കൂടാതെ വസ്തു ഉടമസ്ഥമാർ ഇന്നത്തെ വ്യവസ്ഥിതിയിൽ പോലിസുമായി വളരെ അടുത്ത സമ്പക്ത്തിലിരിക്കുന്നതുകൊണ്ടു ആവർ വിചാരിക്കുന്ന സമയത്തു അവരുടെ വസ്തുക്കളിൽ താമസിക്കുന്ന കർഷകതൊഴിലാളികളെ നിശ്ശേഷം ആ സ്ഥലത്തുനിന്നു ഇറക്കിവിടുന്നതിനു സാധിക്കുകയും ചെയ്യും. കുടിയിറക്കുനിരോധന നിയമത്തിനു വിപരീതമായി പല വസ്തു ഉടമസ്ഥന്മാരും അവരുടെ സ്ഥലത്തു താമസിക്കുന്ന ആളുകളെ ഇറക്കിവിട്ടിട്ടുണ്ടെങ്കിലും അവർക്കു ആ സ്ഥലമുടമസ്ഥന്മാരുടെപേരിൽ കേസുകൊടുക്കുന്നതിനു നിവൃത്തിയില്ലാതെയും താമസിക്കുന്നതിനു വേറെ സ്ഥലം കിട്ടാതെയും വളരെ ദുരിതങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നുണ്ടെന്നുള്ളതു ഒരു പരമാർത്ഥമാണു്.

ഇവിടെ ഒരു ലേബർ ഡിപ്പാർട്ടുമെന്റുണ്ടു്. ഒരു ലേബർ കമ്മീഷണരും ഉണ്ടു്. ലേബർകമ്മീഷണരുടെ കീഴിൽ അസിസ്റ്റന്റു കമ്മീഷണറന്മാരും ഇൻസ്പെക്ടർമാരും വെൽഫയർ ആഫീസറന്മാരും അസിസ്റ്റന്റു വെൽഫയർ ആഫീ

[Sri. A. K. Patchu Pillai]

സറന്മാരും ഉണ്ട്. അവർ എല്ലാവരും, വേണ്ടവിധത്തിൽ സംഘടിക്കപ്പെടാതെ കിടക്കുന്ന തൊഴിലാളികളുടെ ക്ഷേമങ്ങൾ അന്വേഷിച്ചു അവർ അനുഭവിക്കുന്ന അവശതകളെക്കുറിച്ചു അന്വേഷിച്ചു അതിനുവേണ്ട നിവാരണമാർഗ്ഗങ്ങൾ ഉണ്ടാക്കി അവക്കുള്ള അവശതകളെ പരിഹരിക്കുന്നതിനു യാതൊരു നടപടിയും ശരിയായി നടത്തിക്കാണുന്നില്ലെന്നുള്ളതു് ഒരു പരമാർത്ഥമാണു്. ലേബർ ഇൻസ്പെക്ഷനെപ്പററി അടുത്തകാലത്തു യു. എൻ. ഒ. യുടെ കീഴിൽ പ്രവർത്തനം നടത്തുന്നതായ ഏഷ്യൻ റീജിയനൽ കാൺഫറൻസിൽ ചില നിശ്ചയങ്ങൾ പാസാക്കുകയും അതനുസരിച്ചു ഘടകരാജ്യങ്ങൾ പ്രവർത്തിക്കണമെന്നു അനുശാസിക്കുകയും ചെയ്തിട്ടുണ്ടു്. അതനുസരിച്ചു ലേബർ ഇൻസ്പെക്ഷൻസ് എതെല്ലാം വിധത്തിലാണു് നടത്തേണ്ടതെന്നു ശരിയായ ചില നിയമങ്ങൾതന്നെ അവർ ഉണ്ടാക്കിയിട്ടുണ്ടു്. ലേബർ കമ്മീഷണരും ലേബർ ഇൻസ്പെക്ടർമാരും കൂടക്കൂടെ തൊഴിലാളികളുടെ സങ്കേതങ്ങളിൽ യാത്രചെയ്യുകയും കൂടുതൽ അവശത അനുഭവിക്കുന്ന സ്ഥാനങ്ങളിൽചെന്നു അവരെ സന്ദർശിച്ചു അവരുടെ സങ്കടങ്ങളെകേട്ടു അവരുമായി സമ്പർക്കത്തിലേർപ്പെട്ടു കഴിയുന്നത്ര അവരുടെ അവശതകൾ പരിഹരിച്ചുകൊടുക്കണമെന്നാണു് അവർ നിശ്ചയം ചെയ്തിട്ടുള്ളതു്. ഇന്നാണെങ്കിൽ ഇവിടെ വളരെ വലിയ വിഷമങ്ങൾ ഉണ്ടാകുന്ന അവസരത്തിൽ അല്ലെങ്കിൽ സ്ട്രൈക്കുകൾ ഉണ്ടാകുന്ന അവസരത്തിൽ പോലീസുകാരും മററും ഇടപെട്ടു്സമാധാനഭംഗം ഉണ്ടാകുന്ന അവസരത്തിൽ ചിലപ്പോൾ ഈ ഉദ്യോഗസ്ഥന്മാർ ആ സ്ഥലത്തു സഞ്ചരിക്കാറുണ്ടു്. പതിവായി അവരുടെ സങ്കടങ്ങൾകേട്ടു് അതിനു വേണ്ട നിവാരണമാർഗ്ഗങ്ങൾ ഉണ്ടാക്കുന്നതിനുവേണ്ടി മാസത്തിൽ ഒരിക്കലോ ആണ്ടിൽ രണ്ടോ മൂന്നോ പ്രാവശ്യമോ നേരിട്ടു തൊഴിലാളികളുമായി സമ്പർക്കത്തിലേർപ്പെട്ടു അവർ അനുഭവിക്കുന്ന അവശതകൾക്കു് ആവശ്യമായ പരിഹാരം ഉണ്ടാക്കുന്നതിനു പകരം ഇങ്ങനെയുള്ള ആപത്തുള്ള സന്ദർഭങ്ങളിൽ മാത്രമാണു് അവർ അവരുടെ ഇടയിൽ സഞ്ചരിക്കുന്നതു്. അതു ഇൻറർ നാഷണൽ ലേബർ അസോസിയേഷൻെറ ശാസനയ്ക്കു വിപരീതമായ ഒരു പ്രവർത്തിയാണു്. ലേബർ ഇൻസ്പെക്ടർമാരും ലേബർകമ്മീഷണർ തന്നെയും പീരുമേട്, മുണ്ടക്കയം, പത്തനാപുരം, ദേവികുളം, നെടുമങ്ങാട്ടു് മുതലായ സ്ഥലങ്ങളിലെ തോട്ടങ്ങളിൽ അസംഘടിതരായി തോട്ടംതൊഴിലാളികളുടെഇടയിൽ സഞ്ചരിച്ചു അവരുടെ ദയനീയസ്ഥിതിയെപ്പററിയും കഷ്ടതകളെപററിയും വേണ്ട അന്വേഷണംനടത്തി ആ തൊഴിലാളികളുടെ അവശതകൾ പരിഹരിക്കണമെന്ന ഒരു ശാസനംതന്നെ ഗവമ്മെൻറിൽനിന്നും അവക്കു കൊടുക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. ഇന്നു ഇംഗ്ലണ്ടു് ഭരിച്ചുകൊണ്ടിരിക്കുന്നതു ട്രേയിഡ് യൂണിയൻ അടിസ്ഥാനത്തിൽ സംഘടിക്കപ്പെട്ട ഒരു പൊളിററിക്കൽ ബോഡിയാണു്. ലോകത്തിൽ ഇന്നു ഏററവും വലിയ ശക്തികളായിരിക്കുന്ന റഷ്യയും ചൈനയും ട്രേയിഡ് യൂണിയൻെറ അടിസ്ഥാനത്തിൽ സംഘടിക്കപ്പെട്ട പാർട്ടിയുടെ സഹായംകൊണ്ടു അധ്വാനിക്കുന്നവർഗ്ഗങ്ങളുടെ ഏകാധിപത്യം സ്ഥാപിച്ചിട്ടു് ഇന്നു് അവർ ആ രാജ്യങ്ങൾ ഭരിച്ചുവരുന്നു. ഇൻഡ്യൻ കാൺസ്റ്റിറ്റ്യൂഷനിലാണെങ്കിൽ സംഘടനകൾ ഉണ്ടാക്കുന്നതിനും സംഘടിച്ചു നില്ക്കുന്നതിനും പ്രത്യേകം സ്വാതന്ത്ര്യം അനുവദിച്ചിരിക്കുന്നു. യു. എൻ. ഒ. യുടെ കാൺഫറൻസിൽപോലും ഏതുവിധം സംഘടിക്കുന്നതിനും തൊഴിലാളികൾക്കു പരിപൂർണ്ണ സ്വാതന്ത്ര്യം കൊടുത്തിരിക്കുന്നുവെന്നു മാത്രമല്ല ട്രെയിഡുയൂണിയൻ അടിസ്ഥാനത്തിലുള്ള തൊഴിലാളികളുടെ സകല അവകാശങ്ങളും സംരക്ഷിച്ചുകൊടുക്കുന്നതാണെന്നും പ്രഖ്യാപനംചെയ്തിരിക്കുന്നു. അങ്ങനെയുള്ള പശ്ചാത്തലത്തിലാണു് നാം ഇന്നു ജീവിക്കുന്നതു്. എന്നാൽ നമ്മുടെ ഈ നാട്ടിലെ തൊഴി

ലാളികളെ സംബന്ധിച്ചിടത്തോളവും തൊഴിൽതക്കങ്ങളെ സംബന്ധിച്ചിടത്തോളവും നോക്കുകയാണെങ്കിൽ തോട്ടങ്ങളിൽ ഒന്നുംതന്നെ തൊഴിലാളികൾ ശരിയായി സംഘടിക്കുന്നതിനു അനുവദിച്ചിട്ടില്ല. ഏതെങ്കിലും കുറെ തൊഴിലാളികൾ അവരെ സംഘടിപ്പിച്ചു അവരുടെ ഇടയിൽ പ്രവർത്തനം നടത്തുന്നപക്ഷം തോട്ടമുടമസ്ഥന്മാർ അവരുടെ ഇടയിൽ യോജിപ്പില്ലാതെയാക്കിത്തീർത്തു വളരെ വൈഷമ്യങ്ങൾ ഉണ്ടാക്കിത്തീർത്തു് മിക്കവാറും അവിടെ ട്രെയിഡ്യൂണിയൻ പ്രവർത്തനംതന്നെ അസാധ്യമാക്കിത്തീർക്കുന്നുവെന്നുള്ളതു് ഒരു പരമാർത്ഥമാണു്. ഇന്നു ഗവമ്മെൻറിൻെറ അധീനതയിൽ ഇരിക്കുന്ന ഫാക്ടറികളിൽപോലും അല്ലെങ്കിൽ വ്യവസായശാലകളിൽപോലും ആ വ്യവസായത്തിൽ പ്രവർത്തിക്കുന്നതിനു ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്മാർ അവിടെയുള്ള തൊഴിലാളികൾ ട്രെയിഡ്യൂണിയൻ അടിസ്ഥാനത്തിൽ സംഘടിക്കുന്നതായാൽ അവരെ പലവിധത്തിൽ ദ്രോഹിച്ചുകൊണ്ടിരിക്കുന്ന ഒരു ദയനീയമായ സ്ഥിതിയാണു് നാം കണ്ടുവരുന്നതു്. (ബെൽ) സർ, മൂന്നു ഉപക്ഷേപങ്ങൾ എൻെറ പേരിൽ ഉണ്ടെങ്കിലും ഒരെണ്ണം മാത്രമേ ഞാൻ ഇവിടെ അവതരിപ്പിക്കുന്നുള്ളു. മററു ഉപക്ഷേപങ്ങളിൽ അടങ്ങിയിട്ടുള്ള സംഗതികളെക്കൂടി സ്പർശിച്ചു പറയാനുള്ളതുകൊണ്ടു രണ്ടുമിനിട്ടുകൂടി തന്നാൽ കൊള്ളാം. ൧൯൫൦-ൽ നാലാമത്തെ ഇൻറർനാഷണൽ ലേബർ കോൺഫറൻസിൻെറ മുപ്പത്തിമൂന്നാംസെഷനിൽ "കോവാപ്പറേഷൻ ഇൻ നാഷണലൈസ്ഡ് ഇൻഡസ്ട്രീസി"നെക്കുറിച്ചു ജനീവയിൽവെച്ചു പാസാക്കിട്ടുള്ള ഈ വിഷയത്തിലേക്കു ഞാൻ ഗവമ്മെൻറിൻെറ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു.

"Where certain branches of economy have been nationalised or established as public services all appropriate action to be taken to ensure close and permanent co-operation between the authorities responsible for the administration of the nationalised industries and the workers' organisations concerned". (See Co-operation in Nationalised Industries Report IV International Relations 33rd Sessions Geneva 1950.)

ഈ തത്വം മനസ്സിൽവച്ചു് നോക്കുകയാണെങ്കിൽ ഗവമ്മെൻറിൻെറ അധീനത്തിൽ ഉള്ളതും ഗവമ്മെൻറിനു ഓഹരിയുള്ളതുമായ വ്യവസായ സ്ഥാപനങ്ങളിൽ നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തി അല്ലെങ്കിൽ ആ വ്യവസായ സ്ഥാപനമുടമസ്ഥന്മാർ തൊഴിലാളികളുടെ നേരെ എടുക്കുന്ന നയം ഏററവും അപലപനീയമായിട്ടാണു് ഇരിക്കുന്നതു്. അവർ തൊഴിലാളികളുടെ മേന്മകൾക്കുവേണ്ടി പ്രവർത്തിക്കാതെ അതിനു വിഘാതമുണ്ടാക്കി പല സ്ഥലങ്ങളിലും ഗവമ്മെൻറ് ഉദ്യോഗസ്ഥന്മാർ തൊഴിലാളികളോടു് വളരെ കഷ്ടതരമായിട്ടാണു് പെരുമാറിക്കൊണ്ടിരിക്കുന്നതു്. അതിനു ഒരു നിവാരണമാർഗ്ഗം ഉണ്ടാക്കേണ്ട കാലം വളരെ അതിക്രമിച്ചിരിക്കുന്നു. ഈ സംഗതിയെ സംബന്ധിച്ചു് ഞങ്ങൾ ആവശ്യപ്പെടുന്നതു് അവർക്കാവശ്യമായ ജീവിത സുഖസൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കണമെന്നും അവർക്കു് ശരിയായ വേതനം കൊടുക്കണമെന്നും ട്രെയിഡ് യൂണിയൻ അടിസ്ഥാനത്തിൽ സംഘടിച്ചു നില്ക്കുന്നതിനുള്ള അവകാശം കൊടുക്കണമെന്നും സർവ്വോപരി ജോലിസ്ഥിരത നൾകണമെന്നുമാണു്. തൊഴിലാളികൾക്കു മാത്രമല്ല മനുഷ്യവംശത്തിനു മുഴവൻതന്നെ അതുണ്ടായിരിക്കണം എന്ന അടിസ്ഥാനത്തിലാണു് ഇന്നു് ലോകം പുരോഗമിച്ചുകൊണ്ടിരിക്കുന്നതു്. അതുകൊണ്ടു് തൊഴിലാളികൾക്കു് ആവശ്യമായ സുഖസൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നതിനു വേണ്ടിയും അവരുടെ ക്ഷേമങ്ങളെക്കുറിച്ചു് അന്വേഷിക്കുന്നതിനു വേണ്ടിയും നമ്മുടെ

[Sri. A. K. Patchu Pillai]

ലേബർ ഡിപ്പാർട്ട്മെൻറ് മുന്നോട്ടുനീങ്ങി പ്രവർത്തിക്കേണ്ടിയിരിക്കുന്നുവെന്നു പറയേണ്ടിയിരിക്കുന്നു. തൊഴിലാളിയുടെ ആവശ്യവും ആവേശവും അനുസരിച്ചു ഡിപ്പാർട്ട്മെൻറ് നീങ്ങുന്നില്ല. വളരെ പുരോഗമനമായ ഒരു നയമാണ് ഗവൺമെൻറ് ഈ കാര്യത്തിൽ സ്വീകരിക്കേണ്ടതു്. കഴിഞ്ഞ അവസരത്തിൽ ഇവിടെയുള്ള തൊഴിലാളികളുടെ കഷ്ടാവസ്ഥകളെ ഞാൻ ചൂണ്ടിക്കാണിച്ചപ്പോൾ അന്നു് ഈ ഡിപ്പാർട്ട്മെൻറിൻെറ ചാർജ്ജു വഹിച്ചിരുന്നമന്ത്രി പറഞ്ഞതു് ഇൻഡ്യാ ഗവൺമെൻറ് തൊഴിലാളികളെ സംബന്ധിച്ചുള്ള ചില നിയമങ്ങൾ ഉണ്ടാക്കുവാൻ പോകുന്നുണ്ടു്, ആ നിയമം നടപ്പിൽ വരുമ്പോൾ നമ്മുടെ നിയമം മാററിയിട്ടു് അതനുസരിച്ചു പ്രവൃത്തിക്കാമെന്നാണു്. ഇൻഡ്യൻ കാൺസ്റ്റിററ്യൂഷനിൽ ലേബർകാര്യം കൺകറൻറ ലിസ്റ്റിൽ പെടുത്തിയിട്ടുണ്ടു്. അതുകൊണ്ടു അവിടെയുണ്ടാക്കുന്നതായ നിയമങ്ങളെല്ലാം ഇവിടെയും നടപ്പാക്കേണ്ടതായി വരും. ഇൻഡ്യാ ഗവൺമെൻറ് ഈ ലേബർ നിയമങ്ങൾ ഉണ്ടാക്കുന്നതിനു കാലതാമസം വരുത്തുകയാണെങ്കിൽ നാം നമുക്കാവശ്യമായിട്ടുള്ള വിധത്തിൽ നിയമനിർമ്മാണം ചെയ്യേണ്ടതാണു്. അങ്ങനെ ചെയ്യുമ്പോൾ ഇൻഡ്യാ ഗവൺമെൻറിൻെറ നിയമവും ഇവിടത്തെ നിയമവും തമ്മിൽ സംഘട്ടനമോ, വൈരുദ്ധ്യമോ ഉണ്ടാകാതെ നോക്കിയാൽ മതി. അതുകൊണ്ടു് ഇൻഡ്യാ ഒട്ടുക്കുള്ള ഒരു നിയമത്തിനു കാത്തിരിക്കാതെ ഇവിടെയുള്ള തൊഴിലാളികളുടെ അവശതകൾക്കു പരിഹാരം ഉണ്ടാക്കുന്നതിനു ആവശ്യമായ നിയമം ഇവിടെ ഉടനെ ഉണ്ടാക്കണം എന്നപേക്ഷിച്ചുകൊണ്ടു് ഞാൻ വിരമിച്ചുകൊള്ളുന്നു.

Sri. A. Thanu Pillai:

I support Mr. Patchu Pillai's motion. Sir, it is true that we cannot have full freedom in regard to labour legislation because the Central laws will bind us also. But I wish to place before this House certain matters in respect of which our Government and the department as well show a lack of appreciation of the facts of the situation. Sir, even the existing laws are not sought to be enforced properly. We passed here, about a year ago, an Act to regulate the work in shops and similar establishments. Though a long time has elapsed since the passing of that Act, no steps have been taken to enforce it. I find, Sir, in the coming year's budget on page 186, a lump sum provision for entertaining the "staff required for the enforce ments of the Shops and Establishments Act." What does that mean? Not only that the necessary staff has not been entertained till now, even when they come forward with a demand in the budget they are not able to tell us what they are going to do with the budget provision. The Government merely ask for a lump sum provision of Rs. 25 thousand. Sir, I am really at a loss to know why there should be this delay in making the appointments. I know for a fact that in some places, the owners themselves agreed to certain conditons of work. For instance, in Nagercoil Pioneer Works there was practically an agreement between the employers and the workers. But the Government were remiss. The law was not put into force; the necessary agency has not been brought into being till now. I now hear that the cordial relationship that existed between employers and workers become strained. My point is when the law itself recognises certain rights for the workers, certainly Government could try to get the benefits of those rights to the workers. Here there is an instance where the law gives the rights but there is no agency to enforce them. What is the Labour department doing? I ask, what is the Government doing? Why did not Government pass rules in time to bring the law into force? Why were not the necessary agencies created to give effect to the provisions of law? These are very vital questions which Government must answer. Now they ask for a lump sum provision. This House has a right to know how this

Rs. 25 thousand is to be spent. I ask, why not details be given for the expenditure? I ask, are they going to do anything in the coming year? All this manner of doing shows the utter callousness on the part of the authorities concerned to deal with labour fairly and well.

With regard to the appointment in the department, generally I am told that appointments are not made by the Service Commission. I speak from information and so I am subject to correction.

Sri. T. K. Narayana Pillai: Appointments have been made by the Service Commission recently.

Sri. A. Thanu Pillai: Now that the Minister says that the appointments have since been made by the Public Service Commission, that shows Government till now had no definite idea in the matter. We do not know how the appointments have been made, who all have been appointed, in what grade, in what pay and so on. The Government could have said these very clearly. Now we are told that Government have done it. I ask, could they not have told the House about it. Could they not have come to a decision in time and intimated us of that? Just a few weeks before the budget all this could have been done in the budget itself. In so far as that has not been done, that shows the indifference not only to labour interests, but also to this House and to the public. I am sorry things here are done in a peculiar way, which is peculiar to this Government alone. No other Goevrnment could think of getting things done in this manner. Months have elapsed, rather it is well over a year. The Government are slowly moving in the matter. Now we are told that the Service Commission have made the appointments. We do not know whether the appointments were subject to the approval by the Commission and the Service Commission approved them. It is well known, Sir, that when the Government make appointments and then refer the matter to the Service Commission, one main consideration for the Commission would be the fact that Government have made the appointments. This is a wrong line to take. Unless there is something radically wrong with the appointments, the Service Commission in such cases will not interfere. Therefore Government should never make the appointments and then refer to the Service Commission. I referred to that because there was a reference about this aspect this morning. I was told this department was making the appointments. That arrangement should cease from now at least.

I now turn to another thing, Even the ordinary provisions in our labour laws are not given full effect to by Government. For instance, in the Transport Department I am told there is a provision for leave with pay for certain number of working days in the case of daily wages workers. That principle has not been accepted till now. All this shows that after all the care and attention a Government ought to bestow on labour matters is not forthcoming.

A good deal has been stated in the annual report of this department regarding the welfare arrangements. Sir, I wish to refer to one specific matter. Recently I had occasion to visit a tea estate near Punaloor. Of course I was thoroughly disgusted with the arrangement for accommodating the workers. In a room 8 feet square two families were living. That is what I found. As for education there is a paragraph in this report which I read this morning. It says that adquate educational facilities should be given to the estate workers. The school I visited is in Pathanapuram which is a compulsory education area. The wonderful thing I found there was this: There is a Primary school with about 150 to 200 pupils and classes from I to V. Two languages are taught, Tamil and Malayalam. The labour there comes partly from Tamil areas and partly from Malayalam areas and so pupils have to be taught in two batches and that in five classes. The students number 200 or so. The minimum number of teachers in that school must be at least 10. To my surprise I was told that the number of teachers in that educational institution, in

[Sri. A. Thanu Pillai]

the compulsory education area, is only one. This is the kind of compulsory education we are having particularly in areas occupied by poor people. Such things should go. When we speak of welfare, things must be bettered.

Sri. D. Gnanasigamoni: Is it a Malayalam school ?

Sri. A. Thanu Pillai : It is a Malayalam cum Tamil school. There are five classes from I to V and two languages being taught. This is the kind of welfare we find existing in those villages. Further, it is in sheds that instruction is being given. I agree with all that has been said by Mr. Patchu Pillai in respect of accommodation. I will just refer to areas like Kuttanad where very often floods wash away dwelling houses of the poor and that completely. We find that Government propose to build houses for the poor. I understand that all that cannot be done all at once. Some houses built a few months ago were found to be very shabby, and would not last for more than a year. Huts built by poor ordinary labourers are more substantial than these houses put up by Government. Government huts are found to be very flimsy. Such types should be changed. With these words, I support the motion moved by Sri Patchu Pillai.

Sri. Ponnara G. Sreedhar : Sir, I move "to reduce the allotment of Rs. 1,73,700 for welfare work by rupee 1."

സർ, ഞാൻ രണ്ടുമൂന്നു ഉപക്ഷേപങ്ങൾ അയച്ചിട്ടുണ്ട്. എല്ലാററിനേയും പററി ഇപ്പോൾ പറയാമോ എന്നു അറിഞ്ഞാൽ കൊള്ളാം.

Mr. Speaker : The hon'ble Member is allowed to refer to those points during the course of his remarks on the cut motion, which he has moved.

ശ്രീ. പൊന്നറ ജി. ശ്രീധർ: സർ, ഈ അവസരത്തിൽ എനിക്കു പല കാര്യങ്ങളെ പററിയും സംസാരിക്കാനുണ്ടെങ്കിലും അവയിൽ മിക്കവാറും എല്ലാററിനേയുംപററി മററു സ്നേഹിതന്മാർ സംസാരിച്ചു കഴിഞ്ഞിരിക്കുന്ന സ്ഥിതിക്കു അവകളെ സംബന്ധിച്ച് കൂടുതലായി ഒന്നും പറയണമെന്നു വിചാരിക്കുന്നില്ല. പ്രധാനമായ ഒന്നുരണ്ടു സംഗതികളെ സംബന്ധിച്ചു ചില കാര്യങ്ങൾ ഈ സഭയുടെ ദൃഷ്ടിയിൽ കൊണ്ടുവരണമെന്നു മാത്രമേ ഞാൻ ഇപ്പോൾ വിചാരിക്കുന്നുള്ളു. ഒന്നാമതായി ഹിൽ ട്രൈബ്സിനെപ്പററി ആണു എനിക്കു പറയുവാനുള്ളതു്. ഇക്കൊല്ലം അവരുടെയിടയിൽ വെൽഫയർ പ്രവത്തനം നടത്തുന്നതിലേക്കായി ൫൦,൦൦൦ രൂപയാണു അനുവദിച്ചിരിക്കുന്നതു്. മലയിൽ താമസിക്കുന്ന ഈ മലവർഗ്ഗക്കാരുടെ ജനസംഖ്യ ഒന്നുരണ്ടു ലക്ഷത്തിനു മുകളിൽ വരുകയില്ലാ. അവരുടെ വെൽഫയറിനായി ൫൦,൦൦൦ രൂപാമാത്രം നീക്കിവച്ചിരിക്കുന്നതിൽനിന്നു് അവക്കുവേണ്ടി ഒന്നുംതന്നെ ചെയ്യുവാൻ ഗവമെൻറു് ഉദ്ദേശിക്കുന്നില്ലാ എന്നു് തെളിയുന്നുണ്ടു്. ഡിപ്പാർട്ടുമെൻറിൽ ഉദ്യോഗത്തിൽ ഇരിക്കുന്ന യോഗ്യന്മാരെ ഗുണപ്പെടുത്തുവാൻവേണ്ടിമാത്രം ഈ തുക നീക്കിവച്ചിരിക്കുകയാണു്. ലേബർ ഡിപ്പാർട്ടുമെൻറിലും പിന്നോക്ക സമുദായ സംരക്ഷകൻെറ ഡിപ്പാർട്ടുമെൻറിലും ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്നതു് അധികാരികളുടെ ഹിതംപോലെ ആണു്. ഇത്ര ഫേവറിററിസവും ഡിപ്ലോട്ടിസവും കാണിക്കുന്ന മററു ഏതെങ്കിലും ഡിപ്പാർട്ടുമെൻറുകളുണ്ടോയെന്നു സംശയമാണു്. മററു എല്ലാ ഡിപ്പാർട്ടുമെൻറുകളിലും പബ്ലിക്ക് സർവ്വീസു കമ്മീഷനാണു് നിയമനങ്ങൾ നടത്തുന്നതു്. എന്നാൽ ലേബർ ഡിപ്പാർട്ടുമെൻറിലും പിന്നോക്ക സമുദായ സംരക്ഷക ഡിപ്പാർട്ടുമെൻറിലും നിയമനങ്ങൾ നടത്തുന്നതു് പബ്ലിക്ക് സർവ്വീസു കമ്മീഷനല്ല. അതു ഒരുപക്ഷെ ചില കാര്യങ്ങളിൽ വൈദഗ്ധ്യം ഉള്ള ആളുകൾ, സാങ്കേതിക പരിജ്ഞാനമുള്ള ആളുകൾ ആ ഡിപ്പാർട്ടുമെൻറുകളിൽ ആവശ്യമുള്ളതുകൊണ്ടാണു അങ്ങിനെ ചെയ്യുന്നതെന്നു് ഗവമെൻറു് പക്ഷെ പറ

യുമായിരിക്കാം. എന്നാൽ ആ ഡിപ്പാർട്ട്മെൻറുകളിൽ നടന്നിട്ടുള്ള നിയമനങ്ങളെ പരിശോധിച്ചാൽ ആവിധ യാതൊരു പരിഗണനയും വൈദഗ്ദ്ധ്യവും വച്ചുകൊണ്ടല്ലാ നിയമനങ്ങൾ നടത്തിയിട്ടുള്ളതെന്നു കാണുവാൻ സാധിക്കും. പിന്നോക്കസമുദായ സംരക്ഷകൻെറ ആഫീസിൽ ഒരു അക്കൗണ്ടൻറുണ്ട്. വൈക്കം സത്യാഗ്രഹത്തിൽ പങ്കുകൊണ്ടു എന്നുള്ളതാണു അദ്ദേഹത്തിൻെറ ഏക ക്വാളിഫിക്കേഷൻ. ആ വ്യക്തി ഒരു മഹാബ്രാഹ്മണനാണ്. അല്ലാതെ അക്കൗണ്ടൻസിയെപ്പററി യാതൊരു പരിജ്ഞാനവും അദ്ദേഹത്തിനു ഇല്ല. വൈക്കം സത്യാഗ്രഹത്തിൽ പങ്കുകൊണ്ടതിനു വല്ല പെൻഷനോ മററോ കൊടുത്തു അദ്ദേഹത്തെ പറഞ്ഞയക്കുകയാണു, അല്ലാതെ ഇല്ലാത്ത ഒരു വേക്കൻസി ഉണ്ടാക്കി കൊടുക്കുകയല്ലാ വേണ്ടതു്. പിന്നെ ഈ ഡിപ്പാർട്ടുമെൻറിൽ ലേഡിവെൽഫയർ ആഫീസർമാരുണ്ട്. ടൈപ്പുചെയ്യുക, മററു ക്ലാർക്കുമാരുടെ ജോലികൾ വഹിക്കുക എന്നിവയാണു അവരുടെ ജോലി. അല്ലാതെ ഒരു വെൽഫയർ വർക്കും അവർ ചെയ്യുന്നില്ല. ഡിപ്പാർട്ടുമെൻറ വെൽഫയർ വർക്ക നടത്തിനടത്തി മലവർഗ്ഗക്കാരുടെ ജനസംഖ്യ ഓരോടാണ്ടു കുറഞ്ഞുകുറഞ്ഞു വരികയാണ്. എല്ലാ വർഗ്ഗക്കാരുടെയും ജനസംഖ്യ ഓരോ സെൻസസിനും കൂടിക്കൂടി വരുമ്പോൾ ഇവരുടെ ജനസംഖ്യമാത്രം കുറഞ്ഞുവരത്തക്കവണ്ണമുള്ള വെൽഫയർ വർക്കാണു ഡിപ്പാർട്ടുമെൻറ ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നതു്. സർ, ഞാൻ പലതവണ ആ വർഗ്ഗക്കാരുടെയിടയിൽ പോയിട്ടുണ്ട്. അവരുടെ അവശതകൾ എന്തെല്ലാമാണെന്ന് എനിക്കു നല്ലപോലെ അറിയാം. അവരുടെ കുട്ടികൾക്കു വിദ്യാഭ്യാസം നൾകുന്നതിനായി സ്കൂളുകൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നാണു് പറയുന്നതു്. പയിൽ സ്കൂളുകൾ എന്നാണു ആ പള്ളിക്കൂടങ്ങളെ പറയുന്നതു്. അവിടെ അത്തരം സ്കൂളുകളിൽ വിദ്യാഭ്യാസവും ഇല്ല കെട്ടിടങ്ങളും ഇല്ല. നെടുമങ്ങാടു താലൂക്ക് കമ്പൽസറി എഡ്യൂക്കേഷൻ ഏരിയായിൽ ഉൾപ്പെടുന്ന ഒരു സ്ഥലമാണ്. അവിടെയും കുറെ പയിൽ സ്കൂളുകൾ ഉണ്ടെന്നാണ് പറയുന്നതു്. എത്ര പയിൽ സ്കൂളുണ്ട്, എത്ര കുട്ടികൾ അവിടെ പഠിക്കുന്നുണ്ട് എന്നെല്ലാം ഗവമെൻറ് അന്വേഷിക്കുന്നതു് നന്നായിരിക്കും. വാസ്തവത്തിൽ ഒരു കുട്ടിപോലും ആ പയിൽ സ്കൂളുകളിൽ പഠിക്കുന്നില്ല. മലവർഗ്ഗക്കാർക്ക് വൈദ്യസഹായം ലഭിക്കുന്നില്ല. താമസിക്കുവാനുള്ള സൗകര്യവും ഇല്ല. അവർ എതെങ്കിലും ഒരു സ്ഥലത്തു താമസിച്ചു ആ സ്ഥലം ഒരുവിധം നന്നാക്കി കെട്ടിടങ്ങളുമെല്ലാംവച്ച് ദേഹണ്ഡങ്ങളുമെല്ലാം ചെയ്തു തുടങ്ങുമ്പോൾ ആ സ്ഥലം, ഇപ്പോഴത്തെ ഗ്രോമോർ ഫുഡിൻെറ പേരിൽ, അവരറിയാതെതന്നെ യാതനക്കാരാണെന്നു പറയുന്ന ചിലർക്ക് കുത്തകപാട്ടത്തിനു കൊടുക്കുകയാണ് ചെയ്തുവരുന്നതു്. സ്വാധീനശക്തിയുള്ള ആ യാതനാവീരന്മാർ സാധുക്കളായ മലവർഗ്ഗക്കാരെ ദേഹണ്ഡസ്ഥലത്തുനിന്ന് ഇറക്കുന്നു. മലവർഗ്ഗക്കാരായ കാണിക്കാർക്ക് തിരുവിതാംകൂർ മഹാരാജാവു തിരുമനസ്സുകൊണ്ടു് കരം ഒഴിവായിട്ട് വസ്തുക്കൾ വിട്ടുകൊടുത്തിട്ടുണ്ടായിരുന്നു. അതിനു് ധാരാളം റിക്കാർഡുകളും ഉണ്ട്. ഏലം, ഗ്രാമ്പു്, തെന, നെല്ലു് ഇവയെല്ലാം കൃഷിചെയ്യുന്നതിനും, അവയും, കൃഷിചെയ്യാതെ വിളയുന്ന കുന്തിരിക്കം മുതലായവ എടുത്തും ആവശ്യക്കാർക്ക് യാതൊരു തടസ്സവുംകൂടാതെ വില്ക്കുന്നതിനും, അവർക്ക് അനുവാദം കൊടുത്തിട്ടുണ്ടായിരുന്നു. ഇവയ്ക്കു് യാതൊരുവക കരവും കൊടുക്കേണ്ടാവശ്യമില്ലായിരുന്നു. മലംപനികൊണ്ടു് സാധാരണക്കാർക്ക് ജീവിക്കാൻ നിവൃത്തിയില്ലാത്ത സ്ഥലങ്ങളിലാണ് ഇവർ കുടിപാർക്കുന്നതു്. ഭയങ്കരമായ മലംപനിയുമായി യുദ്ധംചെയ്യുന്ന ഇവർ ആഹാരത്തിനുവേണ്ടി നെല്ലോ മററോ കൃഷിചെയ്യുകയാണെങ്കിൽ അതിനെ പിടിച്ചുപറിച്ചെടുക്കാനായി പ്രവ

[Sri. Ponnara G. Sreedhar]

ത്തികാരന്മാരെ ഇപ്പോൾ അധികാരിവർഗ്ഗം അയച്ചുതുടങ്ങിയിട്ടുണ്ട്. അവർക്ക് ജീവിക്കാനുള്ള സൗകര്യം എല്ലാതരത്തിലും ഇല്ലാതാക്കുകയാണ് ഗവൺമെൻറ് ഇന്നു ചെയ്തുവരുന്നത്. ൩൦,൦൦൦ രൂപ ഇവർക്കുവേണ്ടി നീക്കിവച്ചിരിക്കുന്നു എന്ന് ഗവൺമെണ്ടു പറയുന്നു. ഞാൻ പറയുന്നത്, ഓരോ രൂപാവീതം അവരെ വിളിച്ച് അവരുടെ കൈയ്യിൽ കൊടുക്കുന്നതാണ് ഇങ്ങനെ നീക്കിവച്ചിരിക്കുന്നതിനേക്കാൾ ഉത്തമമായിട്ടുള്ളത്. അവർക്കുവേണ്ടി നീക്കിവച്ചിരിക്കുന്ന ഈ സംഖ്യയിൽ ഒരു ചെറിയ ശതമാനമെങ്കിലും യഥാർത്ഥത്തിൽ അവർക്കുവേണ്ടി ചിലവിടുമോ എന്ന് എനിക്കു സംശയമുണ്ട്. യഥാർത്ഥത്തിൽ ഈ സാധുക്കൾക്ക് വല്ല ഗുണവും ചെയ്യണമെന്ന് ഗവൺമെൻറിനു വിചാരമുണ്ടെങ്കിൽ നിലവിലിരിക്കുന്ന റൂൾസ് തന്നെ ഒന്നു പാടെ മാറേറണ്ടതാണ്. ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറുകാർ മലവർഗ്ഗക്കാരെ ഭരിക്കുന്നതിലേക്കു, അവരെ ഗുണപ്പെടുത്തുന്നതിനായിട്ട്, കുറെ റൂളുകളെല്ലാം എഴുതിവച്ചിട്ടുണ്ട്. അവ മുഴുവനും കാണിക്കാർക്ക് ഗുണത്തിനു പകരം ദൂഷ്യമായിട്ടാണ് ഭവിച്ചിരിക്കുന്നത്. ഏതായിരുന്നാലും ഈ അസംബ്ലിയൊക്കെ അവസാനിക്കേണ്ട കാലം അടുത്തിരിക്കുന്നു. അതിനകം കാണിക്കാരെ സംബന്ധിച്ചിടത്തോളം ഏതെങ്കിലും തരത്തിൽ ഒരു നന്മ ചെയ്തു കൊടുത്തില്ലെങ്കിൽ അവരുടെ ശാപത്തിനുകൂടി ഇന്നത്തെ കാൺഗ്രസ്സുകാർ പാത്രവാന്മാരാവുന്നതാണ്. കാണിക്കാരായ ഇവർക്ക് ദീർഘകാല ജീവിതമില്ലാതെയാണ് കണ്ടുവരുന്നത്. ഏകദേശം ൩൦–൩൫ വയസ്സിൽ സാധാരണയായിട്ട് മരിച്ചുപോകുകയാണ് ചെയ്യുന്നത്. മലമ്പനി രോഗം പിടിപെട്ട് അനവധിയെണ്ണം മരണം അടയുന്നുണ്ട്. ചെറുപ്പത്തിൽതന്നെ അദ്ധ്വാനത്തിൻെറ ഫലം അനുഭവിക്കാൻ സാധിക്കാതെ അവർ മരിക്കുകയാണ് ചെയ്യുന്നത്. ഇത് ഗവൺമെൻറിൻെറ അലസമായ മനോഭാവംകൊണ്ടാണ് ഉണ്ടാകുന്നതെന്ന് പറയേണ്ടിയിരിക്കുന്നു. മേലാലെങ്കിലും അവരുടെ കാര്യത്തിൽ ദൃഷ്ടിപതിപ്പിക്കുമെന്ന് വിചാരിക്കുന്നു. അടുത്തതായി മററ പിന്നോക്കസമുദായക്കാരെപ്പററിയാണ് എനിക്ക് അല്പം പറയാനുള്ളത്. പിന്നോക്കസമുദായക്കാർക്കുവേണ്ടി നീക്കിവച്ചിരിക്കുന്ന തുക യഥാർത്ഥത്തിൽ വളരെ കുറവാണ്. കഴിഞ്ഞ വർഷത്തേക്കാൾ കുറെക്കൂടി കൂടുതലാണെന്ന് പറയുമായിരിക്കാം. എന്നാൽ ഈ തുകകൊണ്ടും അവരുടെ ഉന്നമനത്തിനു മതിയാകുമോ എന്ന് സംശയമാണ്. അതുകൊണ്ട് അതിലേക്ക് കുറച്ചുകൂടി തുക ബഡ്ജററിൽ കൊള്ളിക്കേണ്ടതുണ്ട്. അടുത്തതായി തൊഴിലാളികളുടെ കാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ എൻെറ പ്രസംഗം അവസാനിപ്പിക്കാമെന്ന് വിചാരിക്കുന്നു. സർ, ഏതെങ്കിലും ഒരു തൊഴിൽതർക്ക കേസ് ഉണ്ടായെന്നിരിക്കട്ടെ. ആ കേസ് ട്രിബ്യൂണലിൻെറ മുൻപിൽ പോകുകയാണെങ്കിൽ അവസാന തീരുമാനത്തിനു വളരെ കാലതാമസം നേരിട്ടുകൊണ്ടിരിക്കുന്നു. ഈ കാലവിളംബം നിമിത്തം തൊഴിലാളി മുതലാളിമാർക്ക് തമ്മിൽ ഒരു ഒത്തുതീർപ്പിലെത്തുന്നതിനൊ വ്യാവസായിക സമാധാനത്തിനൊ സൗകര്യമായ ഒരു അന്തരീക്ഷം ഉണ്ടാകുന്നില്ലാ എന്നു മാത്രവുമല്ല തൊഴിലില്ലായ്മ വർദ്ധിക്കയും വിപ്ലവകരമായ ഒരന്തരീക്ഷം സംജാതമാകുകയും ചെയ്യുന്നു. വ്യാവസായികമായി വളരെ അധികം പുരോഗമിച്ചിട്ടുള്ള അമേരിക്കയിലും യൂറോപ്പിലും വ്യാവസായിക തർക്കങ്ങൾ തീർക്കുന്നതിനും വ്യാവസായിക സമാധാനം പുലർത്തുന്നതിനും, തൊഴിലാളികളുടെ ക്ഷേമത്തിനെ ഉദ്ദേശിച്ചും പലവിധ നിയമങ്ങളും ഉണ്ടാക്കിയിട്ടുണ്ട്. ആ നിയമങ്ങൾ അനുസരിച്ച് അവിടെ കാര്യങ്ങൾ നടത്തുന്നതിനാൽ അവിടത്തെ തൊഴിലാളി മുതലാളിമാർ സൗഹാർദ്ദമായി പ്രവർത്തിച്ചുവരുന്നു. ഇവിടെയും കടലാസ്സിൽ ചില നിയമങ്ങൾ ഉണ്ടെങ്കിലും, അവ ശരിയായി പരിപാലിക്കാത്ത

തിനാൽ ഉദ്ദേശം സഫലമാകുന്നില്ല. ഈ വസ്തുത പല പ്രാവശ്യവും അസംബ്ലി കൂടുമ്പോൾ ചൂണ്ടിക്കാണിച്ച് പരിഹാരമുണ്ടാക്കണമെന്ന് അപേക്ഷിച്ചിട്ടുണ്ടെങ്കിലും ഗവണ്മെന്റ് പല സമാധാനങ്ങളും പറഞ്ഞ് തൃപ്തിപ്പെടുകയാണ് ചെയ്യുന്നത്. തൊഴിലാളി നന്മക്കുവേണ്ടി ഗവണ്മെന്റ് പലതും ചെയ്തുകഴിഞ്ഞിരിക്കുകയാണെന്നും കൂടുതൽ ചെയ്യാൻ സന്നദ്ധമാണെന്നും മററുമാണ് ഗവണ്മെന്റ ഭാഗത്തുനിന്നുൽഘോഷിക്കുന്നത്. ഉള്ളതായ തൊഴിലാളി നിയമങ്ങളിൽ പലതും പ്രവൃത്തിരഹിതമായി കിടക്കുകയാണ്. ഒരു തൊഴിലാളി ഒരു ഫാക്ടറിയിൽ ൨൦ ദിവസം തുടച്ചയായി ജോലിചെയ്താൽ അയാൾക്ക് ഒരു ദിവസത്തെ അവധി കൊടുക്കണമെന്ന് ഒരു നിയമമുണ്ട്. എന്നാൽ ഗവണ്മെന്റ് അതു നടപ്പിൽ വരുത്തുന്നില്ല. എന്നുമാത്രവുമല്ല ഗവണ്മെന്റ ഉണ്ടാക്കിയ ആ നിയമത്തെ അവർതന്നെ ലംഘിക്കുകയുമാണ് ചെയ്യുന്നത്. ട്രാൻസ്പോർട്ടു തൊഴിലാളികളുടെ കാര്യത്തിൽ ഗവണ്മെന്റുണ്ടാക്കിയ നിയമം ഗവണ്മെന്റുതന്നെ ലംഘിച്ചിരിക്കുന്നു. ഈ വിധത്തിൽ നിയമലംഘനം ഗവണ്മെന്റുതന്നെ നടത്തുകയാണെങ്കിൽ ഒരുപക്ഷെ നാട്ടിലുള്ള മുതലാളികൾ നിയമം പാലിക്കാത്തതിൽ അതിശയപ്പെടാനില്ലല്ലൊ.

Sri. E. Gopalakrishna Menon: Sir, I move:—

"To reduce the allotment of Rs, 38,500 for Industrial Tribunal by Re. 1."

സർ, കോൺഗ്രസ് ഗവണ്മെന്റിന്റെ തൊഴിലാളി നയത്തിന്റെ ചരിത്രം സംസ്ഥാനത്തെ തൊഴിലാളി വർഗ്ഗത്തിന്റെ താൽപ്പര്യങ്ങളെ ചവുട്ടിമെതിച്ചതിന്റെ ചരിത്രമാണ്. നാട്ടിലാകമാനം തൊഴിലാളികളുടെ ഇടയിൽ ഇത്ര അധികം തൊഴിലില്ലായ്മയും കഷ്ടപ്പാടും ഇതിനുമുൻപു ഒരിക്കലും ഉണ്ടായിട്ടില്ല. തൊഴിലുള്ളവരെതന്നെ മുതലാളിമാർ തങ്ങളുടെ ഇഷ്ടംപോലെ കൂലികുറച്ചും യാതൊരു കാരണവുമില്ലാതെ പിരിച്ചുവിട്ടും കഷ്ടപ്പെടുത്തുകയാണ് ചെയ്യുന്നത്. അകാരണമായി പിരിച്ചുവിടുന്ന തൊഴിലാളികൾ സംഘടിതമായി തങ്ങളുടെ ന്യായമായ അവകാശങ്ങൾക്കുവേണ്ടി എന്തെങ്കിലും നടപടി സ്വീകരിച്ചാൽ ഉടനെ ഗവണ്മെന്റ് മുതലാളിമാർക്കുവേണ്ടി അതിലിടപെടുകയായി. ഗവണ്മെന്റ് ഇങ്ങനെ ഇടപെടുന്നതുകൊണ്ട് മുതലാളിമാർക്ക് കൂടുതൽ അനീതിചെയ്യാൻ ധൈര്യമുണ്ടാകുന്നു. അകാരണമായി പിരിച്ചുവിടുന്ന തൊഴിലാളികൾ ഗവണ്മെന്റിനെ സമീപിക്കുകയാണെങ്കിൽ ഉടനെ ഗവണ്മെന്റ് അവരെ ട്രിബ്യൂണലിന്റെ മുൻപിലേക്ക് തള്ളിവിടുന്നു. ഇങ്ങനെ ആർബിട്രേഷൻ, കൺസിലിയേഷൻ, അഡ്ജൂഡിക്കേഷൻ മുതലായ ചില ഉപാധികൾകൊണ്ട് തൊഴിലാളികളെ ഇഞ്ചിഞ്ചായി തേജോവധംചെയ്തു തകർക്കുകയാണ് ഗവണ്മെന്റിന്റെ പ്ലാൻ. ഇതിനകം അനവധി കേസുകൾ ട്രിബ്യൂണലിന്റെമുൻപാകെ വിട്ടുകൊടുക്കപ്പെട്ടിട്ടുണ്ട്. ഒരു സുപ്രഭാതത്തിൽ തെരുവിലിറക്കിവിടപ്പെടുന്ന തൊഴിലാളി ഒരു അവസാന തീരുമാനത്തിനുവേണ്ടി എത്രയോ ദിവസങ്ങളും മാസങ്ങളും കൊല്ലങ്ങളും മൂകനായി കാത്തിരിക്കേണ്ടിവരുന്നു. മാത്രവുമല്ല തൊഴിലാളികളുടെ അവകാശത്തെ ശരിയായവിധത്തിൽ ട്രിബ്യൂണലിന്റെ മുൻപിൽ ബോധിപ്പിക്കുന്നതിനുള്ള സ്വാതന്ത്ര്യവുംകൂടി ഗവണ്മെന്റ് നിഷേധിച്ചിരിക്കുകയാണ് ചെയ്തിരിക്കുന്നത്. ഇവിടെ തൊഴിലാളിവർഗ്ഗത്തിന്റെ ശരിയായ പ്രാതിനിധ്യമുള്ള അറുപതോളം ട്രേഡ് യൂണിയനുകൾ നിരോധിച്ചിരിക്കയാണ്. ഇതുമൂലം തൊഴിലാളികൾക്കു അവരുടെ ഭാഗം ശരിയായി വാദിക്കാൻ കഴിയാതെവരുന്നു. അതിന്റെ ഫലമായി ഒരു അവാർഡ് ഉണ്ടാകുന്നപക്ഷം അതിന്റെ ൻ ൻ ശ

[Sri. E. Gopalakrishna Menon]

തമാനവും തൊഴിലാളികൾക്കു് വിരുദ്ധമായിട്ടുള്ളതായിരിക്കും. അഥവാ അരശതമാനമോ ഒരു ശതമാനമോ തൊഴിലാളികൾക്കു് ഗുണമുണ്ടായിരുന്നാൽ തന്നെയും മുതലാളിമാർ അതു് പരസ്യമായി നിഷേധിക്കയും ചെയ്യും. ഈ വിധത്തിൽ കഷ്ടപ്പെടുന്ന തൊഴിലാളികളെ ഏതെങ്കിലും വിധത്തിൽ ഉദ്ധരിക്കാൻ യാതൊരു പ്ലാനും ഈ ഗവമ്മെൻറിനില്ല. സർ, കൊച്ചിയിൽ അഴകപ്പാ ടെക്സ്റ്റൈൽസ് കഴിഞ്ഞ കൊല്ലത്തിൽ അഡ്ജൂഡിക്കേഷൻ അവാർഡിനെ ലംഘിച്ചുകൊണ്ടു മൂന്നുമാസത്തിൽ അധികം കാലം മുതലാളി പൂട്ടിയിടുകയുണ്ടായി. അതുമൂലം ൨, ൦ ൦ ൦ത്തിൽപരം തൊഴിലാളികൾ കൊടുംപട്ടിണിയിലേക്കു വലിച്ചെറിയപ്പെട്ടു. ഇത്തരം അനീതിയും അക്രമവും ചെയ്ത മുതലാളിയുടെ പേരിൽ ഗവമ്മെൻറ് യാതൊരു നടപടിയും എടുത്തില്ല. മാത്രമല്ല ഈ അനീതിക്കു് ആ മുതലാളിക്കു് ഈ ഗവമ്മെൻറ് ൧൦ ലക്ഷംരൂപ കടം കൊടുത്തു് കുറെക്കൂടി ശക്തിപ്പെടുത്തുകയാണു് ചെയ്തതു്. പക്ഷെ തൊഴിലാളിയോടു ചെയ്തതോ? അവരുടെ യൂണിയൻ നിരോധിച്ചു. യൂണിയൻ പ്രവത്തകരെ അറസ്റ്റ്ചെയ്തു. മാത്രമല്ല ലാക്കപ്പിൽ ഇട്ടു് മർദ്ദിച്ചു. അങ്ങനെ തൊഴിലാളികൾക്കു് തൊഴിൽ കൊടുക്കാതെയും നേതാക്കന്മാരെ ജയിലിൽ അടച്ചും ദിവസങ്ങളല്ല മാസങ്ങൾ കഴിച്ചുകൂട്ടി. അങ്ങിനെ മർദ്ദനംമൂലം ഭീകരമായ ഒരന്തരീക്ഷം സൃഷ്ടിച്ചതിനുശേഷം ഫാക്ടറി തുറന്നു. ഫാക്ടറി തുറന്നപ്പോൾ പഴയ ആളുകളിൽ മിക്കവരെയും പുറംതള്ളിയിട്ടു് മുതലാളിക്കു് ഇഷ്ടമുള്ള കുറെ പുതിയ ആളുകളെ എടുക്കാൻ തുടങ്ങി. അങ്ങനെ ൨, ൦ ൦ ൦ തൊഴിലാളികൾ ഉണ്ടായിരുന്ന ഫാക്ടറിയിൽ അഞ്ഞൂറോ അറുനൂറോ പേർക്കാണു് ജോലി കൊടുത്തതു്. ഇത്രയും ഭയങ്കരമായ ഒരനീതി പ്രവത്തിച്ച ഫാക്ടറി ഉടമസ്ഥന്റെ പേരിൽ യാതൊരു നടപടിയും ഗവർമ്മെൻറ് എടുത്തിട്ടില്ല. ഇതു തന്നെയാണു് സീതാറാം മില്ലിലെയും കഥ. തൊഴിലാളികളെ കൂട്ടത്തോടെ പിരിച്ചുവിട്ടു. തൊഴിലാളികൾക്കുവേണ്ടി വാദിച്ച പ്രവർത്തകന്മാരെ പോലീസ് അറസ്റ്റ് ചെയ്തു. പയനിയർ ട്രാൻസ്പോർട്ടിലെ തൊഴിലാളികളെ പിരിച്ചുവിട്ടതു ഈയിടെ മാത്രമാണു്. അതു് അഡ്ജൂഡിക്കേഷനുവേണ്ടി അയച്ചിട്ടു് ഏകദേശം ആറുമാസക്കാലമായി. യാതൊരു തീർപ്പുമുണ്ടായിട്ടില്ല. ഈ പയനീയർ മുതലാളി തൊഴിലാളികളോടു് അന്യായമായി പെരുമാറുന്നു എന്നുള്ളതിലേക്കു് ധാരാളം തെളിവുകളുണ്ടു്. ചാലക്കുടി ജയലക്ഷ്മി തീപ്പെട്ടി കമ്പനി അഡ്ജൂഡിക്കേഷൻ അവാർഡിനു വിരുദ്ധമായി ലാക്കൌട്ടു് ചെയ്തിട്ടു് ഇപ്പോൾ മൂന്നുമാസത്തിലധികമായി. തെരുവിലിറക്കിവിടപ്പെട്ട തൊഴിലാളികൾ ഒരു ജാഥയായി ഈ തലസ്ഥാനനഗരിയിലേക്കു പുറപ്പെട്ടിരിക്കയാണു്. ഇങ്ങിനെ എവിടെ നോക്കിയാലും ഇന്നു തൊഴിലാളികളുടെ മേൽ മുതലാളിമാർ കുതിരകയറുന്നതിന്റെ ചരിത്രമാണു് കാണാൻ കഴിയുന്നതു്. ഗവർമ്മെൻറ് അതിനെല്ലാം ഒറവുനില്ക്കുകയും ചെയ്യുന്നു.

The House rose for lunch at 1 p. m. and re-assembled at 2 p. m. with Mr. Speaker in the Chair

ശ്രീ. ഈ. ഗോപാലകൃഷ്ണമേനോൻ: തൊഴിലാളികൾക്കു് ഒരു വിധത്തിലും തെല്ലെങ്കിലും സമാധാനമായി ജീവിക്കാൻ നിവൃത്തിയില്ലാത്ത നിലയായിരിക്കുന്നു. ന്യായമായ കാര്യങ്ങൾക്കുവേണ്ടി തൊഴിലാളികൾ വാദിക്കുമ്പോൾ ഗവമ്മെൻറ് ക്രമസമാധാനത്തിന്റെ പേരിൽ അവരുടെമേൽ നടപടി നടത്തുകയാണു് ചെയ്യുന്നതു്. എന്നാൽ അങ്ങനെ തൊഴിലാളികളുടെ മേൽ നിസ്സാരകാര്യങ്ങൾക്കുപോലും നടപടി നടത്തുന്ന ഈ ഗവമ്മെൻറ് വലിയ മുത

ലാളികൾ എന്തക്രമം ചെയ്താലും കണ്ണടച്ചുകളയുകയാണ് ചെയ്യുന്നതു്. അഴകപ്പാ ടെക്സ്റ്റെയിൽസിന്റെ ഉടമസ്ഥനായ അഴകപ്പചെട്ടിയാരുടെ പേരിലൊ സീതാറാം മിൽസ് ഉടമസ്ഥന്റെ പേരിലോ അതുപോലെതന്നെ വലിയ വ്യവസായിയായ പയനിയർ കുമാരസ്വാമിയുടെ പേരിലൊ അവർ നടപടി നടത്തുവാൻ തയ്യാറില്ല. ഈ രാജ്യത്തു അക്രമത്തിനും നിയമലംഘനത്തിനും ആരെയെങ്കിലും പ്രോസിക്യൂട്ട് ചെയ്യേണ്ടതുണ്ടെങ്കിൽ അതു ഈ വൻകിട മുതലാളിമാരേയും അവക്ക് കൂറുനില്ക്കുന്ന ഈ മന്ത്രിസഭയേയുമാണെന്നാണ് ഞാൻ പറയുക. സർ, ഈ രാജ്യത്തിലെ ജനങ്ങൾ ഇതുവരെയും ഈ ഗവമ്മെൻറിനാൽ വഞ്ചിതരായി കഴിഞ്ഞുകൂടുകയായിരുന്നു. എന്നാൽ ഇനി അങ്ങനെ പൊതുജനങ്ങളെ വഞ്ചിക്കാൻ സാധിക്കുമെന്ന് ഗവമ്മെൻറ വിചാരിക്കേണ്ട. എല്ലാ കാലത്തും കുറെ ആളുകളെ വഞ്ചിക്കാൻ കഴിഞ്ഞേക്കാം. കുറേക്കാലത്തേക്ക് എല്ലാവരേയും വഞ്ചിക്കാൻ കഴിഞ്ഞേക്കാം. എന്നാൽ എല്ലാക്കാലത്തും എല്ലാവരേയും വഞ്ചിക്കാൻ കഴിയുകയില്ല. നാട്ടിലെ ജീവൽ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുവാൻ ഈ ഗവമ്മെൻറിനെക്കൊണ്ട് കഴിയുകയില്ലെന്ന് ജനങ്ങൾ മനസ്സിലാക്കിക്കഴിഞ്ഞു. സർ, ഞാൻ തൊഴിലാളികളുടെ പ്രശ്നങ്ങളെ ഗവമ്മെൻറിന്റെ മുമ്പിൽവച്ചുകഴിഞ്ഞു. ഈ പ്രശ്നങ്ങളെ ഗവർമ്മെൻറ് എങ്ങനെ നേരിടുന്നു എന്നാണ് എനിക്ക് ചോദിക്കുവാനുള്ളതു്.

ശ്രീ. കെ. കെ. കണ്ണൻ: സർ, എന്റെ മോഷൻ അഞ്ചാറെണ്ണം ഈ ലിസ്റ്റിൽ ഉണ്ട്. അതിൽ ൯-ം ൧൨-ം ഒഴിച്ച് ബാക്കിയുള്ളതെല്ലാം ഒരുമിച്ച് മൂവ് ചെയ്യാൻ അനുവദിക്കണം.

മിസ്റ്റർ സ്പീക്കർ: ഒരു മോഷൻ മാത്രം മൂവ് ചെയ്താൽ മതിയാകും. അതോടുകൂടിതന്നെ അതിനോട് ബന്ധപ്പെട്ട സംഗതികളെപ്പററിയും പറയാവുന്നതാണ്. പത്തുമിനിട്ട് സംസാരിക്കാൻ മെമ്പർക്ക് അവകാശമുണ്ട്.

Sri. K. K. Kannan: Sir, I move:
"To reduce the allotment of Rs. 12,60,800 for Advancement of Backward Communities by Re. 1"

സർ, ഈ ഡിപ്പാർട്ടുമെൻറിന്റെ ബഡ്ജററ സംബന്ധിച്ച് ഞാൻ പറയാൻ ഉദ്ദേശിക്കുന്നതു് പ്രത്യേകിച്ചും പിന്നോക്കസമുദായങ്ങളുടെ കാര്യമാണ്. ആ പ്രശ്നം ഓരോന്നായി ഗവർമ്മെൻറിന്റെ ശ്രദ്ധയിൽ പെടുത്തേണ്ടതു് ഇന്നത്തെ ഒരത്യാവശ്യമായതുകൊണ്ടാണ് ഞാൻ ഇത്രയും കട്ട്മോഷൻസ് അയച്ചിട്ടുള്ളതു്. ഇന്ന് സാധാരണയായി കോൺഗ്രസ്സ് ഗവർമ്മെൻറ് പിന്നോക്കസമുദായത്തെ സംബന്ധിച്ചിടത്തോളം ഉള്ള പ്രശ്നങ്ങളിൽ ഒരു ചിററമ്മനയം സ്വീകരിച്ചിട്ടുണ്ട് എന്നു പറയാതിരിക്കാൻ തരമില്ല. ഈ രാജ്യത്തു് പിന്നോക്കസമുദായക്കാർ അധിവസിക്കുന്ന പല കാളനികളും ഉണ്ട്. ഈ കാളനികൾ ഓരോന്നിന്റേയും ഇപ്പോഴത്തെ ഭരണം നോക്കിയാൽ അതു് കാൺഗ്രസ് ഭരണത്തിന്റെ കറുത്തിരുണ്ട ചിത്രത്തിന്റെ കരിനിഴലാണെന്ന് കാണാൻ കഴിയും. ഇക്കഴിഞ്ഞ, ഒല്ലൂർ വടക്കാഞ്ചേരി മുതലായ സ്ഥലങ്ങളിലെ തെരഞ്ഞെടുപ്പുകാലത്തു് ആ നിയോജകമണ്ഡലങ്ങളുടെ നാനാഭാഗങ്ങളിലും ചുററിസഞ്ചരിക്കുവാൻ ഇടയായതുകൊണ്ട് എനിക്ക് ഈ സംഗതി നേരിട്ട് മനസ്സിലാക്കുവാൻ സാധിച്ചിട്ടുണ്ട്. മിക്ക കാളനികളിലും കുടിക്കുന്നതിനു് ശുദ്ധജലംപോലുമില്ലാതെ കാളനിയിൽ അധിവസിക്കുന്നവർ വളരെയധികം വൈഷമ്യങ്ങൾ അനുഭവിക്കുന്നുണ്ടെന്നുള്ള സംഗതി ഒരു പരമാർത്ഥം മാത്രമാണ്. ഒല്ലൂർ നിയോജകമണ്ഡലത്തിലെ പുഴിക്കള്ളി, വടക്കാഞ്ചേരിയിലെ കരുമത്തുർ മുതലായ സ്ഥലങ്ങളിൽ പോകു

[Sri. K. K. Kannan]

വാൻ ഇടയായി. അവിടെയെല്ലാം ഒരു കിണറോ, കുളമോ പോലുമില്ല, കുളമോ കിണറോ ഉണ്ടെങ്കിൽതന്നെ അതെല്ലാം ഉണങ്ങി വരണ്ടു് കിടക്കുകയാണു്. കഴിഞ്ഞകൊല്ലംതന്നെ പതിനേഴായിരത്തി എണ്ണൂറു രൂപയോളം ജലവിതരണത്തിനുവേണ്ടി ബഡ്ജററിൽ കൊള്ളിച്ചിരുന്നു. അതു് എവിടെയെല്ലാം ചെലവുചെയ്തു എന്നും ഓരോ സ്ഥലത്തും എതെല്ലാം വിധത്തിൽ പണി നടത്തി എന്നും ഇപ്പോഠം പറയേണ്ട ആവശ്യമില്ല. അങ്ങനെ കൊല്ലംതോറും ജലവിതരണത്തിനുവേണ്ടി ധാരാളം പണം ബഡ്ജററിൽ കൊള്ളിക്കാറുണ്ടെങ്കിലും അതൊന്നും ശരിയായരൂപത്തിൽ ചെലവുചെയ്യുന്നില്ലെന്നു് കാണാവുന്നതാണു്. ആവശ്യമുള്ള സ്ഥലങ്ങളിൽ യാതൊന്നും ചെയ്യാതിരിക്കുകയും ആവശ്യമില്ലാത്ത ചില സ്ഥലങ്ങളിൽ കിണറും കുളവും കുഴിച്ചു എന്നു വരുത്തുകയും മററുമാണു് അവിടെ ചെയ്തിട്ടുള്ളതു്. ഇങ്ങനെയാണു് ഇതിനെ സംബന്ധിച്ചു് ഗവർമ്മെൻറു് സ്വീകരിച്ചിട്ടുള്ള നിലയെങ്കിൽ തീർച്ചയായും ഇതു് പരിഹരിക്കേണ്ടതാണെന്നു് പറയാതിരിക്കാൻ നിർവാഹമില്ല.

ഇനി ഹോസ്റ്റലുകളെ സംബന്ധിച്ചിടത്തോളം ചില സംഗതികഠം പറയുവാൻ ആഗ്രഹിക്കുന്നു. ഹോസ്റ്റലുകളിൽ താമസിക്കുന്ന കുട്ടികഠക്കു് ഇന്നു കൊടുത്തുവരുന്നതു് ൩൭ രൂപാ ൮ ണ.യാണു്. അതു തന്നെയും പോരെന്നുള്ളതിനു് യാതൊരു സംശയവുമില്ല. നിത്യോപയോഗസാധനങ്ങളുടെ വില ക്രമാതീതമായി വദ്ധിച്ചിരിക്കുന്ന ഈയവസരത്തിൽ ഈ ൩൭ രൂപാ ൮ ണ. കൊണ്ടു് ഒരു കുട്ടിക്കു് എങ്ങനെ ചെലവു കഴിച്ചുകൂട്ടുവാൻ സാധിക്കുമെന്നുള്ളതു് ആലോചിക്കേണ്ടതാണു്. മററു ഹോസ്റ്റലുകളിൽ ഓരോ കുട്ടിക്കു് ഓരോ മാസവും ൩൦-ം ൭൦-ം രൂപ ചെലവായിക്കൊണ്ടിരിക്കേ ഈ ൩൭ രൂപാ൮ ണ കൊണ്ടു് ഒരു ഹരിജൻ വിദ്യാത്ഥിക്കു് എങ്ങനെ കഴിച്ചുകൂട്ടുവാൻ സാധിക്കും? വിദ്യാഭ്യാസമാണു് അധഃകൃതോദ്ധാരണത്തിൽ അല്ലെങ്കിൽ ഹരിജനോദ്ധാരണത്തിൽ എററവും പ്രധാനമായ ഒരു സംഗതി എന്നുള്ളതിനു് യാതൊരു സംശയവുമില്ല. എന്നാൽ ഹരിജനഹോസ്റ്റലുകളെ സംബന്ധിച്ചിടത്തോളം വിദ്യാത്ഥികഠം വളരെ ശോചനീയമായ ഒരു അവസ്ഥയിലാണു് കഴിഞ്ഞുകൂടുന്നതു് എന്നു പറയാതിരിക്കുവാൻ തരമില്ല. അവക്കു് താമസിക്കുന്നതിനുള്ള സൗകര്യം പോലും വളരെ കുറവാണു്. ഇരുന്നു് വായിക്കുന്നതിനുള്ള ബഞ്ചോ കസേരയോ അവക്കില്ല. ഒരു മുറിയിൽ പത്തോ പന്ത്രണ്ടോ കുട്ടികളെവീതം അടച്ചാണു് ഹോസ്റ്റൽ അധികൃതന്മാർ ഹോസ്റ്റൽ നടത്തിപോകുന്നതു്. വേണ്ടുവോളം വായിച്ചു് വിജ്ഞാനം സമ്പാദിക്കുന്നതിനുള്ള ലൈബ്രറികളില്ല. വായിക്കുന്നതിനു് പത്രങ്ങളോ മാസികകളോ സപ്ലൈ ചെയ്യുന്നില്ല. ഇതര ഹോസ്റ്റലുകളിലെല്ലാം തന്നെ ഈ മാതിരി ആവശ്യങ്ങളൊക്കെ നിറവേററിക്കൊണ്ടിരിക്കേ ഇവിടെമാത്രം അങ്ങിനെ ചെയ്യാതിരിക്കുന്നതു് എന്തുകൊണ്ടാണെന്നു് മനസ്സിലാകുന്നില്ല. ഹരിജനഹോസ്റ്റലുകഠക്കു് പുറത്തു താമസിക്കുന്ന വിദ്യാത്ഥികളുടെ നിലകൂടി ഈ സഭയുടെ ദൃഷ്ടിയിൽ പെടേണ്ട ആവശ്യമുണ്ടു്. ഹോസ്റ്റലിനു് പുറത്തുതാമസിക്കുന്ന ഒരു വിദ്യാത്ഥിക്കു് പ്രതിമാസം ൪൫ രൂപയാണു് കൊടുക്കുന്നതു്. അതായതു കാളേജ് ക്ലാസിൽ പഠിക്കുന്ന ഒരു വിദ്യാത്ഥിയുടെ കാര്യമാണു് ഞാൻ പറയുന്നതു്. കഴിഞ്ഞ കൊല്ലംവരെ സംസ്ഥാനത്തു് നടത്തിക്കൊണ്ടിരുന്നതായ പല ഹോസ്റ്റലുകളും ഇന്നു് സർക്കാർ നിറുത്തൽ ചെയ്യുകയുണ്ടായി. വിദ്യാഭ്യാസമാണു് ഹരിജനോദ്ധാരണത്തിനു് വളരെ പ്രധാനമായി ആവശ്യമുള്ളതെന്നു് സമ്മതിച്ചിരിക്കുന്ന കോൺഗ്രസ് ഗവർമ്മെൻറ് അധികാരത്തിൽ വന്ന ഉടൻതന്നെ ഈ സംസ്ഥാനത്തെ ഹരിജന ഹോസ്റ്റലുകഠം എല്ലാം നിറുത്തൽ ചെയ്തു. എന്നിട്ടു് അവരിൽ പലക്കും ഹോസ്റ്റലിനു പുറത്തുതാമസിക്കുന്നതിനുള്ള സൗ

കയ്യും കൊടുത്തിട്ടുണ്ടെന്നു പറയുകയും ചെയ്യുന്നുണ്ട്. എന്നാൽ ഈ ഹോസ്റ്റൽ നിറുത്തൽ ചെയ്യുതോടുകൂടിത്തന്നെ അനവധി കുട്ടികളുടെ പഠിപ്പു മുടക്കേണ്ടി വന്നിട്ടുള്ളതു് ഒരു പരമാർത്ഥം മാത്രമാണ്. ഹോസ്റ്റലിനു പുറത്തു ചുരുക്കം വിദ്യാർത്ഥികൾ താമസിക്കുന്നുണ്ടെന്നു പറയുകയുണ്ടായി. അവർക്ക് നാല്പത്തിയഞ്ചു രൂപയാണു കൊടുക്കുന്നതു്. പത്തോ പതിനഞ്ചോ രൂപാ വാടക കൊടുത്തു് ഒരു മുറി എടുത്തു് ഒരു കുട്ടി താമസിക്കുകയാണെങ്കിൽ ബാക്കി മുപ്പതോ മുപ്പത്തഞ്ചോ രൂപാമാത്രമേ കാണുകയുള്ളു. ഈ തുകകൊണ്ടു് ആ കുട്ടിയുടെ മററു കാര്യങ്ങൾ എങ്ങനെയാണു സാധിക്കുന്നതു്? അതുപോലെതന്നെ ഹൈസ്കൂളിൽ പഠിക്കുന്ന ഹോസ്റ്റലിനു പുറത്തു താമസിക്കുന്ന കുട്ടികൾക്ക് ൩൫ രൂപയാണു കൊടുക്കുന്നതെന്നാണ് അറിവ്. മിഡിൽ സ്കൂളിൽ പഠിക്കുന്ന കുട്ടികൾക്ക് ൨൫ രൂപയാണു കൊടുക്കുന്നതു്. ഇതാണ് വസ്തുതയെങ്കിൽ അതു തികച്ചും അപര്യാപ്തമാണെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. ഹൈസ്കൂളിൽ പഠിക്കുന്ന ഹോസ്റ്റലിനു പുറത്തു താമസിക്കുന്ന ഒരു കുട്ടിക്ക് ൩൦ രൂപാ കൊടുക്കുന്നതു് എന്തടിസ്ഥാനത്തിലാണെന്നു എനിക്കു മനസ്സിലാകുന്നില്ല. ഒരു കൊല്ലത്തേയ്ക്കാണ് ഈ ൩൦ രൂപാ കൊടുക്കുന്നതു്. ഇതുകൊണ്ടു് എന്തു നടത്താൻ സാധിക്കുമെന്നു് ഗവൺമെൻറ് ആലോചിക്കേണ്ടതാണ്. കുട്ടികളുടെ ഭക്ഷണച്ചിലവും മററാവശ്യങ്ങളും ആലോചിച്ചുനോക്കുമ്പോൾ ഈ തുക എന്തടിസ്ഥാനത്തിലാണെന്നു മനസ്സിലാക്കാൻ വളരെ വിഷമമായിട്ടാണിരിക്കുന്നതു്. ഈ വിഷയത്തിൽ കുട്ടികൾക്ക് ഇന്നു അഭിമുഖീകരിക്കേണ്ടിവന്നിട്ടുള്ള വിഷമങ്ങൾ പരിഹരിച്ചു കിട്ടുന്നതിനുവേണ്ടി ഒരു നിവേദനം കഴിഞ്ഞകൊല്ലം ഹരിജന വിദ്യാർത്ഥികൾ ഗവൺമെൻറിലേക്കു സമർപ്പിക്കുകയുണ്ടായി. എന്നാൽ അതിനു ഗവൺമെൻറിൽനിന്നും അനുകൂലമായ ഒരു മറുപടിപോലും ഇതുവരെ കൊടുത്തിട്ടില്ലെന്നാണ് എനിക്കു അറിയാൻ സാധിച്ചിട്ടുള്ളതു്. ഇങ്ങനെ പ്രത്യേകം പ്രത്യേകം എടുത്തുപറയേണ്ട പല കാര്യങ്ങളുമുണ്ടെങ്കിലും സമയച്ചുരുക്കത്താൽ വിശദവിവരങ്ങളിലേക്ക് കടക്കാൻ ഉദ്ദേശിക്കുന്നില്ല. സാധാരണയായി കൊല്ലംതോറും വലിയ വലിയ തുകകൾ പിന്നോക്ക സമുദായോദ്ധാരണത്തിനു വേണ്ടി ഗവൺമെൻറ നീക്കിവയ്ക്കാറുണ്ടെങ്കിലും ആ തുകകളിൽ വലിയ ഒരു ശതമാനം ബാക്കിവയ്ക്കുന്നതിനുവേണ്ടി ഗവൺമെൻറും അവരുടെ കീഴുദ്യോഗസ്ഥന്മാരും ശ്രമിക്കുകയാണു ചെയ്യുന്നതെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. അതിനു ദാഹരണമായി പറയുകയാണെങ്കിൽ ൧൯൭൦—൭൧-ലെ ബഡ്ജററ് എസ്റ്റിമേററ് പ്രകാരം ഒരുലക്ഷത്തി നാല്പതിനായിരം രൂപാ ഹരിജന ഹോസ്റ്റലിനായി നീക്കിവച്ചിരുന്നതു് പുതുക്കിയ എസ്റ്റിമേററിൻപ്രകാരം നാല്പതിനായിരം രൂപാ മാത്രമായി കുറഞ്ഞു. ആ ഇനത്തിൽതന്നെ ഒരുലക്ഷം കുറഞ്ഞുപോയി. സ്റ്റൈപ്പൻറിനു നീക്കിവച്ചിരുന്ന തുക പുതുക്കിയ എസ്റ്റിമേററ വന്നപ്പോൾ ൨൬,൦൦൦ രൂപായായി തീർന്നു. ൨൪,൦൦൦ രൂപായാണു ആ ഇനത്തിൽ കുറഞ്ഞതു്. മററിനങ്ങൾ എന്നുള്ളതിൽ ൬൦൦൦ രൂപാ എസ്റ്റിമേററപ്രകാരം വച്ചിരുന്നതു് വെറും ൩൦൦൦ രൂപയായി കുറഞ്ഞു. കാളേജ് വിദ്യാഭ്യാസത്തിനു് ൪൪,൬൦൦ രൂപാ എസ്റ്റിമേററ ചെയ്തിരുന്നതു് പുതുക്കിയ എസ്റ്റിമേററിൻപ്രകാരം ൬,൬൦൦ രൂപയായി കുറഞ്ഞു. ഇങ്ങനെ ഓരോന്നോരോന്നായി പ്രത്യേകം എടുത്തുപറയുകയാണെങ്കിൽ ഗവൺമെൻറ് ജനങ്ങളുടെ കണ്ണിൽ പൊടിയിടാൻവേണ്ടി മാത്രമാണ് അധഃകൃതോദ്ധാരണത്തിനെന്നു പറഞ്ഞു് വലിയ വലിയ സംഖ്യകൾ നീക്കിവെക്കുന്നതെന്നുകാണാം. പുതുക്കിയ എസ്റ്റിമേററും ആക്ച്വൽസും എല്ലാം നോക്കുമ്പോൾ വളരെയധികം സംഖ്യ ചില

[Sri K. K. Kannan]

വാക്കാതെ മിച്ചം വയ്ക്കുകയാണെന്നു കാണാൻ കഴിയും. കാൺഗ്രസ്സ് ഗവണ്മെൻറ് അധികാരത്തിൽവന്നപ്പോൾ ഹരിജനോദ്ധാരണത്തിനുവേണ്ടി അവർ വളരെയെല്ലാം ചെയ്യുന്നു എന്നു വരുത്തിതീർക്കാൻ മാത്രമാണ് ഇപ്രകാരം വലിയ തുകകളെല്ലാം ആദ്യമായി ബഡ്ജററു ചെയ്യുന്നതെന്നു വിചാരിക്കേണ്ടിയിരിക്കുന്നു.

ശ്രീ. കെ. എ. മാത്യു: കഴിഞ്ഞകൊല്ലം എത്ര രൂപ ഇതിലേയ്ക്കു ചിലവാക്കിയിട്ടുണ്ടെന്നു പറയാമോ?

ശ്രീ. കെ. കെ. കണ്ണൻ: അതിപ്പോൾ പറയാൻ നിവൃത്തിയില്ല. ൧൧൨൫—൨൬ ലേക്കുള്ള കണക്ക് വ്യക്തമായി ഈ സഭയ്ക്കു കിട്ടിയിട്ടുണ്ട്.

സർ, പൊതുവേ പറയുകയാണെങ്കിൽ ഈ ഡിപ്പാർട്ടുമെൻറ് മേലധികാരികൾ കാര്യമായി ഒന്നുംതന്നെ ഹരിജനോദ്ധാരണത്തിനുവേണ്ടി പ്രവർത്തിക്കുന്നില്ലെന്നു പറയേണ്ടിയിരിക്കുന്നു. (ബെൽ)

Mr. Speaker: Mr. Jose, are you moving your cut motion?

Sri. N. D. Jose: Yes Sir, I move: "To reduce the total allotment of Rs.18,98,200 under Demand XXVI by rupee 1". I want to suggest a few words regarding labour. Under the item for welfare work, a sum of one lakh seventy-three thousand and one hundred rupees has been allotted. On the examination of figures we find that amount for the actual welfare work. If you deduct the working expenses from this allotment you will get only a small amount for the actual welfare work. I wish to point out that this is insufficient for this item. In this connection I want to point out the report by the international Labour Organisation. "The employees should be vested with the responsibility of starting welfare organisations and then later on these should be handed over to Municipal organisations or Government control". This is a suggestion that I would like to present to Government for consideration.

Another point I would like to bring to the notice of this House is this: A great number of our working classes are comprised of agricultural labourers. Most of our people are agricultural employees. I want to point out that it is high time that a statistics of agricultural labour in this State is collected. We are all aware that the Indian Government has taken up the work. I would like to point out that this should not mean that this Government should shirk responsibility as far as this important item is concerned. I want to make it clear that as early as possible minimum wages should be fixed for agricultural labour in this State.

Another thing I would like to bring to the notice of this House is this: In many factories labour classes are subject to great hardships. When a Trade Union is started the employers are very anxious that it is suppressed. They hinder all their legitimate activities. In foreign countries there prevails a system by which these people are afforded protection by law. I suggest that there should be some necessary enactment through which these labour organisations should be protected.

I would also mention the case of certain Trade Unions whose registration has been cancelled. The simple reason is that they have not sent in their reports and accounts. It is very easy for the Government to say that since these organisations have not sent in their reports and accounts their registration has been cancelled. There is another thing worth mentioning here. When the important workers of a Trade Union are locked up the organisation ceases to function. It is my information that not less than 60 labour organisations come under this category. All of them have ceased to function. If there is to be a healthy spirit among the labour

there should be proper Trade Unions functioning in the State. I suggest that all genuine Trade Union Workers who have been placed under arrest should be set free and they should be allowed to carry on normal Trade Union work.

Next thing is about adjudication. It has been time and again pointed out on the floor of this House that there is inexcusable delay in the matter of the adjudication of labour disputes. I am prepared to agree that a certain amount of delay in adjudication is inevitable. Therefore, Sir, adjudication should not be made compulsory on labour and mangement. There are many occasions when labour is allowed the option to strike work. After a series of struggles in this country the Trade Union has won for itself certain basic rights. Therefore I want to point out in this connection that adjudication should not be made compulsory. Wherever necessary and wherever labour and management want to be adjudicated they should be allowed the facility for that. Wherever the labour could win their right through the method of peaceful strike they should be given the liberty to do so.

Sir, finally I must point out that labour in this state should be given a new deal. We are aware of the fact that as far as these industries and capital concerns are concerned, there is a good deal of mismanagement and a good deal of swindling. I want to suggest that no capital organisation in this country, no capitalistic enterprise should be allowed to have more than a particular percentage as dividend. The rest of the profit, I want to be divided among the labourers. Therefore the labour policy of Government should be reorganised. We are all aware of the fact that whatever this Government might do in this connection, if labour wants all its demands to be satisfied labour must have its own Government. We are all believers in the fact that if the labour problems in the country are to be solved satisfactorily, labour should have a Government which will distribute all surplus value to labour. We are sure it will come to labour easily. That would be in a system where the means of production and distribution would be owned by the state as such, would be owned by the labour as such. There are some of the points that would arise in this connection.

ശ്രീ. വി. ഗംഗാധരൻനായർ: സർ, മി. ജോസിന്റെ കട്ട്മോഷനെ അനുകൂലിച്ചുകൊണ്ടു ചില കാര്യങ്ങൾ പ്രസ്താവിക്കുവാനാണ് ഞാൻ ഒരുങ്ങുന്നതു് ഇന്നും ഒരു മൈനർ ഡിപ്പാർട്ടുമെന്റായിട്ടുതന്നെ ലേബർ ഡിപ്പാർട്ടുമെന്റ് പ്രവർത്തനം നടത്തിവരുന്നതിനെപ്പററി ഞാൻ എന്റെ ബഡ്ജററ് പ്രസംഗത്തിൽ ചിലതൊക്കെ സൂചിപ്പിച്ചിരുന്നു. സർ, ഈ ഗവമ്മെന്റിന്റെ മുതലാളിത്ത പക്ഷപാതിത്വം വളരെ വ്യക്തമായി ജനങ്ങൾക്ക് ബോദ്ധ്യപ്പെടുന്നതു് അവരുടെ തൊഴിലാളികളോടുള്ള നയം പരിശോധിക്കുമ്പോഴാണ്.

സർ, ഇതിനു മുമ്പു ലേബർമന്ത്രിയായിരുന്ന പുരോഗമനവാദിയെന്നു അഭിമാനിക്കുന്ന ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ ഈ അടുത്തകാലത്തൊരുദിവസം കൊല്ലത്തു ഒരു തൊഴിലാളിയോഗത്തിൽ ഒരു ഫെയർവേജസ് ക്ലാസ് ഗവമ്മെന്റ് കാൺട്രാക്ടുകൾ നൽകുമ്പോൾ ഏർപ്പെടുത്താൻ ശ്രമിക്കുന്നതാണെന്നു പ്രഖ്യാപിക്കുകയുണ്ടായി. ആ പ്രഖ്യാപനത്തെ വളരെ പ്രതീക്ഷകളോടുകൂടി തൊഴിലാളികൾ സ്വീകരിക്കുകയുമുണ്ടായി. സർ, ഈ ഗവമ്മെന്റ് വമ്പിച്ച ഒരു തുകയാണ് P. W. D. വകുപ്പിലേക്ക് ചെലവാക്കുന്നതു്. ഇന്നു ഇവിടത്തെ തൊഴിലാളികളുടെ ജീവിതത്തോതു് ഉയർത്താൻ തക്ക നിലയിൽ പി. ഡബ്ലിയു. ഡി. വകുപ്പിൽ കൂടി ഫെയർവേജസ് ക്ലാസ് ഏർപ്പെടുത്താൻ കഴിഞ്ഞാൽ നിശ്ചയമായും അതല്പം പുരോഗമനപരമായ നടപടിയായിരിക്കുമെന്നുള്ളതിനു സംശ

[Sri. V. Gangadharan Nair]

യമില്ല. പക്ഷെ ഈ ഗവൺമെന്റ് അതിനൊരുക്കമുണ്ടോ എന്നു് എനിക്കു സംശയമുണ്ടു്. മുഖ്യമന്ത്രിയും ഈ കാര്യങ്ങളിൽ അനുഭാവത്തോടുകൂടി ശ്രദ്ധിക്കുന്നതാണെന്നുള്ള ഒരു മറുപടി ഈ അസംബ്ലിയിൽവച്ചുതന്നെ പറഞ്ഞിട്ടുള്ളതായി ഞാൻ ഓർക്കുന്നു. ഏതായാലും ഈ ഫെയർവേജസ് ക്ലാസ് പി. ഡബ്ലിയു. ഡിപ്പാർട്ടുമെന്റിൽ പ്രധാനമായും മററു പല വകുപ്പുകളിലും കഴിയുന്നിടത്തോളവും വരുത്തുന്നതിനു ഊർജ്ജിതമായ നടപടി എടുക്കണമെന്നു ഞാൻ വളരെ ശക്തിയായി അഭിപ്രായപ്പെട്ടുകൊള്ളുന്നു.

സർ, ഇവിടെ കുറച്ചു ലേബർ നിയമങ്ങൾ എല്ലാം ഉണ്ടു്. പക്ഷെ ആ നിയമങ്ങൾ ലംഘിക്കുന്നതിൽ മുതലാളിമാർക്കു് നേതൃത്വം നൽകുന്നതു് ഇവിടത്തെ ഗവൺമെന്റാണു്. ഇവിടത്തെ ഗവൺമെന്റ് മുതലാളിയുടെ ഭാവത്തിൽ പല വ്യവസായങ്ങളും ഇന്നു നടത്തുന്നുണ്ടു്. ഈ വ്യവസായങ്ങൾ ഒന്നുംതന്നെ ഇവിടത്തെ തൊഴിലാളി നിയമങ്ങൾ പാലിക്കുന്നില്ലെന്നു പറഞ്ഞാൽ അതിൽ ഒട്ടും അതിശയോക്തിയില്ല. ഉദാഹരണങ്ങൾ എടുത്തു പറയുവാൻ അങ്ങു് സമയം അനുവദിക്കുന്നില്ലെന്നുള്ള പരാതിയുണ്ടു്. ഇന്നു ട്രാൻസ്പോർട്ടു ഗ്യാരേജിലും പ്ലൈവുഡ് ഇൻഡസ്ട്രീസിലും മിനറൽ കമ്പനികളിലും എന്നുവേണ്ടാ ഗവൺമെന്റ് നടത്തുന്ന പല വ്യവസായങ്ങളിലും ഗവൺമെന്റ് ഉണ്ടാക്കിയിരിക്കുന്ന പല ലേബർ നിയമങ്ങളും നടപ്പിലാക്കുന്നില്ലെന്നു പല ആക്ഷേപങ്ങളുമുണ്ടു്.

സർ, ഈ നിയമങ്ങൾ എല്ലാം ഉണ്ടാക്കിവച്ചു് നിയമത്തിനകത്തു നിന്നു പോലും പ്രവർത്തിക്കുന്നതിനു തൊഴിലാളികളെ അനുവദിക്കാതെ മുതലാളിമാർക്കു് എന്തുമാകാം എന്നുള്ള മട്ടിൽ അധികാരികളുമായിചേർന്നുനിന്നു അവർ നടത്തുന്ന മർദ്ദനങ്ങളെ പററിയാണു് എനിക്കു പറയുവാനുള്ളതു്.

സർ, വ്യവസായകേന്ദ്രമായ കൊല്ലത്തു ചില കശുവണ്ടി രാജാക്കന്മാരുണ്ടു്. അവരെല്ലാം സ്വന്തം ഗുണ്ടാകളെ സംഘടിപ്പിച്ചു് തൊഴിലാളികളെ മർദ്ദിപ്പിക്കുന്ന ഒരേർപ്പാടു് ഇപ്പോൾ നടപ്പിൽ വന്നിട്ടുണ്ടു്. അവിടെയെല്ലാം ഈ മുതലാളിമാർക്കു് ഈ ഗവൺമെന്റിന്റെ പോലീസു് കൂട്ടുനിൽക്കുന്നും ഉണ്ടു്. എല്ലാ തൊഴിൽ തക്കങ്ങളും സാധാരണയായി പറഞ്ഞുതീർക്കുന്നതു് ഒന്നുകിൽ ലേബർ മന്ത്രിയൊ അല്ലെങ്കിൽ ലേബർ ഡിപ്പാർട്ടുമെന്റൊ ഇടപെട്ടാണു്. എന്നാൽ ഇപ്പോൾ അവരുടെ തലയ്ക്കുമീതെ ലാ ആൻറ് ആർഡർ വകുപ്പു് ഇടപെട്ടു പോരുന്നുണ്ടെന്നും, പോലീസു് മുതലാളിമാരുമായി ചേർന്നുനിന്നു തൊഴിലാളികളെ മർദ്ദിക്കുന്നതായ സംഭവങ്ങളും നടന്നിട്ടുണ്ടെന്നും ഇതിനകം തെളിഞ്ഞിട്ടുണ്ടു്.

സർ, ഇതിനെല്ലാം പുറമെ കൊല്ലം പട്ടണത്തിൽ ആയിരത്തി അഞ്ഞൂറ് തൊഴിലാളികളോളം എ. ഡി. കാട്ടൺമില്ലിൽ തുടർച്ചയായി ജോലിചെയ്തുകൊണ്ടിരിക്കവേ അവിടെ വലിയ കുഴപ്പങ്ങൾ ഉണ്ടായി. അതിന്മേൽ ഒരു അവാർഡുണ്ടാക്കുകയും അതനുസരിച്ചു് വൃ വൃ ഭ പേക്ക് ജോലി നോക്കുന്നതിനു നിർദ്ദേശം ഉണ്ടാകുകയും ചെയ്തു. എന്നാൽ അതനുസരിച്ചു സ്ഥിരമായി ജോലിനോക്കിയിട്ടുള്ളവർക്കു് ജോലി കൊടുക്കാതെ എവാർഡ് നടപ്പിലാക്കുന്നതിനു തയാറാകാതെ വീണ്ടും തൊഴിലാളികൾ കുഴപ്പമുണ്ടാക്കുന്നു എന്നുള്ള വ്യാജേന മിൽ ഇവിടെനിന്നും സൗരാഷ്ട്രത്തിലേയ്ക്കോ മറെറവിടത്തേയ്ക്കോ മാററുന്നതിനുള്ള പരിശ്രമത്തിലാണു് ഇപ്പോൾ എ. ഡി. കാട്ടൺമിൽ മുതലാളിമാർ ഏർപ്പെട്ടിരിക്കുന്നതു്. വസ്ത്രക്ഷാമം വർദ്ധിച്ചിരിക്കുന്ന ഈ അവസരത്തിൽ ഇങ്ങനെ മുതലാളി മില്ലിലെ പ്രവർത്തനം സ്തംഭനാവസ്ഥയിൽ എത്തിച്ചിരിക്കുന്നതു് മുതലാളിയുടെ കൊള്ളരുതായ്മകൊണ്ടാണു്. ഇങ്ങനെയുള്ള കുഴപ്പങ്ങളെപ്പററി അന്വേഷി

ക്കാതിരിക്കുന്നതും അവിടത്തെ തൊഴിൽ സ്ഥംഭനത്തെപ്പററി ആവശ്യമായ നടപടികൾ എടുക്കാതിരിക്കുകയും ചെയ്യുന്നതു് അപകടകരമാണെന്നുള്ള ഒരു മുൻ അറിയിപ്പു നൽകുവാൻ ഈ അവസരം ഞാൻ ഉപയോഗിച്ചുകൊള്ളുന്നു.

സർ, എന്തുകൊണ്ടു് ആ മിൽ ഗവമ്മെൻറിൽനിന്നും ഏറെറടുത്തുകൂടാ എന്നു ഞാൻ ചോദിച്ചുകൊള്ളുന്നു. സർ, ഇന്നത്തെ പരിതഃസ്ഥിതി വച്ചുകൊണ്ടു നോക്കുന്നതായാൽ ഷോലാപ്പൂർ മുതലായ സ്ഥലങ്ങളിൽ മിൽ കുഴപ്പങ്ങൾ ഉണ്ടായ അവസരത്തിൽ ബോംബെ ഗവമ്മെൻറു് ആ മില്ലെല്ലാം ശരിയായി പ്രവത്തനം നടത്തത്തക്കവണ്ണം ആ മിൽ പ്രവത്തനങ്ങളിൽ ഇടപെടുകയും ചെയ്തിട്ടുണ്ടു്. എന്നാൽ ഈ എ. ഡി. കാട്ടൺമിൽ മാനേജുമെൻറുമൂലം ഉണ്ടായിട്ടുള്ള കുഴപ്പങ്ങൾക്കു് പരിഹാരം ഉണ്ടാക്കുന്നതിനായി ഈ മിൽ ഗവമ്മെൻറിൽനിന്നും ഏറെറടുത്തു നടത്തുന്നപക്ഷം കായ്യക്ഷമമായ പ്രവത്തനത്തിനും ഉല്പാദനവദ്ധനവിനും സൗകയ്യമുണ്ടു് എന്നു സമ്മതിക്കാതെ നിവൃത്തിയില്ല.

സർ, സെറാമിക് ഫാക്ടറിയെക്കുറിച്ചുകൂടി ഒരു വാക്കു പറഞ്ഞുകൊള്ളട്ടെ. അവിടെ ഇന്നു റിട്രെഞ്ച്മെൻറു നടത്തിക്കൊണ്ടിരിക്കുകയാണു്. വളരെ പണം കൊടുത്തു വാങ്ങിച്ചിട്ടുള്ള പല യന്ത്രങ്ങളും ക്ലേ എടുക്കുന്നതിനായും മററും കെട്ടിയിട്ടുള്ള വിപുലമായ ടാങ്കുകളും അവിടെയുണ്ടു്. അവയെല്ലാം ഉപയോഗിക്കാതെ തുരുമ്പുപിടിച്ചുകൊണ്ടിരിക്കുന്നു. അതേയവസരത്തിൽ ക്ലേയ്ക്കു് ധാരാളം ഓർഡറും കിട്ടിക്കൊണ്ടിരിക്കുന്നു. അപ്പോൾ അതിൽ ഏപ്പെട്ടിരിക്കുന്ന തൊഴിലാളികളെ പിരിച്ചുവിട്ടുകൊണ്ടു അവിടെ തൊഴിൽസ്തംഭനം ഉണ്ടാക്കാൻ ഗവമ്മെൻറു് ശ്രമിച്ചുകൊണ്ടിരിക്കുകയാണു്. സർ, ഈ ഗവമ്മെൻറിൻെറ കുഴപ്പംപിടിച്ച തൊഴിലാളിനയം ഉപേക്ഷിക്കുകയും ഇന്നത്തെ അസമത്വങ്ങൾ അവസാനിപ്പിക്കാൻ പയ്യാപ്തമായ പുരോഗമനപരവും ജനകീയ ജനാധിപത്യരാജ്യത്തിനു അനുയോജ്യവുമായ ഒരു തൊഴിലാളിനയം സ്വീകരിക്കുകയും ചെയ്യണമെന്നു് ആവശ്യപ്പെട്ടുകൊണ്ടു് ഞാൻ എൻെറ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

<u>ശ്രീ. ടി. കെ. നാരായണപിള്ള</u>: സർ, തൊഴിലാളികളോടുള്ള ഗവമ്മെൻറിൻെറ നയത്തെ ആസ്പദമാക്കിയും പിന്നോക്കസമുദായക്കാരെന്നു പറയുന്നവരോടു ഗവമ്മെൻറു അനുവത്തിച്ചുവരുന്ന നയത്തെപ്പററിയും ആയിരുന്നു പ്രധാനമായി ഉണ്ടായ ആക്ഷേപങ്ങൾ. ശ്രീ. പാച്ചുപിള്ള അവർകൾ പ്ലാൻറേഷൻ വക്കേഴ്സിൻെറ ദുരിതാവസ്ഥകളെപ്പററി പ്രത്യേകം ചൂണ്ടിക്കാണിക്കുകയുണ്ടായി. പ്ലാൻറേഷൻസിൽ ജോലിചെയ്തുവരുന്ന തൊഴിലാളികൾ അനുഭവിച്ചുവരുന്ന പരാധീനതയെസംബന്ധിച്ചും അവരോടു് എസ്റ്റേറ്റുടമസ്ഥന്മാർ അനുവത്തിച്ചുവരുന്ന നയത്തേയുംപററി ആണു് അദ്ദേഹത്തിൻെറ പ്രധാനമായ വാദങ്ങൾ. ഇവിടെയുള്ള എസ്റ്റേററുകളിൽ പ്രവത്തിച്ചുവരുന്നതായ തൊഴിലാളികളുടെ നില എല്ലാവിധത്തിലും ആശാസ്യമാണെന്നു ഞാനും സമ്മതിക്കുന്നില്ല. എന്നാൽ താരതമ്യേന നാം പുരോഗമിച്ചുകൊണ്ടുതന്നെയിരിക്കുകയാണെന്നുള്ളതു് ആക്കും നിഷേധിക്കുവാൻ സാധിക്കുന്നതല്ല. സമീപകാലത്തു കോട്ടയത്തു വച്ചുനടന്ന ഒരു പ്ലാൻറേഴ്സ് കാൺഫ്രൻസിൽ വച്ചു ചെയ്തതായ ഒരു തീരുമാനം അനുസരിച്ചു റജിസ്റ്റേഡ് യൂണിയൻ വക്കേഴ്സ് ആരായിരുന്നാലും എസ്റ്റേററ് ഉടമകളുടെ മുൻ അനുവാദംകൂടാതെ എസ്റ്റേററുകളിൽ പ്രവേശിച്ചു തൊഴിലാളികളെ സംഘടിപ്പിക്കുന്നതിനും തൊഴിലാളികൾക്കാവശ്യമായ പ്രവത്തനങ്ങൾ നടത്തുന്നതിനും അധികാരമുണ്ടു്. ഇന്നു് ഇൻഡ്യയിലുള്ള ഏതു തൊഴിലാളികളുടെ നിലയും ഇവിടത്തെ എസ്റ്റേററ തൊഴിലാളികളുടെ നിലയും

[Sri. T. K. Narayana Pillai]

തമ്മിൽ താരതമ്യപ്പെടുത്തി നോക്കുമ്പോൾ ഈ സ്റ്റേറ്റിലാണു ഈമാതിരി ഒരു സൗകര്യം അനുവദിച്ചിട്ടുള്ളതെന്നു നമുക്കു മനസ്സിലാക്കാൻ കഴിയുന്നതാണ്.

ഇന്ന് അവർക്ക് ബേസിക് വേജസ്സ് സംബന്ധിച്ചും ഒത്തുതീർപ്പു വ്യവസ്ഥകൾ ഉണ്ടാക്കീട്ടുണ്ട്. ഇന്നു നിലവിലിരിക്കുന്ന രീതി അടിസ്ഥാനമാക്കി ബേസിക് വേജസ്സ് ഒരു രൂപാ നാലണ മുതൽ ഒരു രൂപാ ആറണാവരെ എസ്റ്റേറ്റിൽ പ്രവർത്തനം ചെയ്തുവരുന്ന തൊഴിലാളികൾക്ക് കിട്ടുന്നുണ്ട്. അവർക്ക് വേണ്ട സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുന്നതിനു ലേബർ ഡിപ്പാർട്ടുമെൻറിൽനിന്നും വ്യവസ്ഥകൾ ചെയ്തിട്ടുണ്ട്. അതിലേക്കാവശ്യമായിട്ടുള്ള കാര്യപരിപാടിയും അവർ എടുത്തിട്ടുണ്ട്. എനിക്കുതന്നെ അറിയാം പല തോട്ടങ്ങളിലും ലേബർ ഡിപ്പാർട്ടുമെൻറിൽനിന്നും നേരിട്ടു പ്രവർത്തിച്ചതിൻെറ ഫലമായി പല തർക്കങ്ങളും അവസാനിപ്പിക്കാൻ സാധിച്ചിട്ടുണ്ടെന്ന്. പുനലൂരും നെടുമങ്ങാട്ടുമുള്ള എസ്റ്റേറ്റുകളിൽ തൊഴിലാളികളും മാനേജുമെൻറും തമ്മിൽ ഉണ്ടായിരുന്ന തർക്കങ്ങളെല്ലാം ലേബർ ഡിപ്പാർട്ടുമെൻറിലെ ഉത്തരവാദിത്വമുള്ള ഉദ്യോഗസ്ഥന്മാർ ഇടപെട്ടു മാനേജുമെൻറും തൊഴിലാളിപ്രതിനിധികളുമായി കൂടിയാലോചനകൾനടത്തിയും രമ്യമായി ഒത്തുതീർപ്പിൽ എത്തിക്കാൻ സാധിച്ചിട്ടുണ്ട്. എവിടെയെല്ലാം ഉത്തരവാദിത്വബോധത്തോടുകൂടി സമാധാനപരിപാലനം ലക്ഷ്യമാക്കിവെച്ചുകൊണ്ട് ഇടപെടുന്നതിനു സാധിക്കുമോ ആ രംഗങ്ങളിലെല്ലാം തന്നെ ലേബർ ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാർ പ്രവേശിച്ചിട്ടുണ്ട് എന്ന് എനിക്കു സൂക്ഷ്മമായി പറയാൻ സാധിക്കും.

എൻെറ ബഹുമാനപ്പെട്ട സ്നേഹിതൻ ശ്രീ. താണുപിള്ള അവർകൾ പ്രധാനമായി പറഞ്ഞതു് രണ്ടു് കാര്യങ്ങളാണ്. ഒന്നാമത്തു് ഷാപ്പ് ആൻറ് എസ്റ്റാബ്ളിഷ്മെൻറ് ആക്ടിലെ വ്യവസ്ഥകൾ നടപ്പിൽ വരുത്തുന്നതിനാവശ്യമുള്ള ഉദ്യോഗസ്ഥന്മാരുടെ നിയമന വിഷയത്തിൽ ഗവമ്മെൻറ് കാലതാമസത്തിനിടയാക്കി എന്നുള്ളതാണ് അദ്ദേഹത്തിൻെറ ചാർജ്ജ്. അതു് തീരെ അടിസ്ഥാനമില്ലാത്തതാണെന്ന് ഞാനും വാദിക്കുന്നില്ല. എന്നാൽ ആ കുററം ഇതിനകം പരിഹരിക്കപ്പെട്ടുകഴിഞ്ഞിട്ടുണ്ടെന്നും ൨൨ ലേബർ ഉദ്യോഗസ്ഥന്മാരെ ആ ആക്ടിലെ വ്യവസ്ഥകൾ നടപ്പിൽ വരുത്തുന്നതിനു മുന്നിട്ടു ഇറങ്ങി പ്രവർത്തിക്കുന്നതിനുള്ള അധികാരത്തോടുകൂടി നിയമിച്ചിട്ടുണ്ടെന്നുള്ളതു് ബഹുമാനപ്പെട്ട അംഗങ്ങൾക്കും അറിയാമെന്നു ഞാൻ വിചാരിക്കുന്നു. പബ്ളിക്കു് സർവ്വീസ് കമ്മീഷനിൽനിന്നും ൧൦ ലേബർ ആഫീസറന്മാരെ സമീപകാലത്തു നിയമിച്ചിട്ടുണ്ട്. ലേബർ ഡിപ്പാർട്ടുമെൻറിൽ ഉണ്ടായിരുന്ന ൧൨ ആഫീസറന്മാരേയും കൂടി ചേർത്തു് ൨൨ ഉദ്യോഗസ്ഥന്മാരെ ഈ ആക്ടനുസരിച്ചുള്ള പ്രവർത്തനത്തിലേക്കായി നിയോഗിച്ചു കഴിഞ്ഞിട്ടുണ്ട്. ഉടൻതന്നെ അവർ പ്രവർത്തനം ആരംഭിക്കുന്നതുമാണ്. പബ്ളിക്കു് സർവ്വീസ് കമ്മീഷൻ ഈ നിയമനങ്ങളുടെ കാര്യത്തിൽ കാണിച്ചിട്ടുള്ള സ്വല്പം താമസംകൊണ്ടാണ് എല്ലാ പട്ടണങ്ങളിലും ഒരേ സമയത്തു ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പിൻ വരുത്തുന്നതിനു ഇടയാകാതിരുന്നിട്ടുള്ളതു്.

രണ്ടാമത്തു് പത്തനാപുരം പ്രൈമറി സ്കൂളിനെപ്പററി അദ്ദേഹം ചില കാര്യങ്ങൾ പറയുകയുണ്ടായി. അതു ഒരു പക്ഷെ ശരിയായിരിക്കാം. ആ സംഗതിയെ സംബന്ധിച്ചു് ഗവമ്മെൻറ് നേരിട്ടന്വേഷണം നടത്തി മാനേജുമെൻറിനെകൊണ്ടു് ആവശ്യമുള്ള അദ്ധ്യാപകന്മാരെ നിയമിപ്പിക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കുമെന്നാണ് എനിക്കു് ബഹുമാനപ്പെട്ട മെമ്പറെ അറിയിക്കുവാനുള്ളതു്.

ശ്രീ. പൊന്നറ ശ്രീധർ മലവാസികളുടെ ദയനീയാവസ്ഥയെപ്പററി മുമ്പ് പല അവസരങ്ങളിലും പറയാറുള്ളതുപോലെതന്നെ ഇപ്പോഴും പറയുകയുണ്ടായി. ഈ വർഷത്തെ ബഡ്ജററിൽ മലവാസികളുടെ ഉദ്ധാരണത്തിനായി ൩ ൦, ൦ ൦ ൦ രൂപ നീക്കിവെച്ചിട്ടുണ്ട്. അവരുടെ സാമ്പത്തികവും, സാമുദായികവും, വിദ്യാഭ്യാസപരവുമായ ഉന്നമനത്തിനുവേണ്ടിയാണ് ഈ തുക നീക്കിവച്ചിരിക്കുന്നത്. ചില അഴിമതികളും ചൂഷണങ്ങളും നടക്കുന്നുണ്ടായിരിക്കാം. അതു ഗവമ്മെൻറിൻെറ ശ്രദ്ധയിലും പെട്ടിട്ടുണ്ട്. ആ ചൂഷണങ്ങളേയും അഴിമതികളേയും നിർമ്മാജ്ജനം ചെയ്യുന്നതിനു് ഗവമ്മെൻറ് തീച്ചയായും സത്വരമായ നടപടികൾ നടത്തുന്നതാണ്. ഇന്ന് കാണിക്കാരുടെ പേരുപറഞ്ഞ് സവർണ്ണഹിന്ദുക്കളെന്നു അഭിമാനിക്കുന്ന ഏതാനും ആളുകൾ നിലങ്ങളും പുരയിടങ്ങളും തട്ടിയെടുക്കുന്നുണ്ടെന്നും അതിലുള്ളവിളവു മുഴവൻ ആ സമുദായക്കാരുടെ പ്രത്യേക ആവശ്യങ്ങൾക്കായി ഉപയോഗിച്ചു വരുന്നുണ്ടെന്നുമുള്ള വസ്തുത എൻെറ സ്നേഹിതൻ ശ്രീ. ശ്രീധരും അറിവുള്ളതാണ്. ആ മാതിരിയുള്ള ചൂഷണങ്ങളെ നിയമംകൊണ്ട് തടുക്കുവാൻ സാദ്ധ്യമല്ലെന്നും അതിനു പ്രായോഗികമായ ചില കാര്യപരിപാടികൾ നടപ്പിൽ വരുത്തിയാലേ പരിഹാരം ഉണ്ടാകുകയുള്ള എന്നും ഞാൻ വിചാരിക്കുന്നു.

എൻെറ യുവസ്നേഹിതൻ ശ്രീ. ഗോപാലകൃഷ്ണമേനോൻ റഷ്യൻ പ്രവർത്തനസമ്പ്രദായങ്ങളും കാര്യപരിപാടികളും പ്രയോഗത്തിൽ കൊണ്ടുവരുവാനുള്ള വെമ്പലോടുകൂടി വളരെ ആവേശഭരിതമായ ഒരു പ്രസംഗം ചെയ്യുകയുണ്ടായി. ൧൯൩൭-ൽ ഒരു ഗ്രേററ് പർജ് നടത്തിയതായ റഷ്യയാണ് ഇന്ന് ഭാരതത്തിൽ സംഘടനാസ്വാതന്ത്ര്യവും, പ്രവർത്തനസ്വാതന്ത്ര്യവും, പ്രസംഗസ്വാതന്ത്ര്യവും ഇല്ലെന്നു വാദിക്കുന്നതു്. അദ്ദേഹത്തിൻെറ വാദംകേട്ടപ്പോൾ എനിക്ക് ഒരു മന്ദസ്മിതമാണ് ഉണ്ടായതു്. ഇവിടെയുള്ള ആളുകൾ അഭിപ്രായസ്വാതന്ത്ര്യം പരിപാലിക്കാത്തതുകൊണ്ട് അവരെ ഹനിച്ചിട്ടില്ലെന്നുള്ളതു് ഒരു കുററമാണെങ്കിൽ ആ കുററം ഈ ഗവമ്മെൻറ് ചെയ്തിട്ടുണ്ട്. ലെനിനിൻെറ അഭിപ്രായത്തോട് വിയോജിച്ചവരെ ചുവരോട് ചേത്തുനിത്തി വെടിയുണ്ടയ്ക്ക് ഇരയാക്കുന്നതാണ് സ്റ്റേററിൻെറ പോളിസിയെന്നു എൻെറ യുവസ്നേഹിതൻ പറയുകയാണെങ്കിൽ അതിന് ഈ സ്റ്റേററ് തയ്യാറില്ലെന്നു ഞാൻ അദ്ദേഹത്തെ അറിയിച്ചുകൊള്ളുന്നു. വിവരങ്ങൾ ശരിയായി അന്വേഷിക്കാതെ അദ്ദേഹം ചില കാര്യങ്ങൾ പറയുകയുണ്ടായി. ഈ രാജ്യത്തു പ്രാസിക്യൂഷൻ അർഹിക്കുന്നവരായ ആരെങ്കിലുമുണ്ടെങ്കിൽ അതു അഴകപ്പചെട്ടിയാരും, കുമാരസ്വാമിയും, ഇന്നത്തെ മന്ത്രിസഭയും മാത്രമാണെന്നു അദ്ദേഹം പറയുകയുണ്ടായി. അതിൽ ഒടുവിലത്തെ ഭാഗത്തിനു ഞാൻ മറുപടി പറയുന്നില്ല. മന്ത്രിസഭ പ്രാസിക്യൂഷനു് അർഹിക്കുന്നുണ്ടെങ്കിൽ അതു ചെയ്യുവാൻ എൻെറ യുവസ്നേഹിതനു് തീച്ചയായും അവകാശമുണ്ട്. ആ സ്വാതന്ത്ര്യം പരിപൂർണ്ണമായി ഞാൻ അദ്ദേഹത്തിനു വിട്ടുകൊടുക്കുന്നു. അഴകപ്പാചെട്ടിയാരെപ്പോലെയുള്ള വൻകിട മുതലാളിമാർ നിയമത്തേയോ, ഗവമ്മെൻറുത്തരവുകളേയോ ലംഘിച്ചിട്ടുണ്ടെങ്കിൽ അവർ ഇതിനകം തന്നെ ശിക്ഷയ്ക്കു് വിധേയമായിട്ടുണ്ട്. കുമാരസ്വാമിയുടെ പേരിൽ ഒരു പ്രോസിക്യൂഷൻ നിലവിലുണ്ട്. കാത്തികേയാ തിയേററർ ഉടമസ്ഥൻെറ പേരിലും ഇന്നു പ്രോസിക്യൂഷൻ ഉണ്ട്. ൫ പ്രാസിക്യൂഷനുകളാണ് ഇതിനകം ഈ ഗവമ്മെൻറിൽനിന്നും ആരംഭിച്ചിട്ടുള്ളതു്. അങ്ങിനെ പ്രോസിക്യൂഷൻ നടപടികളാരംഭിച്ചതിനുശേഷം അവാർഡിലെ വ്യവസ്ഥകളനുസരിച്ചു് പ്രവർത്തിക്കുന്നതിനു സന്നദ്ധത പ്രകടിപ്പിക്കയും അതനുസരിച്ചു് പ്രവത്തിക്കുകയും

[Sri. T. K. Narayana Pillai]

ചെയ്തതിന്റെ ഫലമായി രണ്ടു പ്രാസിക്യൂഷനുകൾ പിൻവലിച്ചിട്ടുണ്ട്. ബാക്കി മൂന്നു പ്രാസിക്യൂഷനുകൾ ഇന്നും നിലവിലിരിപ്പുണ്ട്.

അഴകപ്പാചെട്ടിയാർ അവിടത്തെ തൊഴിലാളിവർഗ്ഗത്തോട് കാണിച്ചുവരുന്ന അനീതിയേയും അധർമ്മത്തേയും പററി അദ്ദേഹം പറയുകയുണ്ടായി. ഒരു കാലത്തു കമ്മ്യൂണിസ്ററുകാരുടെ നേതൃത്വം സ്വീകരിച്ചുകൊണ്ട്, കമ്മ്യൂണിസ്ററുകാരുടെ ആജ്ഞകളെ ശിരസാവഹിച്ചുകൊണ്ട് പ്രവർത്തിച്ചുവന്നിരുന്ന തൊഴിലാളിസംഘം ഏതോ കാരണവശാൽ ആ നേതൃത്വത്തെ തട്ടിമാററിക്കൊണ്ട് വേറെ നേതൃത്വം സ്വീകരിച്ചതു് മാനേജുമെൻറിന്റെ കുററംകൊണ്ടല്ലെന്നും വഴിപിഴച്ച നേതൃത്വത്തിന്റെ കുററംകൊണ്ടാണെന്നും എന്റെ യുവസ്നേഹിതനും അറിയാവുന്നതാണ്. അഴകപ്പാചെട്ടിയാർ ശമ്പളം വർദ്ധിപ്പിച്ചിട്ടുണ്ട്, അവിടത്തെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനു മതിയായ എല്ലാ സൗകര്യങ്ങളും സൃഷ്ടിച്ചിട്ടുണ്ട്, ബോണസ്സും വർദ്ധിപ്പിച്ചിട്ടുണ്ട്. അതുപോലെതന്നെ സീതാറാം മില്ലിനെ പററിയും അദ്ദേഹം ചിലതു പറയുകയുണ്ടായി. സീതാറാം മില്ലിലെ അവാർഡിലെ വ്യവസ്ഥകൾ മുറപ്രകാരം പരിപാലിക്കുന്നതിനുവേണ്ട എല്ലാ നടപടികളും ഗവമ്മെൻറ എടുത്തു കഴിഞ്ഞിട്ടുണ്ട്. സമീപകാലത്താണ് ബോണസ് വകയിൽ മാനേജ്മെൻറ് കൊടുക്കാനുണ്ടായിരുന്ന ൮൫,൦൦൦ രൂപ കൊടുക്കേണമെന്നാവശ്യപ്പെട്ടുകൊണ്ട് ഗവമ്മെൻറിൽനിന്നും ഉത്തരവു പുറപ്പെടുവിച്ചിട്ടുള്ളതു്. ജയലക്ഷ്മി കമ്പനിക്കാർ അവാർഡിലെ വ്യവസ്ഥകളനുസരിച്ച് ബോണസ് കൊടുക്കാത്തതുകൊണ്ട് റവന്യൂ റിക്കവറി ആക്ടിലെ വ്യവസ്ഥകളനുസരിച്ച് ആ കുടിശ്ശിക മുഴുവൻ ഈടാക്കി തൊഴിലാളികൾക്ക് വിതരണം ചെയ്യുന്നതിനാവശ്യമായ ആജ്ഞകളും ഗവമ്മെൻറിൽനിന്നും പുറപ്പെടുവിച്ചിട്ടുണ്ട്. ഏതു് ട്രിബ്യൂണലിന്റെ ഏതു് അവാർഡാണ് ഗവമ്മെൻറ് അംഗീകരിക്കാതിരുന്നിട്ടുള്ളതു്, നടപ്പിൽ വരുത്താതിരുന്നിട്ടുള്ളതു് എന്നു് തെളിയിക്കുവാൻ ഞാൻ എന്റെ യുവസ്നേഹിതനെ വെല്ലുവിളിക്കുന്നു. ഏതെങ്കിലും ഒരു ഉദാഹരണം കാണിച്ചുതരാമെങ്കിൽ അതിനുവേണ്ട പരിഹാരമുണ്ടാക്കുവാൻ തീർച്ചയായും ഈ ഗവമ്മെൻറ് സന്നദ്ധമാണ്.

ശ്രീ. സി. സി. പ്രസാദ്: ആനമല ടിമ്പർ എസ്റ്റേററിലെ മാനേജ്മെണ്ട് അവാർഡു് ലംഘിച്ചതിന് ഗവമ്മെൻറ് എന്തെങ്കിലും നടപടികൾ എടുത്തിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: വിവരങ്ങൾ മനസ്സിലാക്കിക്കൊണ്ട് ചോദ്യം ചോദിച്ചാലേ മറുപടി പറയാൻ സാദ്ധ്യമുള്ളു. അവാർഡു് എന്തായിരുന്നു, അവാർഡിലെ വ്യവസ്ഥകൾ എന്തായിരുന്നു, അതിൽ ഏതെല്ലാം വ്യവസ്ഥകളാണ് ലംഘിച്ചതു് എന്നു് എന്റെ സ്നേഹിതൻ വ്യക്തമാക്കുന്ന പക്ഷം അതിനെ സംബന്ധിച്ച് കർശനമായ നടപടികൾ സ്വീകരിക്കാൻ ഗവമ്മെൻറ് സന്നദ്ധമാണ്. എഴുതി അറിയിക്കണമെന്നു നിർബന്ധമില്ല, വാക്കാൽ പറഞ്ഞാലും മതി.

ശ്രീ. എ. പി. നമ്പ്യാർ: ജയലക്ഷ്മി കമ്പനിയിൽനിന്നും ബോണസ് കൊടുക്കാനുള്ള ആജ്ഞ പുറപ്പെടുവിച്ചതു് എന്നാണ്?

ശ്രീ. ടി. കെ. നാരായണപിള്ള: റവന്യൂ റിക്കവറി ആക്ടനുസരിച്ച് നടപടികൾനടത്തി ആ സംഖ്യ ഈടാക്കുവാനാണ് ആജ്ഞ പുറപ്പെടുവിച്ചിട്ടുള്ളതു്. അതിന്റെ തിയതി ഇപ്പോൾ ഓർമ്മയില്ല.

അധഃകൃതസമുദായോദ്ധാരണത്തിനുവേണ്ടി ഗവമ്മെൻറ് സ്വീകരിച്ചിട്ടുള്ള നടപടികൾ തീരെ അപര്യാപ്തങ്ങളാണെന്നാണ് ശ്രീ. കണ്ണൻ പറഞ്ഞതു്.

ഒന്നു രണ്ടു കാര്യങ്ങളെ ആശ്രയിച്ചുകൊണ്ടാണ് അദ്ദേഹം ആ വാദം ഉന്നയിച്ചത്. ഹരിജൻ ഹോസ്റ്റലുകൾ നിറുത്തിക്കളഞ്ഞു എന്നും കിണറുകളും കുളങ്ങളും കുഴിപ്പിക്കുന്നകാര്യത്തിൽ അമാന്തം കാണിക്കുന്നു എന്നുമാണ് അദ്ദേഹത്തിന്റെ ആക്ഷേപം. ഹരിജൻ ഹോസ്റ്റലുകൾക്ക് മുമ്പ് ഗവമ്മെന്റ് ചിലവാക്കിക്കൊണ്ടിരുന്നത് ഒരുലക്ഷം രൂപ മാത്രമാണ്. എന്നാൽ അധഃകൃതോദ്ധാരണത്തിനു വേണ്ടി പുതുതായി സ്വീകരിച്ചിട്ടുള്ള സമ്പ്രദായം അനുസരിച്ച്, അതായത്, വിദ്യാത്ഥികൾക്ക് ആവശ്യമുള്ള സംഖ്യ സഹായധനമായി കൊടുക്കണമെന്നുള്ള പുതിയ പദ്ധതി അനുസരിച്ച് ആ ഇനത്തിലേക്കു മാത്രമായി ഗവമ്മെന്റ ചിലവാക്കുന്നതു മൂന്നു ലക്ഷം രൂപയാണ്. ൨൦൦൦ വിദ്യാത്ഥികളാണ് മിഡിൽസ്കൂളുകളിലും ഹൈസ്കൂളുകളിലുമായി ഗവമ്മെണ്ടിന്റെ വേതനം പററിക്കൊണ്ട് ഇന്നു പഠിക്കുന്നതു്. അതുപോലെ മുന്നൂറോളം വിദ്യാത്ഥികൾ ഗവമ്മെന്റുവേതനം പററിക്കൊണ്ട് കാളേജുകളിൽ അഭ്യസനം നടത്തുന്നുണ്ട്. ഇങ്ങനെ ആകെ ൨൩൦൦ വിദ്യാത്ഥികൾക്ക് ഗവമ്മെന്റിൽനിന്നും ഇപ്പോൾ പണം കൊടുത്തുവരുന്നുണ്ട്. എറണാകുളത്തും തിരുവനന്തപുരത്തും ഇന്ന് രണ്ട് ഹോസ്റ്റലുകൾ നടത്തിവരുന്നുണ്ട്. കാളേജ് വിദ്യാത്ഥികൾക്ക് ൪൫ രൂപ വീതമാണ് വേതനം കൊടുത്തുവരുന്നതു്. അതു് അവരുടെ മെസ് ചാർജ്ജിനെ മാത്രം ഉദ്ദേശിച്ചാണ്. അവരുടെ വസ്ത്രധാരണത്തിനും പുസ്തകങ്ങൾക്കും ആവശ്യമുള്ള പണം കാളേജുകൾ ആരംഭിക്കുന്ന സമയത്തു അവക്കു പ്രത്യേകമായി കൊടുത്തുവരുന്നുണ്ട്. ഈവിധമുള്ള നടപടികൾ ഗവമ്മെന്റ് ഏറെറടുത്തു നടത്തിവരുന്നതു ഹരിജനസമുദായത്തിൽപ്പെട്ട എല്ലാവക്കും ഒരുപോലെ ശരിയായ വിദ്യാഭ്യാസ സൌകര്യങ്ങൾ ഉണ്ടാക്കി കൊടുക്കണമെന്നുള്ള ആത്മാത്ഥമായ ഉദ്ദേശത്തോടുകൂടിയാണ്. കിണറിന്റേയും, കുളത്തിന്റേയും കാര്യം പറയുകയാണെങ്കിൽ അതെല്ലാം ചെയ്തുതീത്തുകഴിഞ്ഞു എന്ന് ഞാൻ വാദിക്കുന്നില്ല. ഇനി പലതും ചെയ്യേണ്ടതായിട്ടുണ്ട്. ഡിപാർട്ടുമെന്റിലെ താഴ്ന്ന ഉദ്യോഗസ്ഥന്മാർ ഒരു പക്ഷെ ചില ക്രമക്കേടുകൾ കാണിച്ചിരിക്കാം. ആ ക്രമക്കേടുകൾ ചൂണ്ടിക്കാണിക്കുന്നപക്ഷം അവയെ പരിഹരിക്കുന്നതിനു ഗവമ്മെൻറ് സന്നദ്ധമാണ്. നിവൃത്തിയുള്ള സ്ഥലങ്ങളിലെല്ലാം കുഴൽകിണറുകൾ സ്ഥാപിക്കണമെന്ന് ഗവമ്മെണ്ടു ഉദ്ദേശിക്കുന്നുണ്ട്. അതിലേക്ക് ആവശ്യമുള്ള ഉപകരണങ്ങൾ ഗവമ്മെന്റ ശേഖരിച്ചു വരികയാണ്.

ട്രേഡുയൂണിയനുകളുടെ രജിസ്ട്രേഷൻ ക്യാൻസൽ ചെയ്യുന്നതു വളരെ അനാശാസ്യമായ ഒരു നടപടിയാണെന്നു എന്റെ സ്നേഹിതൻ ശ്രീ. ജോസ് പറയുകയുണ്ടായി. കാരണം കൂടാതെ റജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതു അനാശാസ്യമാണെന്ന് ഞാനും സമ്മതിക്കുന്നു. ട്രേഡുയൂണിയനുകളായാലും നിയമത്തിലെ വ്യവസ്ഥകളനുസരിച്ച് പ്രവത്തിക്കേണ്ടതു് ആവശ്യമാണെന്ന് എന്റെ സ്നേഹിതനും സമ്മതിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. നിയമത്തിലെ വ്യവസ്ഥകളനുസരിച്ച് ട്രേഡുയൂണിയനുകൾ കണക്കുകൾ സൂക്ഷിക്കേണ്ടതായിട്ടുണ്ട്. വിവരങ്ങൾ അധികാരികളെ അറിയിക്കേണ്ടതായിട്ടുണ്ട്, അധികാരികളിൽനിന്നു സട്ടിഫിക്കററുകൾ വാങ്ങേണ്ടതായിട്ടുണ്ട്. നിയമത്തിലെ വ്യവസ്ഥകളെ അനസ്യൂതമായി ഏതെങ്കിലും ട്രേഡുയൂണിയനുകൾ ലംഘിക്കുന്നപക്ഷം അവയുടെ രജിസ്ട്രേഷൻ റദ്ദ് ചെയ്യേണ്ടതു നിയമപരിപാലനത്തിനുതന്നെ ആവശ്യമായിട്ടുള്ളതല്ലേ എന്ന് ഞാൻ എന്റെ സ്നേഹിതനോട് ചോദിക്കുന്നു. ന്യായമായ ട്രെയിഡ് യൂണിയൻപ്രവത്തനങ്ങളെ ഒരുകാലത്തും ഗവമ്മെന്റ നിരുത്സാഹപ്പെടുത്തുകയില്ല. അക്രമത്തിൽ വിശ്വസിച്ച് അക്രമത്തിനു ആളുകളെ പ്രേരിപ്പി

[Sri. T. K. Narayana Pillai]

ച്ച് അക്രമപ്രസക്തമായ അന്തരീക്ഷം സൃഷ്ടിക്കുകയാണ് ചില ട്രേഡ് യൂണിയനുകളുടെ ആദർശമെങ്കിൽ ആ ട്രേഡ്‌യൂണിയനുകളെ നിരുത്സാഹപ്പെടുത്തുക മാത്രമല്ല അവയെ നിയമം മൂലം നിർമ്മാർജ്ജനം ചെയ്യണമെന്നുകൂടിയാണ് ഈ ഗവണ്മെന്റിന്റെ നയം. ഇടപ്പള്ളി സംഭവങ്ങൾ, ശൂരനാട്ട സംഭവങ്ങൾ പോലെയുള്ള അക്രമപ്രവർത്തികൾ ഇനി മേലിലെങ്കിലും ഈ നാട്ടിൽ ആവർത്തിക്കാതിരിക്കത്തക്കവണ്ണം സാഹചര്യങ്ങൾ സൃഷ്ടിക്കുക എന്നുള്ളത് ഈ ഗവണ്മെന്റിന്റെ മാത്രമല്ല നിയമസമാധാനപരിപാലനത്തിൽ വിശ്വസിക്കുന്ന എല്ലാ ഗവണ്മെന്റുകളുടെയും കർത്തവ്യമാണ്.

Sri. N· D. Jose. Which trade unions were responsible for the Edapalli and Alwaye incidents ?

ശ്രീ. ടി. കെ. നാരായണപിള്ള. കമ്മ്യൂണിസ്റ്റ് ആദർശത്തിൽ വിശ്വസിച്ച് കമ്മ്യൂണിസ്റ്റ് കാര്യപരിപാടി നടപ്പിൽ വരുത്തുന്നതിനു പ്രവർത്തിക്കുന്ന ട്രെയിഡ് യൂണിയനുകൾ ഈ രാജ്യത്തുണ്ടായിരുന്നു. 'ധീരദേശാഭിമാനികളായ" എതാനും യുവാക്കന്മാർ ഇടപ്പള്ളി സ്റ്റേഷനെ ആക്രമിച്ച് സ്റ്റേഷനിൽ ഉണ്ടായിരുന്നവരുടെ കഴുത്തുവെട്ടി അവരുടെ ചോര കുടിക്കുന്നതിനുപോലും മടിച്ചിരുന്നില്ല. ഈ വിധത്തിലുള്ള പ്രവർത്തികളേയും അങ്ങിനെയുള്ള ട്രെയിഡ് യൂണിയനുകളേയും നിയമം മൂലം നാട്ടിൽനിന്നു നിർമ്മാർജ്ജനം ചെയ്യുന്നതാണെന്നു പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

ശ്രീമാൻ ജോസ് അവർകൾ ഫോഴ്സ്ഡ് അഡ്ജൂഡിക്കേഷൻ പാടില്ലെന്നു പറയുകയുണ്ടായി. ഫോഴ്സ്ഡ് അഡ്ജൂഡിക്കേഷൻ രണ്ടെണ്ണത്തിൽ അധികമില്ല. അതു എല്ലാ കക്ഷികളുടേയും സമ്മതി അനുസരിച്ചാണ്. ഇംഗ്ലണ്ടിലും കമ്പൽസറി അഡ്ജൂഡിക്കേഷൻ ഉണ്ടായിട്ടുണ്ട്. അവിടെ നാഷണൽ ആർബിട്രേഷൻ സ്ഥാപിച്ച് എല്ലാ അവസ്ഥകളിലും ആവശ്യമുള്ളപക്ഷം കമ്പൽസറി അഡ്ജൂഡിക്കേഷനു വയ്ക്കാനുള്ള വ്യവസ്ഥയുണ്ട്.

ശ്രീ. ഗംഗാധരൻനായർ അവർകൾ പ്രൈവുഡ് ഫാക്ടറിയെപ്പറ്റി പറയുകയുണ്ടായി. അത് ഫാക്ടറി ആക്ടനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ള വ്യവസായ സ്ഥാപനമാണ്. കൊല്ലത്ത് എതാനും മുതലാളികൾ ഉണ്ടെന്നും അവർ സ്വന്തം പണം ചെലവുചെയ്ത് യൂണിയനുണ്ടാക്കി തൊഴിലാളികളെ തോല്പിക്കുവാൻ ശ്രമിച്ചുവരുന്നു എന്നും അദ്ദേഹം പറഞ്ഞു. അതിന്റെ വസ്തുതകൾ അറിയുന്നതിനോ, യഥാർത്ഥവിവരങ്ങൾ അറിയുന്നതിനോ എനിക്കു സധിച്ചിട്ടില്ല. തീർച്ചയായും അങ്ങനെയുള്ള സംരംഭങ്ങൾ നിയമവിരുദ്ധവും അതു തടയേണ്ടതും ആണ്.

പിന്നെ എ. ഡി. കാട്ടൻമില്ലിലെ കാര്യം ഇവിടെ പറയുകയുണ്ടായി. എ. ഡി. കാട്ടൺ മില്ലിൽ ഇരുകക്ഷികളുടെയും ആവശ്യം അനുസരിച്ച് ഒരു അവാർഡ് ഉണ്ടായി. ആ അവാർഡിൽ ഒരു വ്യവസ്ഥയെപ്പറ്റിയുള്ള വ്യാഖ്യാനത്തിൽ അവർ തമ്മിൽ അഭിപ്രായ വ്യതാസമുണ്ടായി. ആ വ്യവസ്ഥ ഒരു വിധത്തിലാണെന്ന് മാനേജുമെന്റും വേറെ ഒരു വിധത്തിലാണെന്ന് തൊഴിലാളികളും വാദിക്കുന്നു. അതിനെ സംബന്ധിച്ച് രണ്ടുകൂട്ടരും അപ്പീൽ കൊടുത്തിട്ടുണ്ട്. അതിന്റെ വ്യാഖ്യാനം എന്താണെന്ന് അപ്പലേററ ട്രിബ്യൂണലിന്റെ തീരുമാനം ഉണ്ടാകുന്നതുവരെ ഗവണ്മെണ്ടിന് ഒന്നും ചെയ്യുവാൻ സാദ്ധ്യമല്ല. സമീപകാലത്ത് ഗവണ്മെന്റിന്റെ ആഭിമുഖ്യത്തിൽ യൂണിയന്റെയും, മാനേജുമെന്റിന്റെയും ഒരു കാൺഫറൻസ് വിളിച്ചുകൂട്ടുന്നുണ്ട്. അതിൽവെച്ച് അവിടത്തെ തർക്കത്തെപ്പറ്റിയും ലാക്കൌട്ടിനെപ്പറ്റിയും ഒരു തീരുമാനം ചെയ്യുന്നതാണ്.

സാഹിബ് ബഹദൂർ കെ. എ. മഹമ്മദ്: അവാർഡിനെ സംബന്ധിച്ച് അപ്പീൽ കൊടുത്തിട്ടുണ്ടെന്നു പറഞ്ഞു. ആ നിലയ്ക്കു ലാക്കൌട്ട് ചെയ്യുന്നതും, സ്ട്രൈക്ക ചെയ്യുന്നതും നിയമവിരുദ്ധമാണോ ?

ശ്രീ. ടി. കെ. നാരായണപിള്ള: സ്ട്രൈക്കിനെ തുടർന്നാണ് ലാക്കൌട്ട ഉണ്ടായതെന്നാണ് അറിയുന്നത്.

ശ്രീ. വി. ഗംഗാധരൻനായർ: നാലുപേർ മില്ലിൽ വന്ന് ജോലി വേണ്ടെന്നു വെച്ചുപോയതുകൊണ്ട് മില്ലുകാർ ലാക്കൌട്ട് ചെയ്തിരിക്കുകയാണ്. അതാണ് വാസ്തവമെന്ന് പറഞ്ഞാൽ വിശ്വസിക്കാമോ ?

ശ്രീ. ടി. കെ. നാരായണപിള്ള: ജോലി വിട്ടുപോകുന്നതും സ്ട്രൈക്കും തമ്മിൽ വളരെ വ്യത്യാസമുണ്ട്.

സാഹിബ് ബഹദൂർ കെ. എ. മഹമ്മദ്: കഴിഞ്ഞ വർഷം ആകപ്പാടെ എത്ര ജോലിക്കാർ അവിടെ ജോലിനടത്തിയിട്ടുണ്ടെന്ന് ഗവർമ്മെൻറിന് അറിയാമോ ?

ശ്രീ. ടി. കെ. നാരായണപിള്ള: കഴിഞ്ഞ കൊല്ലത്തിലും അതിനു മുമ്പിലത്തെ കൊല്ലത്തിലും ശരിയായ പ്രവർത്തനങ്ങൾ അവിടെ നടത്തിയിരുന്നില്ലെന്ന് ഗവർമ്മെൻറിനറിയാം. അതിലേയ്ക്കു കൂടിയാലോചന നടത്തി ആ മിൽ ശരിക്കു നടത്താമോ എന്ന് നോക്കുന്നതിന് ഗവർമ്മെൻറ പരിശ്രമിച്ചുവരികയാണ്.

ഇനി സിറാമിക്ക് ഫാക്ടറിയിലെ റിട്രഞ്ച്മെൻറിനെപ്പററിയാണ് എനിക്കു പറയുവാനുള്ളത്. സിറാമിക്ക് ഫാക്ടറിയിലെ റിട്രഞ്ച്മെൻറ് എന്നു പറഞ്ഞാൽ വേറെ തൊഴിലില്ലാത്തവിധം അവരെ പറഞ്ഞയയ്ക്കുവാനല്ല ഗവർമ്മെൻറ് നിശ്ചയിച്ചിട്ടുള്ളത്. അവിടത്തെ വികസനപദ്ധതി ഒരു കൊല്ലത്തിനകം പൂർത്തിയാക്കാമെന്നാണ് ഗവർമ്മെൻറ് പ്രതീക്ഷിക്കുന്നത്. അങ്ങനെ വികസനം പൂർത്തിയാകുന്നതോടുകൂടി അവിടെനിന്നു ഇപ്പോൾ റിട്രഞ്ച് ചെയ്യേണ്ടതായ ഫൻ൭ പേരേയും തിരിയെ ജോലിക്കെടുക്കുന്നതിന് സാധിക്കുന്നതാണ്. ഇടക്കാലത്തേയ്ക്ക് റിട്രഞ്ച് ചെയ്യുന്നവർക്ക് ആൾട്ടർനേററീവ് എംപ്ലോയിമെൻറ് കൊടുക്കുവാനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആൾട്ടർനേററിവ് എംപ്ലോയിമെൻറ പോരാ ആ ഫാക്ടറിയിൽതന്നെ ജോലിവേണമെന്ന് പറഞ്ഞതുകൊണ്ടാണ് അവിടെ റിട്രഞ്ച്മെൻറ നടത്തുവാൻ ഗവർമ്മെൻറ് നിർബന്ധിതരായിട്ടുള്ളത്.

ഫെയർവേജസിനെപ്പററിയുള്ള തൊഴിൽ നിയമത്തിലെ വ്യവസ്ഥകൾ നടപ്പിൽ വരുത്താമെന്നും ഫെയർവേജ്സ് ക്ലാസ്സ് കാൺട്രാക്ടിൽ ചേർക്കാമെന്നും മുൻമന്ത്രി വാക്കുപറഞ്ഞിട്ടുണ്ടെങ്കിൽ ആ വാക്കിനെ അക്ഷരംപ്രതി ഈ ഗവർമ്മെൻറ് പാലിക്കുന്നതാണ്. ആലപ്പുഴയെ സംബന്ധിച്ചു അതു് ഉഭയകക്ഷികളും സമ്മതിച്ചുകഴിഞ്ഞു. തൃശ്ശൂരും സമ്മതിച്ചിട്ടുണ്ടെന്നാണ് എനിക്കു അറിയുവാൻ കഴിഞ്ഞിട്ടുള്ളത്. ഏതായാലും ഫെയർവേജസ് ക്ലാസു കാൺട്രാക്ടിൽ ചേർക്കാമെന്ന് മുൻമന്ത്രി പറഞ്ഞിട്ടുണ്ടെങ്കിൽ അതു നടപ്പിൽ വരുത്തുകയും ചെയ്യും. ഇതാണ് എനിക്കു സമാധാനമായി പറയുവാനുള്ളത്.

The cut motions moved by Sri. A. K. Patchu Pillai, Sri. Ponnara G. Sreedhar, Sri. E. Gopalakrishna Menon, Sri. K. K. Kannan and Sri. N. Daniel Jose were put and lost.

The question that Government be granted a sum of Rs. 18,98,200 under Demand No. XXVI—Labour and Miscellaneous—was put and carried.

The grant was made.

Demand XXXII—Extraordinary Charges

Minister for Law, Finance and Revenue **(Sri. A. J. John):** Sir, I move for a grant of Rs. 1,58,30,800 under Demand XXXII—Extraordinary Charges.

Minister for Education, Food and Labour **(Sri. T. K. Narayana Pillai):** I second it.

Sri. Paul Thaliath: I may be permitted to speak on the second motion, also, while I speak on the first motion.

Mr. Speaker: Yes; but the time allowed is only ten minutes.

Sri. Paul Thaliath: Yes, Sir.

I move: To reduce the allotment of Rs. 43,000 for Pay of Officers by Re. 1.

സർ, ഞാൻ ഈ ഉപക്ഷേപം ഹാജരാക്കുന്നതു് ചില സംഗതികൾ ഗവമ്മെണ്ടിന്റെ ശ്രദ്ധയിൽപ്പെടുത്തണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു്. ധനകാര്യമന്ത്രി പല അവസരത്തിലും ഇവിടെ പ്രസ്താവിച്ചുകഴിഞ്ഞിട്ടുണ്ടു് ഭക്ഷ്യധാന്യങ്ങൾ അന്യരാജ്യങ്ങളിൽനിന്നു് ഇറക്കുമതിചെയ്യുന്നതുമൂലം ഒരു വലിയ നഷ്ടം സഹിക്കേണ്ടിവരുന്നുവെന്നും അതു തുടൎന്നുപോകുന്നപക്ഷം ഈ ഗവമ്മെണ്ടിന്റെ സാധാരണ കാര്യങ്ങൾ, സാധാരണ ജനങ്ങൾക്കു ഉപകാരപ്രദമായ മററു കാര്യങ്ങൾ, നടത്തുന്നതിനു പ്രയാസംവരുമെന്നും. ഈ സ്ഥിതിഗതികൾവച്ചു നോക്കിയാൽ ഭക്ഷ്യധാന്യങ്ങൾ ധാരാളമായി ഉല്പാദിപ്പിക്കണമെന്നുള്ളതു് ഏററവും ആവശ്യമാണു്. ഭക്ഷ്യധാന്യങ്ങൾ കൂടുതൽ ഉല്പാദിപ്പിക്കുന്നതിനു് പല സ്കീമുകളും ഈ ഗവമ്മെണ്ടിനുണ്ടു്. അതുസംബന്ധമായ ഗവമ്മെണ്ടിന്റെ ദീൎഘകാലപദ്ധതികൾ പ്രവൎത്തനത്തിൽവരുത്തി അതിന്റെ ഫലം കിട്ടുന്നതുവരെ ഈ കാര്യത്തിനു കാത്തിരിക്കുന്നതു് ശരിയാണോ എന്നു എനിക്കു സംശയമുണ്ടു്. അതിനു വേറെ ഒരു പോംവഴി ഗവമ്മെണ്ടിനുള്ളതു് കൂടുതൽ സ്ഥലങ്ങൾ കൃഷിക്കായി കൊടുക്കുക എന്നുള്ളതാണു്. അതനുസരിച്ചു് വനങ്ങളിൽനിന്നു് ധാരാളം സ്ഥലം കൃഷി ആവശ്യത്തിനു് കൊടുത്തുപോരുന്നുണ്ടെന്നു് എനിക്കറിയാം. പക്ഷെ അങ്ങനെ കൊടുക്കുന്നതുകൊണ്ടും നമ്മുടെ ഈ പ്രശ്നത്തിനു യാതൊരു പരിഹാരവും ഉണ്ടായിട്ടില്ല. ഗവമ്മെണ്ടിന്റെ പ്രവൎത്തനഫലമായി ഏതാണ്ടു് ൫൦,൦൦൦ ടൺ ഭക്ഷ്യധാന്യങ്ങൾ മാത്രമെ കൂടുതൽ ഉണ്ടാക്കുവാൻ സാധിച്ചിട്ടുള്ളു എന്നു് ഗവമ്മെണ്ടിൽനിന്നു പല അവസരത്തിലും പറഞ്ഞുകേട്ടിട്ടുണ്ടു്. നമുക്കു് ആവശ്യമുള്ള ഭക്ഷ്യധാന്യങ്ങളിൽ ഇവിടെ ഉണ്ടാകുന്നതുകഴിച്ചു ബാക്കി പോരാതെവരുന്നതു് ഏകദേശം മൂന്നര ലക്ഷം ടൺ ഭക്ഷ്യധാന്യങ്ങളാണു്. രണ്ടു മൂന്നു കൊല്ലത്തെ ശ്രമംകൊണ്ടു് ൫൦,൦൦൦ ടൺ ഭക്ഷ്യധാന്യങ്ങൾ മാത്രമെ കൂടുതൽ ഉണ്ടാക്കുവാൻ സാധിച്ചിട്ടുള്ളു എങ്കിൽ എത്ര കൊല്ലംകൊണ്ടാണു് നമുക്കു് ഈ പോരായ്ക നികത്തുവാൻ സാധിക്കുക എന്നുള്ളതു് കാര്യമായി നാം ആലോചിക്കണം. ഗവമ്മെണ്ടിൽനിന്നു് കൂടുതൽ സ്ഥലം കൃഷിക്കുവേണ്ടി കൊടുക്കുന്നുവെന്നു പറഞ്ഞു. അതു കൊടുക്കുന്നതുകൊണ്ടു് നാം വിചാരിക്കുന്ന തരത്തിലുള്ള ഗുണം കിട്ടുന്നുണ്ടോ എന്നു പ്രത്യേകം നോക്കണം. ദേവികുളത്തും പീരുമേട്ടിലും കൃഷിയുടെ ആവശ്യത്തിനു സ്ഥലം കൊടുക്കുന്നതിനെ സംബന്ധിച്ചു് ഈ നിയമസഭയിൽതന്നെ പല ആക്ഷേപങ്ങളും ഉണ്ടായിട്ടുണ്ടു്. അതുസംബന്ധിച്ചു് നാം പല പരാതികളും കേട്ടുകൊണ്ടിരിക്കുകയാണു്. അതിനെപ്പററി പല ആക്ഷേപങ്ങളും ഈ നിയമസഭയിൽ ബഹുമാനപ്പെട്ട മെമ്പർമാർതന്നെ കൊണ്ടുവന്നിട്ടുണ്ടു്. ഇങ്ങനെ സ്ഥലം പതിച്ചുകൊടുത്തിട്ടും അതുകൊണ്ടു് നാം വിചാരിച്ചു ഗുണമൊന്നും ഉണ്ടായിട്ടില്ല. ഇതുകൊണ്ടു് ചില വ്യക്തികൾക്കു് കുറെ കൂടുതൽ സ്ഥലം കൈവശംവെയ്ക്കാമെന്ന ഗുണം ഉണ്ടാകാമെന്നല്ലാതെ വലിയ പ്രയോജനമില്ല. അതുകൊണ്ടു് ഗവമ്മെണ്ടിനു് അവസാനമായി ഭക്ഷ്യോല്പ

ദനം വർദ്ധിപ്പിക്കുവാൻ ചെയ്യാവുന്നതു് കൂട്ടുകൃഷി നടപ്പിൽ വരുത്തുകയെന്നതാണ്. ഈ കാര്യത്തിൽ ഗവമ്മെൻറ് കാര്യമായി ശ്രദ്ധിച്ചിട്ടുണ്ടോയെന്നു സംശയമാണ്. ഫുഡ്പ്രൊഡക്ഷൻബോർഡ് ചെയർമാൻ ഓടിനടന്നു ചിലതെല്ലാം ഈ കാര്യത്തിൽ ചെയ്യുന്നുണ്ടെന്നു ഗവമ്മെൻറ് പറയുമായിരിക്കാം. അതുകൊണ്ടൊന്നും കാര്യമായില്ല. കൂട്ടുകൃഷിയെപ്പററി ഫുഡ്പ്രൊഡക്ഷൻബോർഡ് ചെയർമാനു് വേണ്ടത്ര പരിജ്ഞാനം ഇല്ലെന്നാണ് എനിക്കു തോന്നുന്നതു്. അതുകൊണ്ടു് അദ്ദേഹത്തിന്റെ സർക്കീട്ടുകൊണ്ടു് അദ്ദേഹത്തിനു ഗുണം ഉണ്ടെന്നല്ലാതെ പറയത്തക്ക പ്രയോജനം ഒന്നും ഉല്പാദനകാര്യത്തിൽ ഉണ്ടാകാൻ പോകുന്നില്ല. അതിനാൽ ഗവമ്മെൻറിനോടു് എനിക്കു പറയുവാനുള്ളതു് കൂട്ടുകൃഷിയെപ്പററി നല്ല പരിചയവും പരിജ്ഞാനവുമുള്ള ഒരാളെ പുറത്തുനിന്നു വരുത്തിയാലും വേണ്ടുകില്ല, ശരിയായ നിലയിൽ ഇവിടെ കൂട്ടുകൃഷി നടപ്പിൽ വരുത്തുവാനാണ് ശ്രമിക്കേണ്ടതെന്നാണ്. കൃഷിക്കു ഏററവും ആവശ്യമായിട്ടുള്ളതു് നല്ലതരം വിത്തും ആവശ്യമുള്ളിടത്തോളം വളവുമാണ്. ഇവ രണ്ടും ഇപ്പോൾ ഗവമ്മെൻറ് കുറെയെല്ലാം നൽകിവരുന്നുണ്ടെങ്കിലും അവയുടെ വിതരണം ഒട്ടും ആശാസ്യമായിട്ടല്ല നടക്കുന്നതു്. നല്ലതരം വിത്തുകൾ ആവശ്യത്തിനു മതിയാകുംവണ്ണം എല്ലാ വില്ലേജുകളിലും സൗകര്യംപോലെ കിട്ടാൻ ഏർപ്പാടു ചെയ്യണം. അതുപോലെ എല്ലാ വില്ലേജിലും വളം ഡിപ്പോതുറന്നു ആവശ്യമുള്ളവർക്കെല്ലാം വളം കിട്ടത്തക്കവിധം വ്യവസ്ഥയും ചെയ്യണം. ഇപ്പോൾ കൊടുക്കുന്ന വളംതന്നെ വില്ലേജാപ്പീസറന്മാരുടെ സർട്ടിഫിക്കററുള്ളവർക്കുമാത്രമെ ലഭിക്കുന്നുള്ളു. നെല്ലുവിററാൽ അതിലേക്കു ഗവമ്മെൻറിൽനിന്നും ഒരു രസീതു കൊടുക്കുമല്ലൊ. ആ രസീതു കാണിച്ചാൽ വളം കിട്ടുന്നതിനു ഏർപ്പാടുചെയ്താൽ ജനങ്ങൾക്കു് കൂടുതൽ സൗകര്യമായിരിക്കുമെന്നാണ് എനിക്കു തോന്നുന്നതു്.

ശ്രീ. ഏ. കെ. പാച്ചുപിള്ള: നെല്ലു് വില്ക്കുന്നതു പലപ്പോഴും ജന്മിമാരും നിലമുടമസ്ഥന്മാരും ആയിരിക്കുമല്ലൊ. ആ നിലയ്ക്കു് യഥാർത്ഥ കർഷകർക്കു് വളം എങ്ങനെ കിട്ടും?

ശ്രീ. ചാക്കോ തളിയത്തു്: അതു ഗവമ്മെൻറ് നോക്കേണ്ട കാര്യമാണ്. യഥാർത്ഥകർഷകനെ നോക്കികൊടുത്താൽമതി. പക്ഷെ വില്ലേജുദ്യോഗസ്ഥന്റെ സർട്ടിഫിക്കററിന്റെ കാര്യത്തിലും എന്റെ മാന്യസ്നേഹിതൻ ചൂണ്ടിക്കാണിച്ച ന്യൂനത ഉണ്ടാകാവുന്നതാണ്. രണ്ടാമതു്, വസ്ത്രത്തെപ്പററിയാണ് എനിക്കു പറയുവാനുള്ളതു്. മല്ലാകട്ടെ, ജഗന്നാഥനാകട്ടെ, ഒരു മുഴംപോലും മാർക്കററിൽ കിട്ടുന്നില്ല. വളരെ താമസിയാതെ കൂടുതൽ ചരക്കുകൾ ഇവിടെ വരുമെന്നും അപ്പോൾ എല്ലാം ശരിപ്പെടുമെന്നും ഗവമ്മെൻറ് പറഞ്ഞതുകൊണ്ടു ഫലമൊന്നും ഇല്ല. ഇവിടെ ഇപ്പോൾ ഉള്ള വസ്ത്രം ശരിയായി എല്ലാവർക്കും കിട്ടത്തക്കവിധത്തിൽ വിതരണം ചെയ്യുകയാണു പ്രധാനമായി വേണ്ടതു്. മുൻപു് തിരുവിതാംകൂറിലും കൊച്ചിയിലും റേഷൻകാർഡനുസരിച്ചു വിതരണം ചെയ്തിരുന്ന സിസ്റ്റമായിരുന്നു ഉണ്ടായിരുന്നതു്. അതേസിസ്റ്റം ഉടനെ നടപ്പിൽവരുത്തുവാൻ ഗവമ്മെൻറ് ശ്രമിക്കേണ്ടതാണ്.

മററു കൺട്രോൾ സാധനങ്ങളിൽ പ്രാധാന്യമർഹിക്കുന്നതു് ഇരുമ്പും, ഉരുക്കുംസാമാനങ്ങളാണ്. ഇവയുടെ വിതരണത്തെപ്പററിയും വലിയ ആക്ഷേപങ്ങളുണ്ടു്. അതിലേക്കുള്ള അപേക്ഷകളെല്ലാം ഇവിടെവന്നുകിടക്കുകയല്ലാതെ ന്യായമായ വിധത്തിൽ വിതരണം നടത്തുന്നില്ല. കൺട്രോളർ ആപ്പീസ്സിലെ ചില ക്ലാർക്കന്മാർ വിചാരിക്കുന്ന അപേക്ഷകൾ മാത്രമെ പരിഗണിക്കുന്നുള്ളു

[Sri. Paul Thaliath]

എന്ന പരാതിയുണ്ട്. ആവശ്യവും പ്രയാറിററിയും പരിഗണിച്ചു ഈ സാധനങ്ങളും ന്യായമായി വിതരണംചെയ്യുവാൻ വേണ്ട ഏർപ്പാട് ഉടൻ ചെയ്യേണ്ടതാണ്.

Sri. A. Thanu Pillai: Sir, Control comes in when there is scarcity of articles. Here the articles controlled have to come partly from inside the State and probably to a much larger extent from outside. So we have to be careful about more than one aspect of the whole matter, namely of imports, distribution and procurement of what is available within the State. Of course the question of procurement comes in relation to food and in a way in relation to yarn and clothing. Yarn and clothing are met partly from the State. Then there are other articles as was referred to by Mr. Paul Thaliath such as iron and steel and articles of that kind which have to be imported from outside. The one thing that strikes anybody who looks into the problem is that this department has failed, very badly failed I should say, in respect of that aspect of the problem. In regard to production with respect to food, as was pointed out by Mr. Thaliath, a lot of money is being spent; a lot is talked about production, but then the net result is practically nil. There is a Food Production Board about which much criticism has already been advanced here, not only this time but in previous years also. We find, in spite of all this, Government say about cultivation on the hills, intensive cultivation, distribution of manure at cheap rates and so on. In spite of all that increase of production is very very little. No figures are available. At times Government would say, a good lot is produced. I think the latest figure is somewhere about 50 thousand tons of "food material" not exactly food grains. That is very very little considering the shortage here.

Then with regard to import, we have heard a good deal about that from outside. Import of yarn is also too little. But distribution is more faulty. In respect of clothing also there is inadequacy. Distribution is also very faulty. In regard to other materials also the same observation can well be made. Yesterday we were told in answer to a question that there has been considerable complaint with regard to import of cloth. Cloth permit was given to a few importers in Cochin far in excess of the normal requirements in that area. Considering the total imports into this State, the quantity allowed to be imported here is comparatively small. Now, Sir, I should insist on this aspect. In the first place we should try to get as much as possible. I am sure the Government is at fault. They say they have been writing to the Government of India. But what can people here do? They cannot approach the Government of India for everything. If anything has to be got done in respect of imports, it is through the local Government. Government cannot say; "We approached the Government of India. But they do not listen." Is that an answer, I ask. It has become very very difficult to get even a yard of cloth. What are we to do in that circumstance? I should think, Government should be more vigilant. They should act in time. They should know beforehand what will be the position at a particular time, a month hence or two months hence. It may be in respect of food, yarn or clothing materials or even iron materials. When we are faced with acute shortage, there is no use saying, "we addressed the Government of India, but no satisfactory answer." All that I would say is, Government should act in time. I doubt very much whether they do so. They must see beforehand a few months in advance what the position would be. I am afraid that they have not been doing. In regard to imports, I have to submit one thing. Government should be very equitable and fair in dealing with people. I ask, why should all our cloth go to Cochin. That has been said here many a time. Some importer in Cochin alone has been favoured unduly. Why, I ask. Why is that particular importer favoured? Is it in the interests of the State, or is it because of

private interests that this Government acts in that way? Yesterday the Minister gave us the answer to the effect that there is some complaint and that it is being looked into. I ask, why did the Ministry give room for that kind of complaint. Is it enough to say, "yes, there has come a complaint about it." Is it because the Minister who was in charge of the matter on the previous occasion has left the Ministry this kind of answer is given? I again ask, is it for the new Ministry to say, "yes; there is a complaint and we are looking into it." My pointed question is, why did the former Ministry allow that? These are very vital questions to be properly answered. We are faced with an acute shortage. All maximum fairness must be shown by any Government acting under such conditions. Then only a Government can function satisfactorily in the face of difficulty. Complete fairness itself will go a great way in satisfying the people. When one Lonappan at Cochin is allowed to import half the quantity allotted for the State, when half a dozen other importers together from Cape Comorin to Ernakulam are allowed to import the other half or even less in the face of shortage, when we cannot get a yard of cloth, I ask the Government, how can the people be satisfied? Suppose this Government are in a position to say "We have done everything in the best manner possible. We have tried to distribute on an equitable basis. Yet, the situation has come to this. We are helpless. We have approached the Government of India but we have not been favoured with a satisfactory reply". And then the people will listen and sympathise with the Government. On the other hand, what have we here? Unfairness, inequity, injustice, I would even say, corruption. For when a Government acts unfairly, there must be corruption behind. A good father should be equally favourable to all his children. When unfairness is seen in the working of the Government, there must be some corruption. Why go in for all this trouble?

In regard to iron goods also there is complaint. I have personal experience in this matter. I applied for some iron material and I was told that I could get it at Quilon. What I wanted was a small piece, not even of the weight of a hundredweight. But if I want that I should go to Quilon. Why is that? Why not distribute what is available in all the centres, so that it may be available to everyone who wants? A person might want some iron material, it may be a small thing that he wants, but even then he must go to Quilon for it. At times people have to go to Ernakulam even. All these are troublesome to the consumers. Government have to keep in mind all these things when they distribute these things among the different centres. All this is the cause of great discontent and harrassment.

We may say generally that this department is not working properly. I find from the budget, that there is a Civil Supplies Commissioner and that he is in charge of food, cloth, iron materials and other things. He is assisted by a number of subordinate officials. Altogether the salary and establishment charges come to about Rs. 15 lakhs. In a small state like this, if the control agency is to cost so much, there must be a corresponding benefit to the State. But that benefit is not forthcoming. Therefore the whole agency has to be condemned out-right, the ultimate responsibi'ity being on the Government.

ശ്രീ. കെ. കെ. കണ്ണൻ: സർ, ഞാൻ അവതരിപ്പിക്കുന്ന ഖണ്ഡനോപക്ഷേപം ഇതാണു.

To reduce the allotment of Rs. 9,58,400 for Rationing and Procurement by Re. 1.

സർ, ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയുടെ പ്രസ്താവനയിൽ, ഈ രാജ്യത്തേക്ക് ആവശ്യമായിട്ടുള്ള ഭക്ഷണധാന്യങ്ങൾ ഇറക്കുമതി ചെയ്യുകയും അവ

[Sri. K. K. Kannan]

ഇന്നത്തെ റെയിററ് അനുസരിച്ച് വില്പന നടത്തുകയുമാണെങ്കിൽ സ്റ്റെയിററിന് ൫ കോടി രൂപയുടെ നഷ്ടം ൧൯൫൧-ൽ സഹിക്കേണ്ടിവരുമെന്നു പറയുകയുണ്ടായി. ഈ നഷ്ടത്തിൽ ഒന്നരകോടി രൂപ ഇൻഡ്യാ ഗവമ്മെൻറ് സബ്സിഡിയായി കൊടുക്കാമെന്ന് സമ്മതിച്ചിട്ടുള്ളതായും ഇവിടെ പ്രസ്താവിച്ചു. ഭക്ഷണപ്രശ്നത്തെപ്പററി രാജപ്രമുഖൻ തിരുമനസ്സിലെ പ്രസ്താവനയിലേക്ക് ഞാൻ ഈ സഭയുടെ ശ്രദ്ധയെ ആകർഷിക്കണമെന്ന് വിചാരിക്കുന്നു. ഈ നാട്ടിലെ ഭക്ഷ്യനില ഗുരുതരമായ വിധത്തിൽ ദൈനംദിനം വഷളിച്ചുകൊണ്ടിരിക്കുന്നുവെന്നും ഭക്ഷണസാധനങ്ങളുടെ കുറവു പരിഹരിക്കുന്നതിനുവേണ്ടി കഴിവുള്ളതെല്ലാം ഈ ഗവമ്മെൻറ് പ്രവർത്തിക്കുന്നുണ്ടെന്നും, എന്നാലും അതിൻെറ ഫലം കമ്മിയാണെങ്കിൽ അതു് അനിവാര്യമാണെന്നും മററും ആ പ്രസംഗത്തിൽ സൂചിപ്പിച്ചിരുന്നു. ഈ നാട്ടിൽ വഷളിച്ചുവരുന്ന ഭക്ഷണക്ഷാമത്തെ പരിഹരിക്കാനായി ഗവമ്മെൻറ് എതെല്ലാം പദ്ധതികളും എന്തെല്ലാം പരിപാടികളും എടുത്താലും അതുകൊണ്ടു് പ്രയോജനമില്ലെങ്കിൽ അതു് അനിവാര്യമാണെന്നു് പറഞ്ഞു സമാധാനിക്കുന്നതു് ഈ ഗവമ്മെൻറിൻെറ ഒരു പ്രഖ്യാപിതനയമായിട്ടാണു് കരുതേണ്ടതു്. എന്തെല്ലാം ദുരിതങ്ങളും കഷ്ടപ്പാടുകളും ജനങ്ങൾ അനുഭവിക്കേണ്ടിവന്നാലും അവയെല്ലാം അനിവാര്യമാണെന്നു പറയുന്ന ഒരു നയമാണു് ഗവമ്മെൻറിനുള്ളതെങ്കിൽ ആ ഗവമ്മെൻറ് ഇവിടെ ആവശ്യമുണ്ടോ എന്നുകൂടി ചിന്തിക്കേണ്ടതായിട്ടുണ്ടു്. സർ, അനിവാര്യമാണു് എന്നു പറയാനുള്ള ഉത്തരവാദിത്വമേ അവക്കുള്ളുവെങ്കിൽ അതു വെറും നിസ്സാരമായ ഒരു കാര്യത്തെ സംബന്ധിച്ചല്ല. ഏററവും ഗുരുതരമായ ഒരു പ്രശ്നമാണു് ആഹാരകാര്യം. ആ കാര്യത്തിനു് ഗവമ്മെൻറിനു് വാസ്തവത്തിൽ കാര്യമായ ഒരു പദ്ധതിയില്ലെങ്കിൽ ഈ ഗവമ്മെൻറ് എന്തിനു് നിലനില്ക്കുന്നു? ധനകാര്യമന്ത്രിയുടെ പ്രസംഗത്തിൽ പറഞ്ഞിട്ടുള്ളതു വാസ്തവമാണെങ്കിൽ ഒന്നരക്കോടി രൂപ ഇൻഡ്യാ ഗവമ്മെൻറ് കൊടുക്കുന്നതും കഴിച്ചു് മൂന്നരക്കോടി രൂപയുടെ നഷ്ടം പരിഹരിക്കുന്നതിനുവേണ്ടി ന്യായമായ എന്തു് മാർഗ്ഗമാണു് ചൂണ്ടിക്കാണിക്കുന്നതു് ? ഒന്നുംതന്നെയില്ല. പിന്നെയോ, ഈ നഷ്ടം പരിഹരിക്കുന്നതിനു ആഹാരസാധനങ്ങളുടെ വിലകൂട്ടണമെന്നു ഇൻഡ്യ ഗവമ്മെൻറ് നിർദ്ദേശിച്ചിരിക്കുന്നു എന്നും അതനുസരിച്ചു് ഈ ഗവമ്മെൻറ് അരിയുടെ വില കൂട്ടാൻ പോകുന്നുവെന്നും അദ്ദേഹം പ്രസ്താവിക്കുന്നു. അതായതു് ഒരു മന്നിനു ൧൭½ രൂപ വിലയുള്ള അരി മന്നിനു് ൨൦ രൂപയായി വഷളിപ്പിക്കാൻ പോകുന്നുവെന്നാണു് പറഞ്ഞതു്. അദ്ദേഹത്തിൻെറ പ്രസംഗം മുൻപിൽ വച്ചുകൊണ്ടുതന്നെയാണു് ഞാൻ സംസാരിക്കുന്നതു്. ഗവമ്മെൻറ് ഈ വിധത്തിൽ വില വഷളിപ്പിക്കാൻ തുടങ്ങുകയാണെങ്കിൽ ഇവിടത്തെ സാധാരണക്കാരുടെ അവസ്ഥ എന്തായിരിക്കുമെന്നു് ഒന്നു ചിന്തിച്ചുനോക്കേണ്ടതാണു്. ഇന്നത്തെ നിലയിൽത്തന്നെ റേഷൻ വാങ്ങിക്കാൻ ആളുകൾ പണമില്ലാതെ വിഷമിക്കുന്നു. നാട്ടിൽ തൊഴിലില്ല, ഉള്ള തൊഴിലിനു ശരിയായ കൂലിയുമില്ല. തന്നിമിത്തം രാജ്യം ദൈനംദിനം പട്ടിണിയിലേക്കും ക്ഷാമത്തിലേക്കും നീങ്ങിക്കൊണ്ടിരിക്കുന്നു. ഈ അവസരത്തിൽ അരിയുടെ വിലകൂടി കൂട്ടുകയാണെങ്കിൽ അതെത്ര ഭയങ്കരമായ അനീതിയായിരിക്കും, ചിന്തിച്ചുനോക്കുക. അരിയുടെ വില കൂട്ടുകയാണെങ്കിൽ ഇന്നത്തേക്കാൾ വളരെ ഗുരുതരമായ ഒരു അവസ്ഥയെ ഗവമ്മെൻറിനു് അഭിമുഖീകരിക്കേണ്ടതായിവരുമെന്നു മുന്നറിയിപ്പുകൊടുക്കാൻ ഞാൻ ഈ അവസരത്തിൽ ആഗ്രഹിക്കുന്നു. ഭക്ഷണക്ഷാമം പരിഹരിക്കുന്നതിനു് ഗവമ്മെൻറ് കൈക്കൊണ്ടിട്ടുള്ള നില തികച്ചും അപര്യാപ്തമാണെന്നു ഇതിനകം ഗവമ്മെൻറുതന്നെ മനസ്സിലാക്കിക്കഴിഞ്ഞിട്ടുണ്ടെന്നാണു് ഞാൻ വിചാരിക്കുന്നതു്. ഇവിടെ ഭക്ഷ്യോല്പാദനത്തിനുവേണ്ടി ഭൂമി

പതിച്ചുകൊടുക്കുന്നു. പക്ഷെ അതു് സാധാരണക്കാരായ കൃഷിക്കാർക്കല്ല. നേരെ മറിച്ചു വൻകിട മുതലാളിമാർക്കും ധാരാളം ഏക്കർ സ്ഥലം കൈവശം വച്ചുകൊണ്ടിരിക്കുന്ന ജന്മിമാർക്കുമാണു്. ഈ സംഗതി മിക്ക മെമ്പറന്മാരും ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. പണിയെടുക്കാൻ ശേഷിയുള്ള ആളുകൾ ധാരാളം നമ്മുടെ നാട്ടിലുണ്ടു്. അവർ എത്ര വേണമെങ്കിലും പണിയെടുക്കുകയും ചെയ്യും. എന്നാൽ ജോലി ചെയ്യുന്നതിനുള്ള ഭൂമി അവർക്കു കൊടുക്കണം. അതാണു് ഗവമ്മെൻറു് കൈക്കൊള്ളേണ്ട നയം. അതല്ലെങ്കിൽ ഭക്ഷ്യോല്പാദനപദ്ധതി തീർച്ചയായും ഇവിടെ വിജയിക്കാൻ പോകുന്നില്ല. മാത്രമല്ല ഈ നിലയിൽ നിന്നുകൊണ്ടു ഒരിഞ്ചു മുന്നോട്ടു പോകാൻ സാദ്ധ്യമല്ലെന്നും സ്ഥിതിഗതികൾ വളരെ കലങ്ങിമറിയുമെന്നും ഞാൻ ഈ അവസരത്തിൽ പ്രസ്താവിച്ചുകൊള്ളട്ടെ.

At this stage Mr. Speaker vacated the Chair which was then occupied by the Deputy Speaker.

Sri. P. S. Nataraja Pillai: Sir, I would like to speak on this motion. I have no motion in my name for I was late in sending my motion. So I may be permitted to speak on this motion.

Deputy Speaker: Yes.

Sri. P. S. Nataraja Pillai: Sir, as far as food production is concerned, I have only to request the Government to turn their attention to intensive cultivation rather than to extensive cultivation. Extensive cultivation in Travancore has resulted in a colossal failure. So the alternative is intensive cultivation and I want only to request Government to pay more attention to that aspect of the matter and to see that the people produce as much grain as possible. Our productive capacity is limited, but within that limited sphere, let us do whatever is possible.

Then I want to speak about the textile control. After having taken some time to study the position as it exists here today, I am forced to come to the conclusion that the cloth famine which we are experiencing in this State is man-made completely. Sir, cloth was a controlled article as an essential commodity from 1945 onwards. Till 1948, *i.e.*, till two years ago, there was absolutely no difficulty, so far as erstwhile Travancore was concerned, about cloth. There was some scarcity, but there was no acute scarcity. People were able to get cloth and control orders passed were then enforced by Government. Even now they say control still exists. But the system of control has changed, and not certainly for the better. Why for the worst, I can say. According to the old practice, the total allotted quota for Travancore was equally distributed among the importers nominated by Government. That was under the direct control of the Textile Commissioner. After the importers get the cloth imported, the whole allotment was equally distributed among the wholesale merchants who were licenced by Government, some, 40 or 50 of them. Then the Textile Commissioner used to allot particular quantities to each taluk and to each retail merchants on the basis of the population of the taluk. So, Sir, from the stage of import, to the stage of distribution to the actual consumer, control was exercised. The distribution to the consumers was also on a very equitable basis, on the basis of their rice ration cards. Thus each man was entitled to his share of the cloth and he got it. Is that what we now find? What is happening now? A certain quantity is allotted to the State by the Bombay Textile Commissioner. What quantity is to be imported is left to the importing merchant; he imports according to his financial capacity. It was clearly admitted by the Treasury Benches yesterday that the total allotment is not equally distributed among the importers. So each importer imports according to his own financial resources and his interest,

[Sri. P. S. Nataraja Pillai]

Then there are wholesale merchants, very often the importers themselves get the right to act as wholesale dealers. This fact came out in answer to one of my questions. He is certainly a licensed dealer but the purchase and sale is done under free trade conditions. The importer, who is very often the wholesale merchant purchases a certain quantity and sells that quantity according to his own wishes or his capacity. Then too there is no control in distribution. Sometimes, the wholesale merchant is also the retailer. It results in the wholesaler cornering the whole stock sometimes. I am saying all these from a knowledge of the conditions prevailing now. All this leads to blackmarketing and as a matter of fact there is a lot of blackmarketing done today. Some cloth is even being exported outside Travancore. Some people are looking aghast, but this is a fact which has come to my knowledge. How does that occur? Does the Department seriously think of this? Are the authorities earnest about this? Are the controlling authorities feeling this responsibility? Absolutely not. The whole thing is left to the merchants. How do they deal? They simply corner the whole stock and make profit.

Another thing which I want to speak about is the part the Travancore mills play in this business. The mills in the State are allotted a certain quota. The mills are allowed to sell their products directly. And here they make a large profit. They put up the price of the cloth and by retail sale they make a ten per cent profit above the ex-Mill rate. These profits go to the capitalists. Why is that? Because this is a capitalist Government. If my assumption is wrong, I may be controverted by the official benches. Why is the millowner allowed to sell directly to the consumer? Up to 1948, the Chitra mill was selling only at ex-mill price to the retailers. Now they are getting ten per cent over and above this. Why is that? I know that that question will not be answered. Therefore we have here a control system in name, but one which is, in essence, a free sales system. A commodity which is scarce in the country is being cornered and it is being blackmarketed and an official-made famine condition is produced in the country.

Exactly the same position holds in the case of yarn. The poor weaver is not able to get yarn which he requires. By that, not only that the handloom industry is being killed, but the price of handloom cloth is going prohibitively high. So today we are passing through, what may be called an official-made famine in textiles. If the Government and the controlling authorities will enforce the control orders and revive the old system, this scarcity can be tided over. I am speaking thus at length, Sir, so that the Government may go back to the old system. If the old system was not good, let them evolve some other system by which cloth will be distributed equitably, and directly by Government agency. But, on the other hand, if you allow goods to be cornered by a few people in particular centres, it will only benefit the richer people. As a matter of fact, up to 1948, distribution of cloth was based upon ration cards in Travancore. Every month the quantity that could be purchased by each cardholder was fixed in advance by the Taxtile Commissioner. I ask the Government benches whether there is any such system now? So a radical change of policy has taken place during the last two years, and as Mr. Thanu Pillai said, there must be something behind all that. I do not want to go into it. The earlier things are remedied, better for everybody. Or it will be a standing disgrace to the Congress that it created an unwarranted cloth famine in the country.

Sri. A. K. Patchu Pillai: Sir, I move "To reduce the total allotment of Rs. 1,58,30,800 'under Demand XXXII by Rs. 100"

ഒന്നരക്കോടി രൂപയിൽ കൂടുതലാണു് ഈ ആവശ്യത്തിലേക്കു് നീക്കിവച്ചിരിക്കുന്നതെന്നു കാണുന്നു. അതുപോലെ ഏററവും പ്രധാനമായിട്ടു ക്ഷേത്രാ

ല്പാദനത്തിന് ഈ സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും ഭൂമി പതിച്ചുകൊടു ത്തിട്ട് അവിടെനിന്നും ഉല്പാദിപ്പിക്കുന്ന ഭക്ഷ്യസാധനംകൊണ്ട് ഈ നാട്ടിലെ ഭ ക്ഷണക്ഷാമം പരിഹരിക്കുന്നതിനാണ് ഈ സംഖ്യ നീക്കിവച്ചിരിക്കുന്നത് എ ന്നു കാണുന്നു. ഇതിനകം ഗവമ്മെൻറ് തന്നിട്ടുള്ള കണക്കു വച്ചു നോക്കുകയാണെ ങ്കിൽ മുപ്പതിനായിരം മുതൽ അൻപതിനായിരം വരെ ഏക്കർ സ്ഥലം ഈ ആ വശ്യത്തിന് കഴിഞ്ഞ രണ്ടുമൂന്നു വഷത്തിനകം വിതരണം ചെയ്തിട്ടുള്ളതായി കാ ണാം. അൻപതിനായിരം ഏക്കർ സ്ഥലം ഈ കാര്യത്തിലേക്ക് പ്രത്യേകം നീക്കിവച്ചു ഓരോ കൊല്ലവും ഈ ആവശ്യത്തിലേക്ക് വലിയ തുകകൾ ചെല വാക്കിയിട്ട് അവിടെനിന്നു ഇതുവരെ കിട്ടിയിട്ടുള്ള ഭക്ഷ്യസാധനങ്ങളുടെ തോതു അല്ലെങ്കിൽ കണക്കനുസരിച്ചു നോക്കുകയാണെങ്കിൽ അതു ഭീമമായ ഒരു ദേശീ യ നഷ്ടമാണ് ഗവമ്മെൻറ് വരുത്തിയിട്ടുള്ളതെന്ന് കാണാൻ കഴിയും. അങ്ങ നെ വരുന്നതിനു കാരണം എന്തെന്നുള്ളതിനെ സംബന്ധിച്ചു ഒന്നു ചിന്തിക്കേണ്ട തു് അത്യാവശ്യമാണ്. ഇതിൽ ഏററവും പ്രധാനമായ കാരണം, ഇങ്ങനെ ഇത്രയധികം ഭൂമി വിതരണം ചെയ്യുന്ന ഈ അവസരത്തിൽ എങ്ങനെയെങ്കിലും കുറെ ഭൂമി കൈവശപ്പെടുത്തി പിന്നെ ആ ഭൂമി ഏക്കറിന് എഴുനൂറും എണ്ണൂറും രൂപ വില വാങ്ങിച്ചുകൊണ്ട് കൈമാററം ചെയ്തുകൊണ്ടിരിക്കുന്നു എന്നും കാണാ വുന്നതാണ്. അങ്ങനെ ഉള്ള പല ഉദാഹരണങ്ങളും എനിക്ക് കാണിക്കുവാൻ കഴിയും. ആദ്യമായി ആരാണ് സ്ഥലം വാങ്ങിയതെന്നും ഇപ്പോൾ ആരുടെ കൈ യിലാണിരിക്കുന്നതെന്നും ഒന്നന്വേഷിച്ചാൽ ഇക്കാര്യം മനസ്സിലാകുന്നതാണ്. ഭൂമി ആദ്യമായി ഗവമ്മെൻറിൽനിന്നും വിതരണം ചെയ്തിട്ടുള്ള ആളുകളുടെ കയ്യി ലല്ല, ഇപ്പോൾ ഭൂമി ഇരിക്കുന്നതെന്നും പിന്നീടു അതിൽ പല ക്രമക്കേടുകളും നടന്നിട്ടുണ്ടെന്നും കാണാൻ കഴിയുന്നതാണ്. ഭക്ഷ്യോല്പാദനത്തിനുവേണ്ടി നെല്ല്, കപ്പ മുതലായ ആഹാരസാധനങ്ങൾ കൃഷി ചെയ്യാതെ പതിച്ചുകിട്ടിയ തും കൈമാററം വാങ്ങിയതും കയ്യേറിയിരിക്കുന്നതുമായ നിലങ്ങളിൽ നല്ലമുള ക്, റബ്ബർ, തെങ്ങ് മുതലായ സാധനങ്ങൾ കൃഷി ചെയ്തു അവരുടെ കുഞ്ഞുങ്ങൾ ക്ക് ഭാവിയിൽ അതൊരു സമ്പാദ്യമായിത്തീരാനുള്ള പ്രയത്നമാണ് ഇപ്പോൾ ആ സ്ഥലങ്ങളിൽ നടന്നുവരുന്നതെന്നു കാണാൻ യാതൊരു പ്രയാസവുമില്ല. ഈ സമ്പ്രദായം വഷംതോറും പ്രോത്സാഹിപ്പിച്ചുകൊണ്ടിരിക്കുന്ന ഒരു രീതിയാണ് ഗവമ്മെൻറിന്റെ ഇപ്പോഴത്തെ നയമെന്നു നിഷ്പ്രയാസം മനസ്സിലാക്കാൻ സാധിക്കുന്നതാണ്. ഇങ്ങനെ ഇത്ര അധികം സ്ഥലവും രാജ്യത്തിലെ വരവിന്റെ ഒരു വലിയ ഭാഗവും നീക്കിവച്ചിരിക്കുന്നതു് ഭക്ഷ്യോല്പാദനം വദ്ധിപ്പിച്ചു അ ങ്ങനെ രാജ്യത്തിന് നേരിട്ടിരിക്കുന്ന ഭക്ഷണക്ഷാമത്തെ പരിഹരിക്കണമെന്ന ഉദ്ദേശത്തോടുകൂടി നടപടി നടത്തുന്നതിനാണ്.

അങ്ങനെ ചെയ്യാതെ ഇഷ്ടാനുസരണം അതിൽനിന്നു മുതലുണ്ടാക്കുന്നതിനു അനുവദിക്കുന്നതു് ഏററവും കുററകരമായ ഒരു നയമാണ്. അതിനു വേണ്ട നടപടി ഗവമ്മെൻറ് നടത്തേണ്ടിയിരിക്കുന്നു. കൂടാതെ കൃഷിചെയ്ത് ഭക്ഷ്യ സാധനങ്ങൾ വദ്ധിപ്പിക്കുന്നതിന് കഴിവുള്ള പല ആളുകളും സ്ഥലം കിട്ടാതെ നിരാശരായി തീന്നിരിക്കുന്നു എന്നു കാണുന്നു. അവക്ക് സ്വന്തം പ്രയത്നംകൊ ണ്ട് കൃഷിചെയ്യുന്നതിനുള്ള പരിമിതമായ സ്ഥലസൌകയ്യവും അങ്ങനെ വെച്ചു കൊണ്ടിരിക്കാവുന്ന ഓരോ ഏക്കർ സ്ഥലത്തിനും ഇത്ര രൂപാവീതം ധനസ ഹായം കൊടുക്കാമെന്നും പറയുകയാണെങ്കിൽ ഇന്നു ഉണ്ടായിട്ടുള്ളതിൽ കൂടുതൽ ഉൽപ്പാദനം വർദ്ധിക്കുന്നതാണ്. ഇതുസംബന്ധിച്ച് സൃഷ്ടിപരമായ ഒരു നിർദ്ദേശം എനിക്ക് തരാനുണ്ട്. ദേവികുളം പീരുമേട് മുതലായ സ്ഥലങ്ങളി ൽ കഴിഞ്ഞ രണ്ടുമൂന്നു വഷങ്ങളായി ഏതാനും സാധുക്കളും ഇടത്തരക്കാരുമായ

[Sri. A. K. Patchu Pillai]

ആളുകൾ മൂന്നും നാലും ഏക്കർ ഭൂമി കൈവശപ്പെടുത്തി കൃഷിചെയ്തുവരുന്നുണ്ട്. നിയമപ്രകാരം നോക്കുകയാണെങ്കിൽ ഗവമ്മെൻറ് ഭൂമി അനുവാദം കൂടാതെ കൈവശപ്പെടുത്തുന്നതു് തീർച്ചയായും തെററായിരിക്കും. സാധുക്കളായ ആളുകൾ അവരുടെ കൈവശമുണ്ടായിരുന്ന സകല മുതലുകളും ചിലവാക്കി കപ്പ, വാഴ, നെല്ലു്, മുതലായ ഭക്ഷ്യസാധനങ്ങൾ ഉണ്ടാക്കുന്നതിനു് വളരെ കഷ്ടപ്പെട്ടിരിക്കുമ്പോൾ നിയമത്തിൻെറ സാങ്കേതികവശത്തിൽ കൂടി അവരെ ഇറക്കിവിട്ടു് ആ സ്ഥലം ലേലം ചെയ്തുകൊടുക്കുകയാണെങ്കിൽ അവർ ആ സ്ഥലം ഉപേക്ഷിക്കുന്നതിനു് നിർബ്ബന്ധിതരായിത്തീരും. ഇപ്രകാരമുള്ള ചില്ലറ കൃഷി ചെയ്യുന്നതിനല്ലാതെ ഗവമ്മെൻറിൻെറ പബ്ലിക്കാവശ്യങ്ങൾക്കു് ഉതകുന്ന ഭൂമി അവിടെയില്ല. അതുകൊണ്ടു് അവരെ അവിടെനിന്നും ഇറക്കിവിടാതെ ഏതാനും വഷത്തേക്കെങ്കിലും കുത്തകപ്പാട്ടമായോ മററു വ്യവസ്ഥയിലോ അവക്കുതന്നെ കൊടുത്തു് ധനവാന്മാരുടെ കയ്യിലേക്കു് ഈ ഭൂമി കടന്നുപോകാതിരിക്കാൻ വേണ്ട മുൻകരുതൽ ചെയ്യുന്നതു് ഭക്ഷ്യോൽപ്പാദനവിഷയത്തെ സംബന്ധിച്ചിടത്തോളം പ്രയോജനകരമായിരിക്കും. സാധുക്കളും ഇടത്തരക്കാരുമായ ആളുകൾക്കു് കിട്ടത്തക്കതരത്തിൽ റഗുലറൈസു് ചെയ്യുന്നതു് ഈ ഉദ്യമത്തിനെ വളരെ പ്രോത്സാഹിപ്പിക്കുന്നതായിരിക്കുമെന്നു് ഞാൻ ചൂണ്ടിക്കാണിച്ചുകൊള്ളുന്നു. ഒരാൾക്കു് പരമാവധിവച്ചുകൊണ്ടിരിക്കാവുന്ന സ്ഥലത്തിനു ഒരു പരിമിതി ഏർപ്പെടുത്തിയാൽ മതിയാകും.

<u>മിസ്റ്റർ ഡെപ്യൂട്ടി സ്പീക്കർ:</u> കട്ടു്മോഷൻ അയച്ചിട്ടുള്ള മെമ്പറന്മാരാരും സംസാരിക്കാനില്ലാത്തതുകൊണ്ടു് മററു് ബഹുമാനപ്പെട്ട ഏതെങ്കിലും മെമ്പറന്മാക്കു് സംസാരിക്കാം.

<u>ശ്രീ. കെ. കെ. കണ്ണൻ:</u> ഞാൻ ഒരു മോഷനവതരിപ്പിച്ചു് സംസാരിച്ചേയുള്ളു. അതുകൊണ്ടു് ഇപ്പോൾ സംസാരിക്കുന്നതിനു് എന്നെ അനുവദിച്ചാൽ കൊള്ളാം.

<u>മിസ്റ്റർ ഡെപ്യൂട്ടി സ്പീക്കർ:</u> എല്ലാ മോഷനേയും റഫർ ചെയ്താണു് ബഹുമാനപ്പെട്ട മെമ്പർ ഇതിനുമുമ്പു് സംസാരിച്ചതു്.

<u>ശ്രീ. കളത്തിൽ വേലായുധൻനായർ.</u> സർ, ഈ ടെക്സ്റ്റൈൽ കൺട്രോളിനെ സംബന്ധിച്ചിടത്തോളം ധാരാളം ഉദ്യോഗസ്ഥന്മാരുടെ വിവരം ഈ ബഡ്ജററിൽ കൊള്ളിച്ചിട്ടുണ്ടു്. ഇപ്പോൾ ടെക്സ്റ്റൈൽ കൺട്രോൾ ഇല്ലെന്നും ഇംപോർട്ടു് നിയന്ത്രണം മാത്രമേയുള്ളുവെന്നും ഗവമ്മെൻറിൽ നിന്നും പറയുകയുണ്ടായി. വിതരണം സംബന്ധിച്ചു് യാതൊരു നിയന്ത്രണവുമില്ലാതിരിക്കുന്ന അവസരത്തിൽ ഇത്രയും ഇൻസ്പെക്ടറന്മാരുടെ ആവശ്യം എന്താണെന്നു് മനസ്സിലാകുന്നില്ല. ഇവിടെ വസ്ത്രക്ഷാമം തുടങ്ങിയിട്ടു് അധികം മാസങ്ങളായി. എന്നിട്ടും വസ്ത്രം വിതരണം ചെയ്യുന്നതു് സംബന്ധിച്ചു് നിയന്ത്രണം ഏർപ്പെടുത്തുന്നതിനു് ഗവമ്മെൻറിനു് ഇതുവരെ കഴിഞ്ഞിട്ടില്ല. എൻെറ സ്നേഹിതൻ ശ്രീ. നടരാജപിള്ള സൂചിപ്പിച്ചു ഈ രാജ്യത്തു് വന്നുചേരുന്ന തുണികൾ തന്നെയും രാജ്യത്തിനു് പുറത്തു് പോകുന്നുവെന്നു്. എനിക്കു് അതു് ശരിയാണെന്നു തോന്നാൻ പ്രത്യേകമായി ഒരു കാരണമുണ്ടു്. ഈ രാജ്യത്തു് വരുത്തുന്ന തുണിയുടെ ൭൦ ശതമാനം കൊച്ചി ഡിവിഷനിലുള്ള ഏതോ ഒരു വലിയ കച്ചവടക്കാരനാണു് വരുത്തുന്നതെന്നു പറഞ്ഞു. വസ്ത്രക്ഷാമം തിരുവിതാംകൂർ വിഭാഗത്തേക്കാളും കുറവല്ല കൊച്ചി വിഭാഗത്തിലും. ൭൦ ശതമാനം കൊച്ചിയിൽ വരുത്തുന്നുണ്ടെങ്കിലും അവിടെയും വിതരണത്തിനു് ലഭിക്കുന്നില്ലെന്നുള്ളതു് ഒരു പരമാർത്ഥമാണു്. ഇത്ര

യധികം തുണി വന്നിട്ടും ഈ ക്ഷാമം കാണുന്ന സ്ഥിതിക്ക് തുണി രാജ്യത്തിനു പുറത്തു പോകുകയോ ഇംപോർട്ട് ചെയ്യാനുള്ളത് ഇംപോർട്ട് ചെയ്യാതെ വെളിയിൽ ബ്ലാക്കമാർക്കററ് നടത്തുകയോ ചെയ്യുന്നതുകൊണ്ടായിരിക്കുമെന്നുള്ളത് തീർച്ചയാണ്. ഒരു പത്രത്തിൽ ഒരു ന്യൂസ് ഉണ്ടായിരുന്നു. എറണാകുളത്തുള്ള ഒരു വസ്ത്രവ്യാപാരി ബില്ലുകൊടുത്തുതന്നെ കൺട്രോൾ തുണികൾ കൂടിയ വിലക്ക് ഒരു റീട്ടയിൽ വ്യാപാരിക്ക് വിററുവെന്ന്. അത് ബില്ലോടുകൂടി കണ്ടുപിടിച്ചുവെന്നും ആ കേസിനെ ഒതുക്കി തീർക്കുന്നതിനു ചിലർ ഓടി നടക്കുന്നുവെന്നും പത്രത്തിൽ കാണുകയുണ്ടായി. ആ കേസ് ഒതുക്കി തീർക്കുന്നതിന് ആളുകൾ ഓടി നടക്കുന്നോ ഇല്ലയോ എന്നത് എങ്ങനെയിരുന്നാലും കൺട്രോൾ വിലയെക്കാൾ കൂടിയ വിലക്ക് തുണി വിററു എന്നുള്ളത് ഒരു പരമാർത്ഥമാണ്. ഈ കാലത്ത് ഇങ്ങനെ ഏതെങ്കിലും ഒരു പരാതിയുണ്ടായാൽ അതിനെ സംബന്ധിച്ചുള്ള അന്വേഷണത്തിന് അഞ്ചും ആറും മാസം എടുത്താൽ അതുകൊണ്ട് ഒരു പ്രയോജനവും ഉണ്ടാകുകയില്ല. കുററം ചെയ്യുന്ന ആളുകളെ ശിക്ഷിക്കുന്നതോടുകൂടി മററുള്ളവർ ഈമാതിരി കുററം ചെയ്യാതിരിക്കുന്നതിനുള്ള ഒരു പ്രേരണകൂടി പെട്ടെന്ന് കേസ് തീരുമാനിക്കുന്നതിൽ നിന്നും ഉണ്ടാകും. മുകളിൽ പറഞ്ഞ മാതിരിയുള്ള റിപ്പോർട്ടുകൾ കിട്ടി അന്വേഷണത്തിൽ കാലതാമസം വന്നാൽ കുററം ആവർത്തിക്കുന്നതിനെ തടയാൻ സാധിക്കുന്നതല്ല. അതിനാൽ ഈമാതിരി കാര്യങ്ങളിൽ ഗവമ്മെൻറ് ഊർജ്ജിതനടപടികൾ കൈക്കൊള്ളേണ്ടതാണ്. പ്രത്യേകിച്ചും ഇത്ര വളരെ ക്ഷാമമുള്ള അവസരത്തിൽ അഴിമതി നടക്കുന്നതിനെ ഗവമ്മെൻറ് പെട്ടെന്നുതന്നെ തടയേണ്ടതാണ്.

അയേൺ കൺട്രോളിനെ സംബന്ധിച്ചിടത്തോളം ഞാൻ ഒരു അനുഭവസ്ഥൻകൂടിയായതുകൊണ്ട് അതു സംബന്ധിച്ച് ഒരു കാര്യം ഗവമ്മെൻറിൻെറ ദൃഷ്ടിയിൽ കൊണ്ടുവരണമെന്നാഗ്രഹിക്കുന്നു. ഈ രാജ്യത്തു വരുന്ന ഇരുമ്പു സാധനങ്ങളിൽ ഒരു നിശ്ചിത അളവ് ഗവമ്മെൻറിലേക്ക് നീക്കിവയ്ക്കുന്ന ഒരേർപ്പാടുണ്ട്. ഗവമ്മെൻറിന് ആവശ്യമില്ലാഞ്ഞിട്ടോ എന്തോ പലപ്പോഴം ഈ സാധനങ്ങൾ കച്ചവടക്കാരിൽനിന്നും വാങ്ങാതെ ഒരു കൊല്ലത്തോളം അവരുടെ കയ്യിൽതന്നെ ഇരിക്കാൻ ഇടയാകുന്നുണ്ട്. അതുപോലെതന്നെ കൃഷികാര്യത്തിലേക്ക് രണ്ടു കൊല്ലമായി നീക്കിവച്ചിട്ടുള്ള ഇരുമ്പുസാധനങ്ങൾ ആ വകുപ്പുകാർ ഉപയോഗിക്കാതെ ഈ രാജ്യത്തു കിടക്കുന്നുണ്ട്. പി. ഡബ്ലിയു. ഡി. വർക്ക്ഷാപ്പിലെ സ്ഥിതിയാണെങ്കിൽ ഈ രാജ്യത്തെ ചീഫ് എൻജിനീയർക്കു പോലും അവിടെയുള്ള ഇരുമ്പുസാധനങ്ങളെപ്പററി ഒരു നിശ്ചയവുമില്ല. കാലിഞ്ചും, അരയിഞ്ചും കമ്പികൾ അവരുടെ കണക്കിൽ ഇല്ലെന്നു കാണുന്ന അവസരത്തിൽ വെയിലും മഴയുംകൊണ്ട് ധാരാളം കമ്പികൾ ആ വർക്ക്ഷാപ്പിൽ കിടക്കുന്നതായി കാണാം. കമ്പികൾ ഉപയോഗിക്കാതെ ധാരാളമായി വർക്ക്ഷാപ്പിൽ ഇരുമ്പു പിടിച്ചുകിടക്കുന്നതും നമുക്ക് കാണാൻ സാധിക്കും. ശരിയായ വിധത്തിൽ വിതരണം ചെയ്യുന്നതിനുള്ള കഴിവുകേടുകൊണ്ടാണ് ഇത്രത്തോളം കുഴപ്പമുണ്ടാകുന്നതെന്നാണ് എനിക്കു തോന്നുന്നത്. ആവശ്യമുള്ള ഘട്ടങ്ങളിൽ മാത്രം ഗവമ്മെൻറിലേക്ക് ഇരുമ്പുസാധനങ്ങൾ നീക്കിവെക്കുകയും അല്ലാത്ത അവസരങ്ങളിൽ പൊതുജനങ്ങൾക്ക് ഉപയോഗിക്കുന്നതിനു നൽകുകയും ചെയ്യേണ്ടതാണ്. ഇതിനു കൺട്രോൾ ഡിപ്പാർട്ടുമെൻറ് മാത്രം വിചാരിച്ചാൽ ഒരു പരിഹാരം ഉണ്ടാകുന്നതല്ല. ഗവമ്മെൻറിലേക്ക് ഒരു ഭാഗം നീക്കിവെച്ചതിനു ശേഷം മാത്രമേ അവർക്ക് വിതരണം ചെയ്യാൻ അധികാര

[Sri. Kalathil Velayudhan Nair]

മുള്ളൂ. അതുകൊണ്ടു് ഗവമ്മെൻറും കൂടി ഈ കായ്യത്തിൽ ശ്രദ്ധിച്ചാലെ സാധിക്കുകയുള്ളൂ. മറെറാരു കായ്യംകൂടി ഈയവസരത്തിൽ ചൂണ്ടിക്കാണിച്ചുകൊള്ളുന്നു. ഈ രാജ്യത്തു് ധാരാളം പൊതുസ്ഥാപനങ്ങളുണ്ടു്. ആ പൊതുസ്ഥാപനങ്ങളേയും കൺട്രോളിങ്ങു് ആഫീസറന്മാർ വ്യക്തികളെപ്പോലെയാണു് കണക്കാക്കാറുള്ളതു്. വിദ്യാലയങ്ങൾ, കാളേജു് മുതലായവ കെട്ടിക്കൊണ്ടിരിക്കുന്ന ആളുകൾക്കു് വ്യക്തികളെന്ന പരിഗണനവെച്ചു ഇരുമ്പുസാധനങ്ങൾ വിതരണം ചെയ്യുന്നതു് തെററാണു്. ഏതു പരിഗണനവെച്ചാണോ ഗവമ്മെൻറിനു് ഒരു പ്രത്യേകത കൊടുക്കുന്നതു് അതുപോലെ രണ്ടാം സ്ഥാനമായി ഈ പൊതുസ്ഥാപനങ്ങൾക്കും ഒരു പ്രത്യേക പരിഗണന കൊടുക്കുന്നതിനുള്ള നിർദ്ദേശം കൺട്രോൾ ഡിപ്പാർട്ടുമെൻറിനു് കൊടുക്കേണ്ടതാണു്.

സാഹിബ്ബ് ബഹദൂർ കെ. എ. മഹമ്മദു്: പൊതുസ്ഥാപനങ്ങൾക്കു് പ്രത്യേക പരിഗണന നൽകാറില്ലേ?

ശ്രീ. കളത്തിൽ വേലായുധൻനായർ: ചില വ്യക്തികൾക്കു് കൂടുതൽ പരിഗണന കിട്ടുന്നതുപോലെ ചില സ്ഥാപനങ്ങൾക്കു് കൂടുതൽ പരിഗണന കിട്ടിയെന്നുവരാം. പൊതുവായി അങ്ങനെ കിട്ടാറില്ല.

ഫുഡ്പ്രൊഡക്ഷൻ ബോർഡിനെ സംബന്ധിച്ചിടത്തോളം എൻെറ അഭിപ്രായം ആ ബോർഡു് നിശ്ശേഷം നിറുത്തൽ ചെയ്യണമെന്നാണു്. ഫുഡ്പ്രൊഡക്ഷൻബോർഡു് വന്നതിനുശേഷം എത്രയോ ലക്ഷം രൂപാ ആ ബോർഡു് മുഖേന നാം ചിലവഴിച്ചു. അതിൽ ഏതെങ്കിലും ഒരംശം ഈ രാജ്യത്തിനു് പ്രയോജനപ്പെട്ടിട്ടുണ്ടോ എന്നു നോക്കിയാൽ യാതൊരു പ്രയോജനവുമുണ്ടായിട്ടില്ലെന്നു മനസ്സിലാക്കാൻ കഴിയും. എൻെറ സ്നേഹിതൻ ശ്രീ. അന്യൂക്കൻ ഈ സഭയിലുണ്ടായിരുന്നെങ്കിൽ ഇന്നും അദ്ദേഹം വൈശ്ലേരിക്കണ്ടത്തിൻെറ കായ്യം പറയുമായിരുന്നു. അദ്ദേഹം ധാരാളം പ്രാവശ്യം ഈ കായ്യത്തെപ്പററി പറഞ്ഞുകേട്ടതുകൊണ്ടു് ഞാൻ അതിനെപ്പററി ഒരു അന്വേഷണം നടത്തി. പഴയ പ്രജാമണ്ഡലം കക്ഷിയോടുള്ള വിരോധംകൊണ്ടാണു് ശ്രീ. അന്യൂക്കൻ ഇങ്ങനെ പറയുന്നതെന്നു് ഞാൻ വിചാരിച്ചിരുന്നു. എന്നാൽ അന്വേഷണത്തിൽ ഫുഡ്പ്രൊഡക്ഷൻ ബോർഡിൽ നിന്നും അവിടെ ചിലവാക്കിയിട്ടുള്ള പണം മുഴുവനും വ്യത്ഥമാണെന്നു കാണുന്നു.

ശ്രീ. ടി. കെ. നാരായണപിള്ള: അതു് ഫുഡ്പ്രൊഡക്ഷൻബോർഡിൽനിന്നും ചിലവാക്കിയിട്ടുള്ളതല്ല. ബോർഡു വരുന്നതിനു മുമ്പു് ചിലവാക്കിയിട്ടുള്ളതാണു്.

ശ്രീ. കളത്തിൽ വേലായുധൻനായർ: അങ്ങനെ ധനം ദുർവിനിയോഗം ചെയ്ത ആളുകളെതന്നെയാണു് ഇപ്പോഴും ഫുഡ്പ്രൊഡക്ഷൻ ബോർഡു് ഏൽപ്പിച്ചിരിക്കുന്നതു്. യാതൊരു പ്ലാനുമില്ലാതെയാണു് ബോർഡു് പ്രവത്തിക്കുന്നതു്. ഫുഡ്പ്രൊഡക്ഷൻ ബോർഡു് ചെയർമാൻ ഒരു നല്ല ആളാണെന്നാണു് പറയുന്നതു്. ഒരു ലക്ഷം രൂപാ ചിലവാക്കി ഇന്ന സ്ഥലത്തു് ഒരു വരമ്പിട്ടാൽ രണ്ടു ലക്ഷപ്പറ നെല്ലു് കിട്ടുമെന്നു ആരെങ്കിലും പറഞ്ഞാൽ ഉടൻ അദ്ദേഹം അതിലേക്കു് തയ്യാറാകും. അങ്ങനെ ചെയ്താൽ രണ്ടുലക്ഷപ്പറ നെല്ലു് കിട്ടുമോ എന്നാലോചിക്കുകയോ വിദഗ്ദ്ധാഭിപ്രായമാരായുകയോ ചെയ്യുകയില്ല. അങ്ങനെ ചെയ്യുന്നതു് ഒരു ദുർവ്യയമായിരിക്കുമെന്നു് വിശ്വസിക്കുന്നതിനും അദ്ദേഹം തയ്യാറില്ല. ചുരുക്കിപ്പറഞ്ഞാൽ ഈ ബോർഡിൻെറ പ്രവത്തനംകൊണ്ടു് രാജ്യത്തിനു് യാതൊരു പ്രയോജനവുമുണ്ടാകുന്നില്ല. ഇവിടെ ഒരു അഗ്രികൾച്ചറൽ ഡിപ്പാർട്ടുമെൻറു് ഉണ്ടു്. എല്ലാ കായ്യങ്ങൾക്കും ഫുഡ്പ്രൊഡക്ഷൻ ബോർ

ഡിനെ ചുമതലപ്പെടുത്തിയാൽ പിന്നെ ഈ ഡിപ്പാർട്ടുമെണ്ടിന്റെ ജോലി എന്താണെന്നു മനസ്സിലാകുന്നില്ല. എന്തുകൊണ്ടാണ് ആഗ്രികൾച്ചറൽ ഡിപ്പാർട്ടുമെണ്ടിനെ കൃഷിവികസന പദ്ധതി ഏല്പിച്ചുകൂടാത്തതു്? ഇന്നാണെങ്കിൽ ആ ഡിപ്പാർട്ടുമെന്റ് പ്രയോജനകരമായ യാതൊരു ജോലിയും ചെയ്യുന്നില്ല. അല്ലമെങ്കിലും സാങ്കേതികമായ പരിശീലനം സിദ്ധിച്ച ഡെമോൺസ്ട്രേറററന്മാർ ആ ഡിപ്പാർട്ടുമെന്റിലുണ്ടു്. അതുപോലെ മററുദ്യോഗസ്ഥന്മാരും ഉണ്ടു്. അവരെ എന്തുകൊണ്ടു് ഇതിലേക്കു് ചുമതലപ്പെടുത്തിക്കൂടാ എന്നാണു് ഞാൻ ചോദിക്കുന്നതു്. ഒരു പ്രയോജനവുമില്ലാത്ത ഒരു ബോർഡു് ഇനിയും എന്തിനാണു് വച്ചുകൊണ്ടിരിക്കുന്നതു്? ഈ ഫുഡ് പ്രൊഡക്ഷൻ ബോർഡു് ഒരു കാലത്തുണ്ടാക്കി. അന്നു് ഈ കാര്യമൊന്നും ആലോചിച്ചില്ല എന്നു് ഞാൻ സമ്മതിക്കാം. എല്ലാ മന്ത്രിസഭകൾക്കും ഗവമെണ്ടിനും ആവശ്യമായിവരുന്ന ഒരു പരിഗണന വച്ചുകൊണ്ടാണു് അപ്രകാരം ചെയ്തിട്ടുള്ളതെന്നു് സമ്മതിക്കാം. അന്നു് അങ്ങിനെ മന്ത്രിസഭ ഉണ്ടാക്കിയപ്പോൾ ഒരു ചെയർമാനും ഒരു ബോർഡും എല്ലാം ഉണ്ടാക്കേണ്ടതായി വന്നു. ഇപ്പോൾ അതാവശ്യമില്ലാതെയും വന്നുകഴിഞ്ഞിരിക്കുന്ന സ്ഥിതിക്കു് അതങ്ങുപിരിച്ചുവിട്ടുകൂടേ എന്നാണു ഞാൻ ചോദിക്കുന്നതു്. എന്റെ സ്നേഹിതനായ ചീഫ്മന്ത്രി അവർകൾ പറയുന്ന ആവശ്യം കഴിഞ്ഞില്ല എന്നു്; ഈ സ്ഥിതിയിൽ ഇരിക്കുകയാണെങ്കിൽ ഈ ഫുഡ് പ്രൊഡക്ഷൻ ബോർഡുകൊണ്ടു് യാതൊരു പ്രയോജനവും സിദ്ധിക്കുമെന്നു് വിചാരിക്കേണ്ടതില്ല.

പിന്നീടു് എനിക്കൊരു സംഗതിപറയാനുള്ളതു് റെൻറകൺട്രോളിനെ സംബന്ധിച്ചാണു്. എറണാകുളത്തു് പ്രത്യേകമായി നിയമിച്ചിരുന്ന റെൻറ കൺട്രോളർ ഉദ്യോഗം നിറുത്തൽ ചെയ്തിരിക്കുന്നതായും ആ ജോലികൂടി അവിടത്തെ ഫസ്റ്റ്ക്ലാസ്സ് മജിസ്ട്രേട്ടിനെ ഏല്പിച്ചതായും ഗസററിൽനിന്നും നാം അറിഞ്ഞിട്ടുണ്ടു്. എന്നാൽ ഇപ്പോഴും ഒരു റെൻറ കൺട്രോളർ എറണാകുളത്തുണ്ടു്. അദ്ദേഹം കഴിഞ്ഞ ആഴ്ചയിലും റെൻറ കൺട്രോൾ സംബന്ധമായിട്ടുള്ള ഹർജി വാങ്ങിച്ചു് ആർഡർ കൊടുത്തിട്ടുള്ളതായി അറിയുവാൻ കഴിഞ്ഞിട്ടുണ്ടു്. വസ്തുക്കൾ ഒഴിപ്പിക്കുന്നതിനുള്ള ഉത്തരവുകൾ അദ്ദേഹം കൊടുത്തിട്ടുണ്ടു്. ഈ ആളുകളുടെ ഉദ്യോഗം നിറുത്തൽ ചെയ്തതായും നാം അറിഞ്ഞുകഴിഞ്ഞിട്ടുണ്ടു്. അങ്ങിനെ ഇപ്പോൾ എറണാകുളത്തു് രണ്ടു റെൻറ കൺട്രോളറന്മാരുണ്ടു്.

Sri. C. Kesavan: He has not left charge. He is appointed as the Magistrate, Alleppey. He continues as the Rent Control Officer.

ശ്രീ. കളത്തിൽ വേലായുധൻനായർ: എന്നാൽ അദ്ദേഹത്തിനു് രണ്ടാളു അവധി കൊടുത്തിട്ടുണ്ടെന്നു് പറയുന്നുണ്ടു്. ഗസററ നോട്ടിഫിക്കേഷൻകൊണ്ടു് അധികാരം കൊടുത്തുപോയി എന്നു മനസ്സിലാക്കിയതാണു്. ഇങ്ങനെയുള്ള ആർഡറുകളും നിയമനങ്ങളുംകൊണ്ടു് ആളുകൾക്കു് വളരെ വൈഷമ്യങ്ങൾ ഉണ്ടാകുന്നുണ്ടു്. ഈ കാര്യങ്ങൾ ഗവമെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നുകൊണ്ടു് ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിച്ചുകൊള്ളുന്നു.

ശ്രീ. വി. ഗംഗാധരൻനായർ: സർ, ഫുഡ് പ്രൊഡക്ഷൻ സ്കീമിന്റെ ആവശ്യത്തിലേക്കു് ഒന്നരകോടി രൂപയാണു് ഈ കൊല്ലം നീക്കിവച്ചിരിക്കുന്നതു്. അതേപ്പററി മാത്രം ഒരു വാക്കു പറയാനാണു് ഞാനൊരുങ്ങുന്നതു്.

സർ, ഈ ഒന്നരകോടി രൂപായിൽ മൈനർ ഇറിഗേഷൻ ജോലികൾക്കായി മുപ്പത്തിഎട്ടുലക്ഷം രൂപയാണു് വക കൊള്ളിച്ചിരിക്കുന്നതു്. ലോങ്ങ്ടേം സ്കീംസ് വളരെ ആവശ്യമാണു്. അതിനുവേണ്ടി എത്ര ധനം ചിലവാക്കിയാ

[Sri. V. Gangadharan Nair]

ലും അതിൽ വളരെ കുററം പറയാത്ത ഒരാളാണ് ഞാൻ. എന്നാൽ ഇന്നത്തെ പരിതഃസ്ഥിതിയിൽ മൈനർ ഇറിഗേഷൻ ജോലികൾക്കു് കഴിയുമെങ്കിൽ ഒരു കോടി രൂപാതന്നെ ഈ വർഷത്തിലും ചിലവിടണം. അടുത്ത വർഷത്തിലും അതിനടുത്ത വർഷത്തിലും ഓരോകോടി രൂപ മൈനർ ഇറിഗേഷൻ ജോലികൾക്കായി നീക്കിവയ്ക്കേണ്ടതാണെന്നാണ് എനിക്കു പറയുവാനുള്ളതു്. ഈ ഫുഡ് പ്രൊഡക്ഷൻ പദ്ധതികളിൽ പ്രധാനമായിട്ടുള്ളതു് മൈനർ ഇറിഗേഷൻ ജോലികളാണ്. ആ ജോലികൾ ശരിയായി നടത്തുന്നപക്ഷം ഭക്ഷ്യധാന്യങ്ങൾ ഉല്പാദിപ്പിക്കുവാൻ സഹായിക്കുന്നതാണ്. ഇതുസംബന്ധിച്ചുള്ള പ്രവൎത്തനങ്ങൾ പ്രസംഗങ്ങൾ വഴിയായും പ്രസ്താവനകൾ വഴിയായും പലതും നടത്തിയിട്ടുണ്ടെങ്കിലും കാര്യമായി ഒന്നുംതന്നെ നടക്കുന്നില്ല. ഇതിലേയ്ക്കു് ഏതാനും കമ്മിററികളെ എല്ലാം രൂപീകരിച്ചിട്ടുണ്ടെങ്കിലും ആറുമാസമോ എട്ടുമാസമോ ഒരു വൎഷമോ രണ്ടുവൎഷമോ എത്രകാലം താമസിച്ചാലും യാതൊരു ഫലവും ഈ ബോർഡുകൊണ്ടുകാൻ പോകുന്നില്ലെന്നാണ് കാണുന്നതു്. ഇതിനുത്തരവാദി ഫുഡ് പ്രൊഡക്ഷൻ ബോർഡായാലുംശരി, ഗവമ്മെൻറായാലുംശരി ഇനിയും കാലതാമസം നേരിടാതിരിക്കത്തക്കവണ്ണം ഇതുസംബന്ധിച്ചുള്ള ജോലികൾ കഴിയുന്നത്ര ശുഷ്കാന്തിയോടുകൂടി നടത്തേണ്ടതാണ്. എന്നാൽ മാത്രമേ നാട്ടിൽ ആഹാരം ഉണ്ടാവുകയുള്ളു. കഴിയുന്നത്ര മൈനർ ഇറിഗേഷൻ ജോലികൾ നടത്തണം. അതും ശുഷ്കാന്തിയോടുകൂടി നടത്തണം. വിശേഷിച്ചും വേനൽക്കാലത്തു് ഈ ജോലികൾ നടത്തണം. മൈനർ ഇറിഗേഷനിലേക്കു് ഗവമ്മെൻറ് വേണ്ടത്ര ശ്രദ്ധ ചെലുത്തണമെന്നു് പ്രസ്താവിക്കുവാനാണ് ഞാൻ ഇത്രയും പറയുവാൻ ഒരുങ്ങിയതു്.

<u>ശ്രീ. തര്യത്തു കുഞ്ഞിത്തൊമ്മൻ</u>: ഫുഡ് പ്രൊഡക്ഷനെ ഡംബന്ധിച്ചു് രണ്ടുവാക്കു പറയുവാനാണ് ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നതു്. ഭക്ഷ്യസാധനങ്ങൾ വൎദ്ധിപ്പിക്കുകയെന്നുള്ളതു് എല്ലാവരും ആഗ്രഹിക്കുന്നതായ ഒരു കാൎയ്യമാണ്. എന്നാൽ ഇപ്പോഴത്തെ പദ്ധതികൾ അനുസരിച്ചു് ഭക്ഷ്യധാന്യങ്ങൾ വർദ്ധിക്കുകയില്ലെന്നു മാത്രമല്ല, കുറഞ്ഞുപോകുന്നതുമാണ്. ഇപ്പോൾ പട്ടിണിയിൽനിന്നും രാജ്യത്തെ രക്ഷിച്ചുകൊണ്ടിരിക്കുന്നതു് കപ്പയാണ്. എന്നാൽ ഇപ്പോൾ കപ്പ കൃഷിചെയ്യാവുന്ന സ്ഥലങ്ങൾ കുത്തിനിരത്തി ഭക്ഷ്യധാന്യങ്ങൾ വർദ്ധിപ്പിക്കാനാണെന്നു പറഞ്ഞു നെൽകൃഷി ചെയ്യുന്നതിനും, ഒരുപ്പുനിലങ്ങളെല്ലാം ഇരുപ്പൂവാക്കുന്നതിനും മററും ശ്രമിക്കുന്നു. സാധാരണയായി ഒരുപ്പൂനിലങ്ങളും മ്യാൽ നിലങ്ങളും കൊയ്ത്തു കഴിഞ്ഞാൽ കപ്പകൃഷി നടത്താറുണ്ടു്. എന്നാൽ ഇപ്പോൾ അതു് ഇരുപ്പൂവും മുപ്പൂവും മററുമാക്കുന്നതുകൊണ്ടു ഒരു കൃഷിയും ഉണ്ടാകുന്നില്ല. ഇവിടെ ഭക്ഷ്യവർദ്ധനവിനായി ഇൻഡ്യാഗവർമ്മെൻറിൽനിന്നും തരുന്ന പണം മററു മാൎഗ്ഗങ്ങളിൽകൂടി ഉപയോഗിക്കുകയാണു വേണ്ടതു്. അതായതു് നമ്മുടെ റിസർവ്വ് വനങ്ങളിൽനിന്നും ഏതാനും ഏക്കർ സ്ഥലം സാധുക്കളും ഭൂമിയില്ലാത്തവരുമായ ആളുകൾക്കു് വീതിച്ചുകൊടുത്തിട്ടു് അവക്കു് കൃഷി ചെയ്യുന്നതിനും മററുമായി മുന്നൂറോ നാനൂറോ രൂപാവീതം കൊടുത്താൽ അവർ അവിടെ കൃഷിചെയ്തു് ഭക്ഷ്യധാന്യങ്ങൾ ഉണ്ടാക്കും. അതുമൂലം ഭക്ഷ്യവർദ്ധനവു് ഉണ്ടാകുകയും ചെയ്യും. ഈ ഒരു മാൎഗ്ഗമല്ലാതെ ഭക്ഷ്യവർദ്ധനവിനു് മററു മാൎഗ്ഗങ്ങൾ ഇല്ല. ഇവിടെ ഭൂമി വളരെ പരിമിതമാണ്. അങ്ങിനെയിരിക്കുമ്പോൾ ഉള്ള കൃഷിസ്ഥലത്തുനിന്നു് ഏററവും കൂടുതൽ ആഹാരസാധനങ്ങൾ ഉല്പാദിപ്പിക്കുന്നതിനാണ് നാം നോക്കേണ്ടതു്. കടുംകൃഷി ചെയ്യാനുള്ള സ്ഥലങ്ങളിൽ നെല്ലുമാത്രം കൃഷിചെയ്തു് ഭക്ഷ്യക്ഷാമം പരിഹരിക്കാമെന്നു വിചാരിച്ചു് അതിലേയ്ക്കു് ഒരുമ്പെട്ടാൽ ഈ രാജ്യത്തു് ജനങ്ങൾ പട്ടിണി

കൊണ്ടു് മരിക്കുകതന്നെ ചെയ്യും. ഈ കാലത്തു ഓരോ കാര്യങ്ങൾക്കുവേണ്ടി നാം പണം ചിലവാക്കുമ്പോൾ അതേക്കുറിച്ചുള്ള സകല സംഗതികളും ആലോചിച്ചു് അതിന്റെ ഫലമെന്തായിരിക്കുമെന്നു് കണക്കുകൾകൊണ്ടു് നിർണ്ണയിച്ചുവേണം തുടങ്ങുവാൻ. എന്നാൽ ഇപ്പോൾ അതൊന്നും നോക്കാതെ ഭക്ഷ്യം വർദ്ധിപ്പിക്കുന്നതിനെന്നപേരിൽ വെറുതെ പണം ചിലവു ചെയ്യുകയാണു്. ഈ വിധത്തിലുള്ള നടപടികൾ തുടരരുതു്. ഈ കമ്മിററികൾ ഒക്കെ കൊള്ളാം. ഇന്നു് ഒരുപ്പുനിലങ്ങൾ ഇരുപ്പൂവാക്കുകയാണു്. എന്നാൽ അവിടെനിന്നും കിട്ടുന്ന നെല്ലിനേക്കാൾ കൂടുതൽ ആദായം കപ്പകൃഷിചെയ്യുന്നപക്ഷം കിട്ടുന്നതാണു്. ഒരുപ്പുനിലങ്ങളിൽ കപ്പ, മ്യാൽകപ്പ, മുതലായവ കപ്പകൃഷി ചെയ്താണു് ഞാൻ ഭക്ഷ്യക്ഷാമം പരിഹരിക്കുന്നതു്. അതെല്ലാം നിഷ്പ്രയോജനമാക്കാൻ നിർബന്ധിക്കുന്നതു് രാജ്യക്ഷേമത്തിനു് ആപൽക്കരമായിരിക്കും. തന്മൂലം ധനവ്യയവും ഉണ്ടാകുന്നതാണു്. ഒന്നാംതരമായി കൃഷി ചെയ്യുകയാണെങ്കിൽ ഈ മലംപ്രദേശങ്ങളിൽ മൂന്നുലക്ഷം ഏക്കർ സ്ഥലത്തുനിന്നു് ഒൻപതു ലക്ഷം ടൺ കപ്പ കിട്ടും. ഈ വക കാര്യങ്ങൾ ഗവൺമെൻറാലോചിക്കാതെ പ്രവർത്തിക്കുന്നതു് ഒരു ജനകീയ ഗവൺമെൻറിനു് ഒരിക്കലും പററിയതല്ല. ഒരാൾക്കു് കുറെ സ്ഥലവും പത്തോ ആറോ രൂപായുംവീതം കൊടുത്തു് പ്രോത്സാഹിപ്പിക്കണം. അതോടുകൂടിതന്നെ ധനവാന്മാർ അവനിൽനിന്നും ചൂഷണം ചെയ്യാതെയും നോക്കേണ്ടതാണു്. ദേവികുളം താലൂക്കിൽ ഭൂമി കൊടുത്തതു സംബന്ധിച്ചു് പല പരാതികൾ ഉണ്ടായതായി അറിയാൻ കഴിഞ്ഞു. അപ്രകാരം ഉണ്ടാകാൻ ഇടവരരുതു്. അനീതി എവിടെ കണ്ടാലും അതിനെ തടയണം. അങ്ങിനെ ഒരു ബോദ്ധ്യം ജനസമുദായത്തിന്റെ ഇടയിൽ ഉണ്ടാകണം. അതു് നമ്മുടെ ജനകീയഭരണത്തിന്റെ ഒരു പ്രത്യേകതയായിരിക്കണം. (ബെൽ)

ശ്രീ. സി. സി. പ്രസാദു്: സർ, ഈ ഗവൺമെൻറ്, ഫുഡ് പ്രൊഡക്ഷൻ സംബന്ധിച്ചു് അങ്ങേഅററം പരാജയപ്പെട്ടിരിക്കുന്നു എന്നു പറഞ്ഞാൽ അതിൽ ഒട്ടുംതന്നെ അതിശയോക്തിയില്ല. ഇന്നു കന്യാകുമാരി മുതൽ ചെറുത്തുരുത്തിവരെ നോക്കിയാൽ കാണാം നിരവധി ഭൂമികൾ വെറുതെ യാതൊരുപയോഗവുമില്ലാതെ, കേൾപ്പോരും കേൾവിയുമില്ലാതെ, ആരും ഒന്നെത്തിനോക്കുവാൻപോലും ഇല്ലാതെ കിടക്കുന്നതു്. ഇങ്ങനെ കിടക്കുന്നതെന്തുകൊണ്ടെന്നാൽ ഗവൺമെൻറിന്റെ ശേഷിക്കുറവുനിമിത്തമാണു്. ഒരൊററ ഇഞ്ചുഭൂമിപോലും വെറുതെ ഇട്ടിരിക്കുന്ന മുതലാളിമാരേയും ജന്മിമാരേയും, അങ്ങിനെ ഇടുന്നതായാൽ കർശന നടപടികൾ എടുക്കുന്നതാണെന്നും കൃഷി ചെയ്യാതെ ഇട്ടിരിക്കുന്ന ഭൂമിക്കു് പ്രത്യേകകരം ചുമത്തുന്നതാണെന്നും, അതല്ലെങ്കിൽ മററുള്ളവർക്കു് കൃഷി ചെയ്യുന്നതിനായി കൊടുക്കുമെന്നും, നിഷ്കർഷിക്കുന്നപക്ഷം അങ്ങിനെ ഭൂമികൾ ഇടുകയില്ല. ഈ നിലയിൽ പോകുന്നതായാൽ ഇവിടെ ഭക്ഷ്യോൽപ്പാദനം പുരോഗമിക്കുമെന്നെനിക്കുതോന്നുന്നില്ല. എന്നാൽ ഈമാതിരി നടപടികളൊന്നും എടുക്കാൻ ഗവൺമെൻറ തയ്യാറില്ല. ഭക്ഷ്യോൽപാദനമെന്നു പറഞ്ഞു കടലാസുപദ്ധതികളുമായി പുറത്തു ബോർഡും വച്ചു് ഭൂമിക്കപേക്ഷിക്കുന്ന പാവപ്പെട്ടവരുടെ അപേക്ഷകൾ ദഹിപ്പിക്കുന്നതിനുള്ള അഗ്നികുണ്ഡവുമായി കാര്യങ്ങൾ നടത്തിപ്പോരുകയാണു്. പാവപ്പെട്ടവരെ കഷ്ടപ്പെടുത്തുന്നതിനായി ഗവൺമെൻറഗസററിൽ ഭൂമികൾ പതിച്ചു കൊടുക്കുന്നതാണെന്നു പരസ്യപ്പെടുത്തുകയുണ്ടായെങ്കിലും ഒരിഞ്ചുഭൂമി അർഹിക്കുന്നവർക്കു കൊടുക്കാൻ Food Production Board-നു് സാധിച്ചിട്ടില്ല. അങ്ങിനെ കൊടുക്കുന്നതിനു ഈ ബോർഡിനു് യാതൊരു കഴിവും ഇല്ല. അതുകൊണ്ടു് ഈ ബോർഡു് പിരിച്ചുവിടുകതന്നെ

[Sri. C. C. Prasad]

വേണം. ഇതിലേയ്ക്കു് എത്ര ഉദാഹരണങ്ങൾ വേണമെങ്കിലും പറയാൻ ഞാൻ തയ്യാറാണു്. ഇപ്രകാരം ഒരു ഫുഡ്ഡ് പ്രൊഡക്ഷൻ ബോർഡിനെ വച്ചുകൊണ്ടു് ഒരു പ്രകാരത്തിലും മുമ്പോട്ടു കൊണ്ടുപോകുവാൻ നിവൃത്തിയില്ലെന്നു ഗവമ്മെന്റിനെ ഞാൻ അറിയിച്ചുകൊള്ളുന്നു.

ഇവിടെ ഫുഡ്ഡ്പ്രൊഡക്ഷൻ വർദ്ധിപ്പിക്കണമെങ്കിൽ ഇന്നു വെറുതെ കിടക്കുന്ന ഭൂമികൾ കൃഷിക്കാർക്കായി ഗവമ്മെന്റനുവദിച്ചുകൊടുക്കണം. ഭൂമി കൈവശംവച്ചുകൊണ്ടിരിക്കുന്നവർ കൃഷിചെയ്യാതെ തരിശിടരുതെന്നു കർശനമായ ഒരു ഉത്തരവു ഗവമ്മെന്റിൽനിന്നും പുറപ്പെടുവിക്കണം. ഭൂമി വെറുതെയിടുന്ന ഭൂവുടമസ്ഥനെ ശിക്ഷിക്കണം. അങ്ങിനെ എന്തെങ്കിലും കർശനമായ നടപടികൾ സ്വീകരിക്കാതെ ഇവിടത്തെ ഭക്ഷ്യോൽപ്പാദനം വർദ്ധിക്കുകയില്ല.

ശ്രീ. തയ്ത്തു കുഞ്ഞിത്തൊമ്മൻ: കന്നുകാലിമേച്ചിലിനിട്ടിരിക്കുന്ന സ്ഥലങ്ങളൊഴിച്ചാൽ എവിടെയെങ്കിലും പത്തേക്കറിൽ കൂടുതൽസ്ഥലം തരിശായികിടക്കുന്നതു ബഹുമാനപ്പെട്ട മെമ്പർക്കു ചൂണ്ടിക്കാണിക്കുവാൻ സാധിക്കുമോ?

ശ്രീ. സി. സി. പ്രസാദ്: ധാരാളം സാധിക്കും. വടക്കൻ തിരുവിതാംകൂറിൽതന്നെ കോതമംഗലത്തേക്കുപോകുന്നവഴിയിൽ മുത്തേടത്തുമനവകയായും മററു പല ഇല്ലങ്ങളുടെ വകയായും ഭൂമി ധാരാളം തരിശു കിടപ്പുണ്ടു്. ബഹുമാനപ്പെട്ട മെമ്പർ ഒരു ദിവസം എന്റെകൂടെ വരികയാണെങ്കിൽ അങ്ങിനെയുള്ള എത്ര ഭൂമിവേണമെങ്കിലും കാണിച്ചുതരാൻ സാധിക്കും.

ശ്രീ. തയ്ത്തു കുഞ്ഞിത്തൊമ്മൻ: പത്തേക്കറിൽ കൂടുതൽ ഉള്ളതു കാണിച്ചുതരാമോ എന്നാണു് ഞാൻ ചോദിച്ചതു്.

ശ്രീ. സി. സി. പ്രസാദ്: അതുതന്നെയാണു് കാണിച്ചുതരാമെന്നു ഞാനും പറഞ്ഞതു്. ഇങ്ങനെയുള്ള പദ്ധതികൾ ഗവമ്മെന്റു് സ്വീകരിച്ചില്ലെങ്കിൽ ഈ രാജ്യത്തു ഭക്ഷ്യോൽപ്പാദനം ഒട്ടും വർദ്ധിക്കുവാൻപോകുന്നില്ലെന്നു ഞാൻ ആവർത്തിച്ചുപറയുന്നു. ഗവമ്മെന്റു ആരംഭിച്ചിട്ടുള്ള ഇറിഗേഷൻപദ്ധതികൾകൊണ്ടു് കൃഷിക്കാർക്കു് എന്തെങ്കിലും ഗുണം ഉണ്ടായിട്ടുണ്ടോ എന്നു് ഞാൻ ചോദിക്കുന്നു. പലസ്ഥലങ്ങളിലും തോടുകീറുകയോ മററുപണികൾ ആരംഭിക്കുകയോ ചെയ്തതെല്ലാം പൂർത്തിയാക്കാതെ അങ്ങിനെതന്നെ ഇട്ടിരിക്കുകയാണു്. യാതൊരുപണിയും പൂർത്തിയാക്കിയതായി അറിവില്ല.

ഈ അവസരത്തിൽ ഒരു കാര്യംകൂടി ബഹുമാനപ്പെട്ട ഗവമ്മെന്റിന്റെ ശ്രദ്ധയിൽ പെടുത്തണമെന്നു ഞാൻ ആഗ്രഹിക്കുന്നു. ഈ രാജ്യത്തു ഒരടി മണ്ണുപോലുമില്ലാത്ത പാവപ്പെട്ടവർക്കു അല്പം ഭൂമിവേണമെന്നു് ആവശ്യപ്പെട്ടു് ഒരപേക്ഷ അയച്ചാൽ ഹരിജനോദ്ധാരണം "മാസ്റ്റർപീസായി" കൊണ്ടുനടക്കുന്ന ഇന്നത്തെ ഗവമ്മെന്റു പ്രത്യേകസൌജന്യം ഒന്നും കാണിച്ചില്ലെങ്കിലും (പന്ത്രണ്ടരശതമാനത്തിൽ കൂടുതലും മററും കൊടുത്തേതീരൂ എന്നില്ല) ഭൂമി ധാരാളമുള്ള മുതലാളിമാർക്കു് കൊടുക്കുന്നകൂട്ടത്തിൽ അല്പമെങ്കിലും കൊടുത്താൽ വലിയദോഷമൊന്നും ഉണ്ടാകുകയില്ലെന്നാണു് എനിക്കു് ഗവമ്മെന്റിനെ ഉൽബോധിപ്പിക്കുവാനുള്ളതു്. ഫുഡ്ഡിപ്പാർട്ടുമെന്റും ഫാറസ്ററു ഡിപ്പാർട്ടുമെന്റും മററും ഇതിനു താല്പര്യപ്പെടുമെന്നു എനിക്കു തോന്നുന്നില്ല. ആരെങ്കിലും അപേക്ഷിച്ചാൽ അതു മുതലാളിമാരുടെ കൂട്ടുപിടിച്ചുകൊണ്ടു് അവർക്കു തട്ടിയെടുക്കുന്നതിനുവേണ്ടി കള്ളമായി കൊണ്ടുവന്നിരിക്കുന്ന അപേക്ഷയാണെന്നുപറഞ്ഞു നിരസിക്കുവാനാണിടയുള്ളതു്. എന്നാൽ അതേസമയത്തു കൃത്രിമമായി ഭൂമി തട്ടിയെടുക്കണമെ

നുള്ള മനഃപൂർവ്വ ഉദ്ദേശത്തോടുകൂടി ഏതെങ്കിലും മുതലാളി ഹരിജനോദ്ധാരക നാണെന്നു ഭാവിച്ചുകൊണ്ടു് ഗവമ്മെൻറിനെ സമീപിക്കുകയാണെങ്കിൽ അയാൾക്കു നിശ്ചയമായും ഗവമ്മെൻറ് ഭൂമി കൊടുക്കാതിരിക്കുകയില്ല. അയാൾ ഒരു കാൺഗ്രസ്‌കാരൻകൂടിയാണെന്നു് പറഞ്ഞെങ്കിൽ യാതൊരു സംശയവുമില്ല. കാൺഗ്രസ്‌കാരനല്ലെങ്കിൽ ഇവിടെ യാതൊരു രക്ഷയുമില്ലെന്ന നിലയാണു് വന്നിരിക്കുന്നതു്. ആ നയംമാററി ഇവിടത്തെ പാവപ്പെട്ടവർക്കുകൂടി ഭൂമിയുടെ ഒരംശംകൊടുക്കുവാൻ ദയവുണ്ടാകണമെന്നു് അപേക്ഷിക്കുന്നു. അതല്ലെങ്കിൽ നിങ്ങൾതന്നെ അറിഞ്ഞുകൊള്ളും.

Mr. Deputy Speaker: Order, Order. We will now proceed to the next item in the agenda—Discussion under rule 26.

Discussion under Rule 26—regarding Paddy Cultivation

Sri. M. I. Paul: Sir, I raise a discussion on a matter of public importance arising out of the answers to starred question No. 30 of the 15th March 1951 regarding paddy cultivation in Elankunnapuzha Village.

ഏളംകുന്നപ്പുഴവില്ലേജിലെ ൩൦൦ ഏക്കർ സ്ഥലം ഇപ്പോൾ ഉപയോഗശൂന്യമായി കിടക്കുകയാണു്. ആക്കാര്യം ഞാൻ രണ്ടുകൊല്ലത്തിനുമുമ്പുതന്നെ ഗവമ്മെൻറിൻെറ ദൃഷ്ടിയിൽപ്പെടുത്തുകയുണ്ടായി. അതിൽ ൨൦൦ ഏക്കറോളം ഭൂമി ഉപ്പുണ്ടാക്കുന്നതിനായി ഒരു വ്യക്തിക്കു് കൊടുത്തിട്ടുണ്ടു്. ആദ്യം ഒരു ഇരുപതേക്കർസ്ഥലം ആ വ്യക്തിക്കു വിട്ടുകൊടുക്കുകയും ഗവമ്മെൻറിൻെറ മേൽനോട്ടത്തിൽതന്നെ അവിടെ ഉപ്പുണ്ടാക്കാൻ സാധിക്കുമോഎന്നു പരിശോധിക്കുന്നതിനു് ഗവമ്മെൻറിൽനിന്നും ധാരാളംപണം ചിലവുചെയ്യുകയുംചെയ്തു. ഒടുവിൽ അതു വിജയപ്രദമല്ലെന്നുകണ്ടു് ഗവമ്മെൻറു ഉപേക്ഷിക്കുകയാണു് ചെയ്തതു്. എന്നാൽ ആ വ്യക്തി അവിടെ ഉപ്പുണ്ടാക്കാൻ സാധിക്കുമെന്നു ഗവമ്മെൻറിനെ ധരിപ്പിച്ചു് ആദ്യം ൨൦ ഏക്കറും പിന്നീടു ൫൦ ഏക്കറും അങ്ങിനെ ൭൦ ഏക്കർ കരസ്ഥമാക്കിയിരിക്കുകയാണു്. ഗവമ്മെൻറും ആ വ്യക്തിയുമായിട്ടുള്ള കരാറനുസരിച്ചു് നോക്കുന്നപക്ഷം അതിലെ പല വ്യവസ്ഥകളും അയാൾ ലംഘിച്ചിട്ടുണ്ടു്. ഈ ൭൦ ഏക്കർകൂടാതെ ൧൩൦ ഏക്കർകൂടി അയാൾ കൈവശംവച്ചു് മത്സ്യംപിടിച്ചു് ആദായമുണ്ടാക്കിവരികയാണെന്നുള്ളതു ഗവമ്മെൻറിനും അറിയാം. പക്ഷെ എന്തുകൊണ്ടാണാവോ ആ വിവരം ഞാൻ ഇവിടെ ചോദിച്ചപ്പോൾ ഗവമ്മെൻറിനു അറിവില്ലെന്നാണു് മറുപടി പറഞ്ഞതു്. അവിടെനിന്നും അയാൾ മത്സ്യം പിടിക്കുന്നതു ഞാൻ നേരിട്ടു പോയി കണ്ടിട്ടുണ്ടു്. റവന്യൂബോർഡു മെമ്പർമാക്കും അതറിയാം. അവർ അതിനു ചില നടപടികൾ എടുക്കുന്നുണ്ടെന്നുമാണു് എൻെറ അറിവു്. ശ്രീ. ടി. കെ. നാരായണപിള്ള ചീഫ് മിനിസ്റ്ററായിരുന്നപ്പോൾ അദ്ദേഹം ഈ സ്ഥലം സന്ദർശിച്ചു് വിവരങ്ങൾ മനസ്സിലാക്കിയിട്ടുണ്ടു്. ഉപ്പുണ്ടാക്കുന്നതിനു പതിച്ചുവാങ്ങിയ സ്ഥലത്തു അയാൾ തെങ്ങുവയ്ക്കുകയും ഗവമ്മെൻറ് അതറിഞ്ഞു നിരോധിച്ചതിൻെറ ഫലമായി ആ തെങ്ങുകൾ പറിച്ചുമാററുകയും ചെയ്തിട്ടുണ്ടു്. ഇങ്ങനെയുള്ള കരാറുലംഘനങ്ങൾക്കു യാതൊരു പരിഹാരമാർഗ്ഗവും എടുക്കാതെതന്നെ സ്ഥലം ഉടനെ തിരിച്ചെടുക്കുന്നതിനുള്ള അധികാരം കരാറനുസരിച്ചു ഗവമ്മെൻറിനുള്ളതാണു്. കൃഷിവർദ്ധനവു വളരെ അത്യാവശ്യമായിരിക്കുന്ന ഇക്കാലത്തു ഇങ്ങനെ വളരെ വിസ്തീർണ്ണമുള്ള ഒരു സ്ഥലം വെറുതെകിടക്കുന്നു എന്നുള്ളവസ്തുത ഗവമ്മെൻറിനെ ധരിപ്പിക്കുവാനാണു് ഈ പ്രശ്നം ഞാനിപ്പോൾ ഇവിടെ ഉന്നയിക്കുന്നതു്.

ശ്രീ. സി. സി. പ്രസാദ്: ആ വ്യക്തി ആരാണെന്നു പറയുവാൻ ദയവുണ്ടാകുമോ?

Mr. Deputy Speaker: No question is allowed at this stage.

ശ്രീ. എം. ഐ. പാൾ: ഭൂമി കൃഷിക്കു് പററിയതാണോ അല്ലയോ എന്നന്വേഷിക്കുന്നതിനു് ഗവമ്മെൻറിൽ ഒരു എൻക്വയറി സെക്ഷൻ ഉണ്ടെന്നു പറഞ്ഞു. അവർ "It is unfit for paddy cultivation" എന്നാണു് പറഞ്ഞിട്ടുള്ളതു്. അതു വളരെ തെററായ ഒരു അഭിപ്രായമാണു്. ആ സ്ഥലത്തിനു ആറവാര അപ്പുറത്തായി ഒരു ൩൦ ഏക്കർസ്ഥലം അവിടത്തെ സഹകരണസംഘം ശരിയായി കൃഷിചെയ്തുവരുന്നുണ്ടു്. അതുപോലെ ഈ സ്ഥലവും ആദായകരമായി കൃഷിചെയ്യാവുന്നതാണു്. ഈ ഭൂമിയും കൃഷിക്കു് പതിച്ചുകൊടുക്കണമെന്നു് ആ സഹകരണസംഘം ഗവമ്മെൻറിനോടു് അപേക്ഷിച്ചിട്ടുണ്ടു്. അവിടെ കൃഷിയിറക്കുന്നതിനുവേണ്ടി അമ്പതിനായിരം രൂപവരെ ചിലവുചെയ്യാൻ അവർ തയ്യാറാണെന്നും ഗവമ്മെൻറിനെ അറിയിച്ചിട്ടുണ്ടു്. ഒരു നീണ്ടകാലാവധിക്കു് പാട്ടത്തിനു കൊടുക്കണമെന്നും ഡ്രെയിനേജുസൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കണമെന്നുമാണു് അവർ ആവശ്യപ്പെട്ടിട്ടുള്ളതു്. അവക്കുതന്നെ അതു കൊടുക്കണമെന്നു് ഞാൻ വാദിക്കുന്നില്ല. ഗവമ്മെൻറു് നിശ്ചയിക്കുന്ന വ്യവസ്ഥകൾക്കു വിധേയമായി സ്ഥലം ഏറെറടുത്തു കൃഷിചെയ്യാൻ തയ്യാറുള്ള ആക്കു കൊടുക്കുന്നതിനും എനിക്കു് വിരോധമില്ല. കൃഷിക്കു് ഉപയുക്തമായ ഈ ഭൂമി തരിശായി ഇടരുതെന്നുമാത്രമെ എനിക്കു് നിർബന്ധമുള്ളു.

എന്റെ സ്നേഹിതൻ ശ്രീ. കണ്ണൻ പറയുകയുണ്ടായി ഇവിടെ ഭക്ഷ്യോല്പാദനം വർദ്ധിക്കാൻ പോകുന്നില്ലെന്നു്. എന്നാൽ അതോടൊപ്പം അതിന്റെ പരിഹാരത്തിനായി എന്തെങ്കിലും സൃഷ്ടിപരമായ നിർദ്ദേശംകൂടി തന്നിരുന്നുവെങ്കിൽ തരക്കേടില്ലായിരുന്നു. ഞാൻ സൃഷ്ടിപരമായ ഒരു നിർദ്ദേശമാണു് ഗവമ്മെൻറിന്റെ മുമ്പിൽ വയ്ക്കുന്നതു്. ഈ സ്ഥലം കൃഷിക്കു് വളരെ പററിയതാണു്. ഫുഡ്പ്രൊഡക്ഷൻ കമ്മിററി ആ സ്ഥലം സന്ദർശിക്കുകയും അതു കൃഷിക്കുപയുക്തമായ സ്ഥലമാണെന്നു റിപ്പോർട്ടുചെയ്യുകയും ചെയ്തിട്ടുണ്ടു്. ഭക്ഷ്യക്ഷാമം വളരെ വദ്ധിച്ചിരിക്കുന്ന ഇക്കാലത്തു ഭക്ഷ്യോൽപ്പാദനവർദ്ധനവു് നമ്മുടെ ഏററവും അടയന്തിരാവശ്യമായിരിക്കുന്ന ഇക്കാലത്തു് ഈസ്ഥലം വെറുതെ ഉപയോഗശൂന്യമായികിടക്കുവാൻ അനുവദിക്കരുതെന്നു് അപേക്ഷിച്ചുകൊണ്ടു് ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി

ശ്രീ. ടി. കെ. നാരായണപിള്ള: ഈ സ്ഥലം കൃഷിയാവശ്യത്തിനായി പാട്ടത്തിനു് കൊടുക്കണമെന്നു് ആവശ്യപ്പെട്ടുകൊണ്ടു് പഴയ കൊച്ചീരാജ്യം നിലവിലിരുന്നു പ്രവത്തിച്ചുകൊണ്ടിരുന്നപ്പോൾ ഒരപേക്ഷ ബോധിപ്പിക്കുകയുണ്ടായി. അതിനെ സംബന്ധിച്ചു അന്നു കൊച്ചിയിലെ പ്രൈംമിനിസ്റ്ററായിരുന്ന ശ്രീ. ഇക്കണ്ടവാര്യർ അവർകൾ സ്ഥലത്തുപോയി പരിശോധിക്കുകയും അന്വേഷണം നടത്തി റിപ്പോർട്ടുചെയ്യുന്നതിനു് അവിടത്തെ തഹശീൽദാരേയും, എക്സിക്യൂട്ടീവു് എഞ്ചിനീയരേയും നിയോഗിക്കുകയുണ്ടായി. അവരുടെ റിപ്പോർട്ടു് കൊവാപ്പറേററീവു് സൊസൈററിക്കു് അനുകൂലമായിരുന്നില്ലെന്നുമാത്രമല്ല, ആ സ്ഥലം ആ ഗഡുവിൽ കൃഷിക്കു് ഉപയുക്തമാക്കുന്നതു് അസാദ്ധ്യമായിരിക്കുമെന്നുമാണു് റിപ്പോർട്ടു ചെയ്തിട്ടുള്ളതു്. അതിനെ തുടന്നാണു് എന്റെ സ്നേഹിതൻ ഇപ്പോൾ ഇവിടെ ചൂണ്ടിക്കാണിച്ചു ഉത്തരവയച്ചിട്ടുള്ളതു്. ആ സ്ഥലത്തു ഞാനും എന്റെ സ്നേഹിതൻ ശ്രീ. പാളും ഒരുമിച്ചു പോയി നോക്കിയിട്ടുണ്ടു്. ൩൯

ഏക്കർ വിസ്തീർണ്ണമാണ് ആ സ്ഥലത്തിനുള്ളത്. അതിൽ ൧൦ ഏക്കറാണ് ഉപ്പുണ്ടാക്കാൻ വിട്ടുകൊടുത്തിട്ടുള്ളത്. അവിടെ ഉപ്പുണ്ടാക്കാൻ സാദ്ധ്യമാണെന്നു ഗവമ്മെൻറിനു മനസ്സിലാക്കാൻ സാധിച്ചിട്ടില്ല. ഈ ൧൦ ഏക്കർ സ്ഥലത്തുനിന്നും പരമാവധി ൮൦ ചാക്ക് ഉപ്പുമാത്രമേ ഉണ്ടാക്കുവാൻ സാധിക്കുകയുള്ളു എന്നാണ് അറിയുന്നത്. ബാക്കിയുള്ള സ്ഥലത്തിൻെറ ഏതാനും ഭാഗം ഒരു ഫിഷ്പോണ്ടായി ഉപയോഗിക്കാമെന്നാണ് ഗവമ്മെൻറ വിചാരിക്കുന്നത്. അവിടെ ഇപ്പോഠം ഏതോ ഒരാഠം മത്സ്യം പിടിച്ചുവരുന്നുണ്ടെന്ന് ശ്രീ. പാഠം പറഞ്ഞതിനാൽ അതു വിശ്വസിക്കാതിരിക്കുവാൻ നിവൃത്തിയില്ല.

<u>ശ്രീ. എം. ഐ. പാഠം:</u> ഉപ്പുണ്ടാക്കുന്നതിനു സ്ഥലമെടുത്തിരിക്കുന്ന വ്യക്തിതന്നെയാണ് മത്സ്യം പിടിക്കുന്നത്.

<u>ശ്രീ. ടി. കെ. നാരായണപിള്ള:</u> അങ്ങനെയുണ്ടെങ്കിൽ അതു നിരോധിക്കുന്നതാണെന്നു ഞാൻ ബഹുമാനപ്പെട്ട മെമ്പറെ അറിയിച്ചുകൊള്ളുന്നു. ഈ ൨൧൦ ഏക്കറിൽ ഏതെങ്കിലും ഭാഗം ആക്രമിച്ചെടുത്തിട്ടുണ്ടെങ്കിൽ ആ ഭാഗം അയാളിൽനിന്നും വിട്ടൊഴിപ്പിച്ചെടുത്തു ഗവമ്മെൻറ കൈവശപ്പെടുത്തുന്നതാണ്. അവിടെ ഒരു ബണ്ടുണ്ടായിരുന്നു. ആ ബണ്ടിൽ തെങ്ങു നട്ടുപിടിപ്പിച്ചിരുന്നു എന്നാണ് ശ്രീ. പാഠം പറയുന്നത്. ഗവമ്മെൻറ ഭൂമിയിൽ തെങ്ങു വച്ചുപിടിപ്പിച്ചിട്ടുണ്ടെങ്കിൽ അതിനു വിലകൊടുക്കേണ്ടിവരുമോ എന്നുള്ളതു സംശയമാണ്. ഏതായാലും ആ സ്ഥലം ഒഴിപ്പിച്ചെടുത്തു ഗവമ്മെൻറിൻെറ കീഴിലാക്കുന്നതിന്നു ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്. സഹകരണസംഘത്തിൻെറ അപേക്ഷയിൽ പറയുന്നതു് ൨൧൦-ൽ ചില്വാനം ഏക്കർ ഭൂമി കൃഷിക്കു ഉപയുക്തമാക്കുവാൻ സാധിക്കുമെന്നാണ്. കൃഷിക്കു ഉപയോഗപ്പെടുന്നതാണെങ്കിൽ തീർച്ചയായും ആ സ്ഥലം കൃഷിക്ക് ഉപയോഗിക്കുന്നതാണ്. അതിനെ സംബന്ധിച്ചു വീണ്ടും അന്വേഷണം നടത്തിവരികയാണ്. ആ അന്വേഷണങ്ങഠം പൂർത്തിയായിട്ടില്ല. ൨൭൫൦ അടി നീളമുള്ള ഒരു ബണ്ട് അതിലേയ്ക്കു് ആവശ്യമാണ്. ഡ്രെയിനേജുവകയ്ക്കു രണ്ടു തോടുകഠം ഉണ്ടാക്കേണ്ടതും ആവശ്യമാണ്. സഹകരണസംഘത്തിൻെറ അപേക്ഷയിൽ പറയുന്നതു ബണ്ടിടുന്നതിനും പുതിയ തോടുകഠം വെട്ടുന്നതിനുമായി ഉദ്ദേശം ൫൦,൦൦൦ രൂപാ ചിലവു വരുമെന്നും ൨൫ കൊല്ലത്തേയ്ക്കു പാട്ടത്തിനു കൊടുക്കുന്ന പക്ഷം ഇതു് ഏറെറടുത്തു കൃഷി നടത്തുവാൻ അവർ സന്നദ്ധമാണെന്നുമാണ്. സഹകരണസംഘത്തിൻെറ അഭിപ്രായം ഇക്കാര്യത്തിൽ ഒരു വിദഗ്ദ്ധാഭിപ്രായമായി സ്വീകരിക്കുവാൻ നിവൃത്തിയില്ലാത്തതുകൊണ്ട് ആകെ മൊത്തം എന്തു ചിലവു വരുമെന്ന് അന്വേഷിച്ച് റിപ്പോർട്ടു ചെയ്യുന്നതിനു എറണാകുളം എക്സിക്യൂട്ടീവ് എഞ്ചിനീയരോട് ആവശ്യപ്പെടാൻ തീരുമാനിച്ചിരിക്കുകയാണ്. കൃഷിയ്ക്കു ചിലവാകുന്ന സംഖ്യയും ഈ ൨൧൦ ഏക്കർ സ്ഥലത്തുനിന്നും ആകെ മൊത്തം കിട്ടാവുന്ന ഭക്ഷ്യധാന്യങ്ങളുടെ വിലയും തമ്മിൽ തുലനം ചെയ്തു നോക്കുമ്പോഠം അവിടെ കൃഷിയിറക്കുന്നതു് ആദായകരമായിരിക്കുമോ എന്നു നോക്കേണ്ടതായിട്ടുണ്ട്. ൫൦,൦൦൦ രൂപാ ചിലവാക്കിയതിനുശേഷം വെറും നൂറോ, നൂററൻപതോ പറ നെല്ലുമാത്രമെ കിട്ടുകയുള്ളുവെങ്കിൽ അതു് ആദായകരമല്ല. ആ സ്ഥലം അധികവും ചെളിയുള്ള പ്രദേശമാണ്. അവിടെയുള്ള ചെളി കൃഷിക്കു ഉപയോഗപ്രദമാക്കുന്നതിന് അനുയോജ്യമാണോ എന്ന് അന്വേഷിക്കേണ്ടതായിട്ടുണ്ട്.

<u>ശ്രീ. പി. കെ. ഡീവർ:</u> ഫിഷ്പോണ്ടിൻെറ കാര്യം എന്തായി എന്നറിഞ്ഞാൽ കൊള്ളാം.

ശ്രീ. ടി. കെ. നാരായണപിള്ള: ഫിഷ്പോണ്ട് അനുവദിച്ചിട്ടുണ്ട്. അതു പ്രവൎത്തനം തുടങ്ങിയിട്ടില്ല.

പണം ചിലവാക്കിയാൽ കൂടുതൽ ആദായം ആ സ്ഥലത്തുനിന്നും കിട്ടുമെന്നു് ഗവൺമെൻറിനു ബോദ്ധ്യമാകുന്നപക്ഷം പണം ചിലവാക്കാൻ ഗവൺമെൻറ് സന്നദ്ധമാണു്. സഹകരണസംഘത്തിനു കൊടുത്തുകൂടെന്നു ഗവൺമെൻറിനു് അഭിപ്രായമില്ല. ആ സഹകരണസംഘം സാധാരണക്കാരുടേതാണെന്നും ൨൫൭ അംഗങ്ങളാണു് അതിൽ ഉള്ളതെന്നും അക്കൂട്ടത്തിൽ പണക്കാരാരും ഇല്ലെന്നും ഈ സ്ഥലം കൊടുക്കുന്നപക്ഷം കളക്റ്റീവ് ഫാമിങ് സമ്പ്രദായത്തിൽ കൃഷി നടത്താൻ സാധിക്കുന്നതാണെന്നും മററും അവരുടെ അപേക്ഷയിൽ പറഞ്ഞിട്ടുണ്ടു്. ഏതായാലും എക്സിക്യൂട്ടീവ് എഞ്ചിനീയരുടെ റിപ്പോർട്ടുവന്നതിനുശേഷം ഇതിനെ സംബന്ധിച്ചു വേണ്ട നടപടികൾ ജാഗ്രതയായി നടത്താൻ ഗവൺമെൻറ് തയ്യാറാണു്.

Sri. M. I. Paul. One question.

Mr. Deputy Speaker. The mover can only make a short statement. No questions are allowed.

The House adjourned at 4-46 P. M. to meet again at 11. A. M. on Thursday the 29th March 1951.

V. KRISHNAMOORTHI AIYAR

Secretary to the Legislative Assembly